അരുണ

ആഗസ്റ്റ്
952.

ARUNA

4ണ.



[മുകളിൽ] ശ്രീ. കെ. സി. പത്മനാഭനും ശ്രീ. പാലക്കത്തൊട്ടി അപ്പുട്ടിയുടെ മകൾ ശ്രീമതി ശാരദയും. ഇവർതമ്മിലുള്ള വിവാഹം മെയ് 25-ാം തീയതി കോഴിക്കോട്ട് ശ്രീകണ്ഠേശ്വരക്ഷേത്രത്തിൽവച്ച് ആഘോഷിച്ചു.

[ഇടത്തുവശം] കുമാരി രാജലക്ഷ്മി അയിഷയുടെ വേഷത്തിൽ. കോഴിക്കോട്ട് മുനിസിപ്പാലിററി നടത്തിയ പ്രദർശനത്തിൽ ഒന്നാംസമ്മാനം നേടി.

[വലത്തുവശം] കോഴിക്കോട്ടു കലാസമിതി നൃത്തക്ലാസ്സിലെ വിദ്യാർത്ഥി ജയരാജ് "മരണത്തിൻെറ മാളത്തിൽ" എന്ന നൃത്തത്തിൽ.

[ചുവട്ടിൽ] ശ്രീ. ററി. എം. വിനോദും ശ്രീ. പ്രകാശും. കോഴിക്കോട്ട് ബസൻറ് സ്കൗട്ടിലെ അംഗങ്ങൾ.

TRADE MARK

K.K.

Regd: No. 139552

തേയില

കെ. കെ. & കമ്പനി,
കോട്ടയം.

★ **Phone:271.**

വിഷയവിവരം

പേജ്

1. കൈക്കൂലി വാങ്ങുന്ന ഭർത്താവിനെ ബോയിക്കോട്ടു ചെയ്യണം 3
2. ഗർഭശിശു വികാരമില്ലാത്ത മാംസപിണ്ഡമല്ല—
ലീലാമ്മ കുര്യൻ എൽ. എം. എസ്. 4
3. അൻ 5
4. കൊല്ലാക്കൊല (ചെറുകഥ) —പി. ഒ. 6
5. എന്റെ അത്യാനന്ദപ്രദങ്ങളായ നിമിഷങ്ങൾ—കെല്ലർ 9
6. അമ്മയും അച്ഛനും (ചെറുകഥ)—മുൽക്ക്‌രാജ്‌ആനന്ദ് 12
7. സിനിമയുടെ ജനനകാലം മുതൽ ഇന്നു വരെ—
കൊട്ടപ്പുറന്ന ഗോവിന്ദഗണകൻ 16
8. സ്ത്രീധർമ്മങ്ങൾ—ശിരോമണി ദേശമംഗലത്തു രാമവാര്യർ 24
9. അരുണബാലമണ്ഡലം 27
10 നീന്തൽ—ഒരു വിനോദം—ഒരു മഹാവിദ്യ—വി. ഭാരതി 30
11. വിഷമംപിടിച്ച ചോദ്യങ്ങൾ—ഡോ. കമലം 31
12. വികൃതിയുടെ വിളയാട്ടം—മാടശ്ശേരിൽ മാധവവാര്യർ 33
13. വെള്ളബ്ളൗസ് (ചെറുകഥ)—ഹേമലത 35
14. അടുക്കളയിൽ 36

മുഖചിത്രം—കുമാരിതങ്കം

Miss T. R. Rajakumari, the glamerous star of the silver screen says:-

"I have used President Vegetable Hair oil and found it to be a good hair tonic. It not only grows abundant hair but also cools the system."

T. R. Rajakumari

THE COMMERCIAL RICE MILL, Kokkalai-Trichur

കമ്മേർസിയൽ റൈസ് മിൽ * തൃശ്ശൂർ

Phone: 102 Tel: CIARYEM

ആരോഗ്യത്തിനു പ്രധാനം സുഖനിദ്രയാണ്.
കലപ്പില്ലാത്ത ആട്ടമാക്ക് നല്ലെണ്ണ ഉപയോഗിപ്പിൻ
പ്രസിദ്ധിനേടിയ ഉഴുന്നമാവ്, കറാച്ചിപപ്പടക്കാരം
കീർത്തിപെട്ട കന്നുകാലി ആഹാരം ഇവ മില്ലിലും
മില്ലുകാർ ഏർപ്പെടുത്തിയ കച്ചവടക്കാർ പക്കലും
അഞ്ചുവിളക്കിന്നടുത്ത് ഞങ്ങളുടെ ഡെപ്പോവിലും
മൊത്തമായും ചില്ലറയായും കിട്ടുന്നതാണ്.
ട്രേഡ് മാർക്ക് നോക്കി വാങ്ങുവിൻ.

ചന്ദ്രിക
ഔഷധസോപ്പ്

ചൊറി, ചിരങ്ങ്,
കാർചുണങ്ങ്,
മുഖക്കുരു,
ത്വക്‌രോഗങ്ങൾ
മുതലായവയെ
മാറ്റുന്നു.

A S.V.A. PRODUCT
SIDHAVAIDYASRAMAM
IRINJALAKUDA

അരുണ

ഗാർഹികമാസിക

എഡിററർ മിസ്സിസ് ഏ. വി. കളത്തിൽ, മാനേജിങ്ങ് എഡിററർ വറുഗീസ് കളത്തിൽ എം. ഏ.

പുസ്തകം 3. | ഓണം വിശേഷാൽപ്രതി | ലക്കം 6 ആഗസ്റ്റ് 1952

കൈക്കൂലി വാങ്ങുന്ന ഭർത്താവിനെ ബോയിക്കോട്ട ചെയ്യണം

സ്ത്രീകൾ കുറുവടി എടുക്കുന്ന പക്ഷം കൈക്കൂലിയും അഴിമതിയും കുറയും

ബീഗം അയിസാസ് റസൂൽ കൗൺസിൽ ഓഫ് സ്റ്റേററ്സിൽ ചെയ്ത പ്രസംഗം

ബീഗം അയിസാസ് റസൂൽ ഒന്നാമത്തെ പാർലമെൻറിലും കോൺസ്റ്റിററ്യൂമെൻറ് അസംബ്ളിയിലും തൻെറ വാഗ്ധോരണിയാൽ പൊതുജനശ്രദ്ധയെ ആകർഷിച്ചിട്ടുള്ള ഒരു സ്ത്രീയാണ്. കൗൺസിൽ ഓഫ് സ്റ്റേററ്സിലേക്കു കോൺഗ്രസ്സ് ടിക്കററിൽ അവർ യു. പി. യിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ടു. "സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ സത്യസന്ധകളാണ്" എന്നു ബീഗം ആയിഷാ ഈയിടെ കൗൺസിൽ ഓഫ് സ്റ്റേററ്സിൽ അഭിമാനപുരസ്സരം പ്രസ്താവിക്കുകയുണ്ടായി. കൈക്കൂലി നിരോധനബില്ലിനെപ്പററിയുള്ള വാദപ്രതിവാദവേളയിലാണ് അവർ ഈ അഭിപ്രായം പുറപ്പെടുവിച്ചതു്. അവർ ഇപ്രകാരം വിശദീകരിച്ചു.

"ഒരു പക്ഷേ അതിനു കാരണം പുരുഷൻെറ ജീവിതത്തിലെന്നപോലെ സ്ത്രീയുടെ ജീവിതത്തിൽ പ്രേരണകൾ അധികമില്ലാത്തതുകൊണ്ടായിരിക്കാം. കാരണം എന്തുമാകട്ടെ. പുരുഷന്മാരേക്കാൾ കൂടുതൽ സത്യസന്ധകൾ സ്ത്രീകളാണെന്നുള്ള കാര്യത്തിൽ സംശയമില്ല. അ

തിനാൽ ഭർത്താക്കന്മാരും മക്കളും തങ്ങളുടെ ശമ്പളത്തിനു പുറമേ നിയമവിരുദ്ധമായ വിധത്തിൽ നേടിയ പണവുമായി വീടുകളിൽ വരുമ്പോൾ അവരെ ബോയിക്കോട്ടു ചെയ്യേണ്ട ചുമതല സ്ത്രീകളുടേതാണ്. സ്ത്രീകൾ കുറുവടി എടുക്കുന്ന പക്ഷം കൈക്കൂലിയും അഴിമതിയും വളരെയധികം കുറയും.

പിന്നീടു പ്രസംഗിച്ച ഡോ. പി. സി. മിശ്ര (കോൺഗ്രസ്—ബീഹാർ) ബീഗം അയിസാസ് റസൂലിനു ചുട്ട മറുപടി സമ്മാനിച്ചു. "കൈക്കൂലി വാങ്ങുന്നതിനു് പുരുഷന്മാരെ നിർബന്ധിതരാക്കുന്നതു് അവരുടെ ഭാര്യമാരാണ്. സ്ത്രീകളുടെ ആഗ്രഹങ്ങൾക്കു് അതിരില്ല. ആ ആഗ്രഹങ്ങൾ ശമിപ്പിക്കാത്ത ഭർത്താക്കന്മാർക്കു് വീട്ടിൽ സ്വൈരവുമുണ്ടാകയില്ല. അപ്പോൾ തങ്ങൾക്കു കിട്ടുന്ന ശമ്പളം ചെലവിനു തികയാതെ വരികയും ഭർത്താക്കന്മാർ കൈക്കൂലി വാങ്ങുവാൻ പ്രേരിതരാവുകയുമാണു ചെയ്യുന്നതു്. ചുരുക്കത്തിൽ പുരുഷന്മാർ കൈക്കൂലി വാങ്ങുന്നതിനുള്ള ഉത്തരവാദിത്വം സ്ത്രീകൾക്കാണ്".

ഗർഭശിശു വികാരമില്ലാത്ത മാംസപിണ്ഡമല്ല

(തിരുപ്പത്തൂർ സ്വീഡിഷ് മിഷ്യൻ ആസ്പത്രിയിൽ പ്രശംസനീയമായ രീതിയിൽ സേവനമനുഷ്ഠിച്ചു വരുന്ന ഒരു വനിതയാണ് ലേഖനകർത്ത്രി. ശാസ്ത്രതത്വപരമായ അറിവും ചികിത്സാ പരിചയത്തിൽ നിന്നുള്ള പ്രായോഗിക ജ്ഞാനവും നേടിയിട്ടുള്ള ഇവരുടെ ലേഖനം അമ്മമാർ ശ്രദ്ധിച്ചു വായിക്കുമല്ലോ.)

ഗർഭശിശുവിനു സ്വമാതാവിന്റെയും, ബഹിർലോകത്തിന്റെയും, സുഖാസുഖങ്ങൾ ഗ്രഹിക്കുവാനും തജ്ജന്യമായ വികാരങ്ങളെ പ്രദർശിപ്പിക്കുവാനും ശക്തിയുണ്ടോ? അതിനു കേൾക്കാമോ, ചിന്തിക്കാമോ ഗ്രഹിക്കാമോ എന്നുള്ള ചോദ്യങ്ങൾക്കു മറുപടി തരാൻ ഇന്നു വൈദ്യശാസ്ത്രത്തിനു കഴിവു വന്നിരിക്കുന്നു. ഗർഭത്തിൽ ഉരുവാകുന്ന നാൾ മുതൽ അതിന്റെ ആകൃതി, വലിപ്പം, ഹൃദയസ്പന്ദനം മുതലായവയെപ്പററി മാത്രമേ ഇതഃപര്യന്തം ഗ്രഹിച്ചിരുന്നുള്ളു. എന്നാൽ അമേരിക്കയിലെ ചില ഡോക്ടറന്മാരുടെ ഗവേഷണം മൂലമായി ഗർഭശിശു അസാധാരണമായ ശബ്ദംമൂലം മാതാവിന്റെ വയററിൽ തുടിക്കുമെന്നും തുടർച്ചയായി അനുഭവപ്പെടുന്ന ശബ്ദങ്ങളെ അതു് അർത്ഥമില്ലാത്തതായി അവഗണിക്കുമെന്നും കണ്ടുപിടിച്ചിരിക്കുന്നു.

ഭയാനകമായ കാഴ്ച, ശബ്ദം, ഹൃദയവേദന ജനിപ്പിക്കുന്ന അനുഭവങ്ങൾ മുതലായവ ഗർഭമുള്ള സ്ത്രീകൾക്കുണ്ടായാൽ ശിശുക്കൾ രോഗികളായും ശരിയായ തൂക്കമില്ലാത്തവരായും ഈർഷ്യയുള്ളവരായും ദഹനേന്ദ്രിയങ്ങൾക്കു ശക്തിയില്ലാത്തവരായുംതീരുമെന്ന് ഈ ഗവേഷകന്മാർ കണ്ടുപിടിച്ചിരിക്കുന്നു.

ഇതല്ലേ നമ്മുടെ വൃദ്ധകൾ സന്ധ്യാസമയത്തു ഗർഭമുള്ള സ്ത്രീകൾ മുററത്തു പോലും തനിയെ ഇറങ്ങരുതെന്നു വിരോധിക്കുന്നതു്.

പ്രാണവായു മാതാവിനു തന്നെയല്ല ഗർഭശിശുവിനും അത്യന്താപേക്ഷിതമാണു്. അതു കിട്ടാതെ വന്നാൽ സർവജീവിയും അല്പനിമിഷത്തിനകം മരിക്കുന്നു. അതു ശരിയായ തോതിൽ കിട്ടാതെ വന്നാൽ രക്തം വിഷസങ്കലിതമാകും, ശരീരത്തിലുള്ള ചെറിയ അറകൾ നശിക്കും എന്നാണല്ലോ വൈദ്യശാസ്ത്രം പറയുന്നതു്. ശിശു നേരിട്ടു പ്രാണവായുവിനെ ഉൾക്കൊള്ളുന്നില്ല എങ്കിലും അതു മാതാവിന്റെ രക്തത്തിൽ ലയിച്ചു ശിശുവിനെ ആവരണം ചെയ്യുന്ന മറുപിള്ളയിൽ കൂടെയാണു ശിശുവിൽ പ്രവേശിക്കുന്നതു്.

ഡോ. ലീലാമ്മ കുര്യൻ എൽ. എം. എസ്.

കാസരോഗം മുതലായി ശ്വാസകോശത്തിനു ഹാനി തട്ടുന്ന രോഗമുള്ള ഒരു മാതാവിനു പ്രാണവായുവിനെ ശരിയായ തോതിൽ ഉൾക്കൊള്ളുന്നതിനു പ്രാപ്തിയില്ലാതെ വരുന്നതു സഹജമാണല്ലോ. ഇങ്ങനെ വന്നാൽ ഗർഭശിശുവിന്റെ നാഡിഞരമ്പുകൾക്കു ക്ഷീണം തട്ടുമെന്നും ജീവിതത്തിൽ ഉണ്ടാവുന്ന വിഷമഘട്ടങ്ങളെ തരണം ചെയ്യുന്നതിനു് അതിനു പ്രാപ്തിയില്ലാതെ വരുമെന്നും ഡോക്ടറന്മാർ പറയുന്നു. ഇതേപ്രകാരം ഈ കാരണത്താൽ തലച്ചോറിനും കേടു തട്ടുമത്രെ. അതിയായി ശക്തിയുള്ള വികാരങ്ങൾക്കു മാതാവു വിധേയമായാൽ ശിശുവിനെ വളർത്തുന്ന ഹോർമോൺസ്സിന്റെ അളവിനുപോലും വ്യത്യാസം വരുന്നു.

ഇതിൽ നിന്നു നാം ധരിക്കേണ്ടതു ശിശുവിന്റെ ഗർഭാശയത്തിലെ 10 മാസം അതിന്റെ അനന്തര ജീവിതത്തേയും അതിന്റെ ദിനചര്യയേയും മരണംവരെയും അതു 100 വർഷംവരെയായാലും ബാധിക്കുമെന്നാണല്ലോ.

ഈ വിധമെങ്കിൽ മാതാപിതാക്കന്മാരുടെ ചുമതല ശതഗുണീഭവിക്കുകയാണു ചെയ്യുന്നതു്. ഭാവി തലമുറയുടെ സുഖാസുഖങ്ങളെ സ്ഥായിയായി നിയന്ത്രിക്കുന്നതിനു ശക്തിയുള്ള ജീവികളെയാണു മാതാപിതാക്കന്മാരുടെ ഹസ്തങ്ങളിൽ നിയതി ഭരമേല്പിച്ചിരിക്കുന്നതു് എന്നും ആ ചുമതല നിർവഹിക്കുന്നതിനു് എല്ലാവിധ

ആൻ

നടീനടന്മാർ

ദിലീപ്കുമാർ, നിമ്മി, നദീരാ, പ്രേംനാഥ്, മീലാനായക്, മുക്രി, മുറാദ്, നീലാംബായി, കുക്കു മുതലായവർ.

ഡയറക്ഷൻ

മെഹബൂബ്

സംഗീതം

നൗഷാദ്

കഥ

ആർ. എസ്. ചൗധരി

ഫോട്ടോഗ്രാഫി

ഫർഡൂൺ എ. ഇറാണി

ഡയലോഗ് (തമിഴ്)

ബി. എസ്. രാമയ്യാ

ഗാനരചന (തമിഴ്)

കമ്പദാസൻ

ആൻ എന്ന ചിത്രത്തിൽ

(മുകളിൽ)

ദിലീപ്കുമാർ.

വലതുവശം

നദീരയും ദിലീപ്കുമാറും.



"ആൻ"
എന്ന ചിത്രത്തിൽ
ഒരു പ്രധാനഭാഗം
വഹിക്കുന്ന
പ്രേമ്നാഥ്.

മിസ്സ് കുമാരി

സത്യൻ ആത്മസഖിയിൽ

മധുരമനോഹരമായ ഒരു അത്ഭുത കലാസൃഷ്ടി

— ആൻ —

ഇൻഡ്യയിൽ ആദ്യമായി നിർമ്മിക്കപ്പെട്ട ബഹുവർണ്ണചിത്രമാണ് ആൻ. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ മൂന്നു ഭാഷകളിൽ ഈ ചിത്രം ഇതിനകം നിർമ്മിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ലണ്ടൻ ടൈംസ്, മാൻചസ്റ്റർ ഗിർഡിയൻ തുടങ്ങിയ പേരുകേട്ട എല്ലാ ഇംഗ്ലീഷ് പത്രങ്ങളും ഈ ചിത്രത്തെ മുക്തകണ്ഠം പ്രശംസിച്ചിരിക്കുന്നു. പ്രേക്ഷകരുടെ കണ്ണഞ്ചിക്കുന്ന വർണ്ണപ്പകിട്ട്, വിസ്മയാധീനമാക്കുന്ന രംഗസംവിധാനങ്ങൾ, മധുരമഞ്ജുളമായ ഗാനങ്ങൾ, ഒന്നാംതരം ഡാൻസുകൾ ഇവയെല്ലാംകൂടി ഈ ചിത്രത്തെ ഒരത്ഭുതകലാസൃഷ്ടിയാക്കിത്തീർത്തിരിക്കുന്നു.

കഥാസാരം

പ്രജാക്ഷേമതല്പരനായിരുന്ന റാംബാ എന്ന ദേശത്തെ രാജാവു നടത്തിയ ഒരു ടൂർണ്ണമെൻറിൽ വച്ച് അഹങ്കാരിയും സുന്ദരിയുമായ രാജാവിൻെറ സഹോദരി രാജശ്രീ (നദീരാ)യുടെ ഒരു മരുങ്ങാത്ത കുതിരയെ കീഴടക്കുവാനുള്ള വെല്ലുവിളി ഒരു കർഷകനേതാവായ ജയ്തിലക് (ദിലീപ് കുമാർ) സ്വീകരിക്കുകയും തുടർന്നു നടന്ന ബലപരീക്ഷയിൽ അയാൾ വിജയം വരിക്കുകയും ചെയ്തു. പാരിതോഷികമായി രാജകുമാരിയെ വിവാഹം ചെയ്യാമായിരുന്നെങ്കിലും അയാൾ ആഗ്രഹിച്ചതു് രാജശ്രീയുടെ കീഴടക്കപ്പെട്ട കുതിരയെത്തന്നെയായിരുന്നു.

ഇതൊരധികാരമായി കരുതിയ രാജസഹോദരൻ ഷാംഷർസിങ്ങ് (പ്രേംനാഥ്) ജയ്തിലകിനെ ഒരു വാൾപയററിനു ക്ഷണിച്ചു. തുടർന്നു നടന്ന ദ്വന്ദയുദ്ധത്തിൽ ഷാംഷർസിങ്ങു പരാജയപ്പെട്ടെങ്കിലും, പെട്ടെന്നു് ലാക്കുതെററിയ ജയ്തിലകിൻെറ ഖഡ്ഗം മുറിക്കപ്പെടുകയും അദ്ദേഹത്തിൻെറ എതിരാളി വിജയഭേരി മുഴക്കുകയും ചെയ്തു.

ജയ്തിലകിനെ പ്രേമിച്ചിരുന്ന മംഗള (നിമ്മി) നീതിക്കുവേണ്ടി രാജാവിനോടു അപേക്ഷിക്കയാൽ, രാജശ്രീയുടെ കുതിരയെ തിലകിനു ലഭിക്കയും, വാൾപയററിൻെറ ഫലപ്രഖ്യാപനം മറെറാരവസരത്തിലേക്കു മാററിവയ്ക്കുകയും ചെയ്തു.

പക്ഷെ അന്നു രാത്രിതന്നെ രാജാവിനെ കൊലപ്പെടുത്താനുള്ള ശ്രമവും ആരംഭിച്ചു. വിശ്വസ്തനായ ഒരു രാജഭൃത്യൻ സ്വയം മരണം വരിച്ച് രാജാവിനെ രക്ഷപ്പെടുത്തി. അദ്ദേഹം അന്നുമുതൽ ഒളിവിൽ പാർക്കാൻ തീരുമാനിക്കയാണുണ്ടായതു്.

കുടിലനായ ഷാംഷർസിങ്ങ് രാജാവായി സ്വയം പ്രഖ്യാപനം ചെയ്തു. ഒരിക്കൽ രാജശ്രീയും ജയ്തിലകും ഒരു ഗ്രാമത്തിൽവച്ചു കൂട്ടിമുട്ടി. രാജകുമാരിക്കു ശുണ്ഠി പിടിക്കയും ജയ് കൊണ്ടുവന്ന രാജകുമാരിയുടെ പഴയ കുതിരപ്പുറത്തു് അവൾ കടന്നുകളയുകയും ചെയ്തു. അവളെ അനുധാവനം ചെയ്തു കൊട്ടാരത്തിലെത്തിയ ജയ്തിലകിനെ കാവൽക്കാർ പിടിച്ചുകെട്ടി. പരിഭ്രാന്തനാകാതെ അയാൾ പാടാൻ തുടങ്ങി. പ്രേമം ഉള്ളിലൊതുക്കി നിർത്താൻ കഴിയാഞ്ഞ രാജകുമാരി പ്രേമാഭ്യർത്ഥനയുമായി ജയ്‌യെ സമീപിച്ചു. ഹോളി ഉത്സവാവസരത്തിൽ ജയ്‌യും കൂട്ടുകാരനുംകൂടി രാജശ്രീയുടെ അന്തഃപുരത്തിൽകടന്നു് ചായം കലർത്തിയ വെള്ളത്തിൽ അവളെ കുളിപ്പിച്ചുകളഞ്ഞു. വീണ്ടും അയാൾ ബന്ധനസ്ഥനാക്കപ്പെട്ടെങ്കിലും അത്ഭുതകരമായ രീതിയിൽ രക്ഷപ്പെട്ടു. അപമാനഭാരവുമായി നഗരവീഥിയിൽനിന്നു കൊട്ടാരത്തിലേക്കു മടങ്ങിയ രാജശ്രീയെ അവിടെ കൊണ്ടു ചെന്നാക്കിയതു രക്ഷപ്പെട്ട ജെയ് തന്നെയായിരുന്നു. പക്ഷെ തൻെറ അഭിമാനം രക്ഷിക്കുവാൻവേണ്ടി അയാളെ കൊല്ലുവാൻതന്നെ അവൾ തീരുമാനിച്ചു. തിലകിനെ ഒരു വൃക്ഷത്തിൽ അവൾ പിടിച്ചുകെട്ടിച്ചു.

മംഗളയെ പാട്ടിലാക്കാൻ ഷാംഷർസിങ്ങ് നടത്തിയ പരിശ്രമങ്ങളെല്ലാം പരാജയപ്പെട്ടപ്പോൾ,

---

യോഗ്യതകളും മാതാപിതാക്കൾക്കുണ്ടായിരിക്കണമെന്നുമാണ്.

മദോന്മത്തനായ ഒരു ഭർത്താവു ഗർഭിണിയായ തൻെറ ഭാര്യയെ ഭയപ്പെടുത്തുമ്പോൾ ആ ഗർഭശിശുവിനോടും ഭാവിതലമുറയോടും കടും കൈയ് പ്രവർത്തിക്കുകയാണെന്നു ധരിച്ചാൽ കൊള്ളാം.

കൊല്ലാക്കൊല

വി. ഒ.

"ഡ്റൈവെർ! എത്ര മണിക്കാണ് എറണാകുളത്തുനിന്നു മദ്രാസിനുള്ള തീവണ്ടി ആലുവായിലെത്തുന്നതു്?

"ഉച്ചകഴിഞ്ഞു രണ്ടരമണിക്കു്"

"ഇപ്പോൾ മണി ഒന്നരയല്ലേ ആയിട്ടുള്ളു. അപ്പോൾ നമുക്കു് ധാരാളം സമയമുണ്ടു്, അല്ലേ? എങ്കിലും കാർ നല്ല സ്പീഡിൽ വിട്ടോളൂ. ആലുവായിൽ ചെന്നു് ഊണു കഴിക്കണം.

ആ പുതിയ "പോണ്ടിയാക്ക്" കാർ ഉച്ചവെയിലിൽ വെട്ടിത്തിളങ്ങി മുന്നോട്ടു മിന്നിപ്പാഞ്ഞു. ക്ഷണനേരംകൊണ്ടു അനേകം മൈൽ ദൂരം പിന്നിട്ടു.

അന്നത്തെ തീവണ്ടിയിൽ മദ്രാസിനു പോകാൻ പുറപ്പെട്ടിരിക്കുകയാണ്. പിറ്റെ ദിവസം രാവിലെ അവർക്കു മദ്രാസിലെത്തണം. യാത്ര ഒരു ദിവസം തെറ്റിയാൽ കുറഞ്ഞതു് നാലഞ്ചു ലക്ഷം രൂപായുടെ നഷ്ടം ഉണ്ടാകും.

"വണ്ടി വിട്ടോളൂ, വിട്ടോളൂ" എന്നു് ആ യാത്രക്കാരിൽ പ്രധാനി തന്റെ ഡ്റൈവർക്കു നിർദ്ദേശം നൽകിയ ശേഷം കാർഷതാനും വാരക്കൂടി മുന്നോട്ടോടിയപ്പോൾ, "കിശ്-ശ്-ശ്-ശ്-" പിൻവശത്തെ ഒരു വീലിന്റെ ട്യൂബിൽ നിറച്ചിരുന്ന കാറ്റു് അങ്ങുപോയി.

"എടാ, ഗൃഹപ്പിഴേ, പറഞ്ഞതിനു മുമ്പു പാറിയല്ലോ"

"അതു സാരമില്ല, സ്റ്റെപ്പിനിയുണ്ടു്. ഇപ്പോൾ ഫിറ്റു ചെയ്തു ശരിപ്പെടുത്താം."

ഡ്റൈവർ യജമാനന്മാരെ സമാശ്വസിപ്പിച്ചു.

കാർ നിറുത്തിയതു സാമാന്യം പരിഷ്കൃതരീതിയിൽ പണികഴിപ്പിച്ചിരിക്കുന്ന ഒരു ബംഗ്ലാവിന്റെ മുൻവശത്താണ്.

അതു കണ്ടു ഗൃഹനായകൻ ഇറങ്ങി വന്നു. ഒരു അറുപതു വയസ്സു പ്രായം തോന്നിക്കുന്ന ഒരു വൃദ്ധസുമുഖൻ. ഒരു വെള്ളത്തുവർത്തുകൊണ്ടു മാറിടം മറച്ചിട്ടുണ്ടു്. ഗേറ്റുകൾ വന്നപ്പോൾ, താൻ ഉദ്യോഗത്തിലിരുന്ന കാലത്തു ധാരാളം പരിചയമുള്ള രണ്ടു മാന്യ സുഹൃത്തുക്കളാണെന്നു കണ്ടു ചിരിച്ചുകൊണ്ടു അടുത്തുവന്നു കുശലപ്രശ്നങ്ങൾ ആരംഭിച്ചു.

"ഡ്റൈവർ "വീൽ" മാറിയിട്ടുമ്പോഴേക്കു് എന്തിനു ഈ നടു റോഡിൽ ഇങ്ങനെ വെയിലത്തു നിൽക്കുന്നു.

"വീൽ" മാറിയിടാൻ, എങ്ങനെ

അവളെ സിംഹങ്ങളുടെ ഇടയിലേക്കു വലിച്ചെറിയുവാനാണു അയാൾ ആജ്ഞ നൽകിയതു്. അവളെ രക്ഷിക്കാൻ അവിടെ പാഞ്ഞെത്തിയ ജയ് വീണ്ടും ബന്ധനസ്ഥനാക്കപ്പെട്ടു. ഷാംഷേർസിങ്ങിനെ മംഗള വിവാഹം ചെയ്യാമെന്നുള്ള വ്യവസ്ഥയിൽ ജയ്‌യെ മോചിപ്പിച്ചു. അയാൾ രക്ഷപെട്ടു പൊതുനിരത്തിലെത്തിയപ്പോൾ കൊട്ടാരത്തിന്റെ ഉന്നതശൃംഗത്തിൽ നിന്നു മംഗള അയാളുടെ മുൻപിൽ വീണു മരിച്ചു. കൊട്ടാരത്തിൽ വച്ചു തുടർന്നുണ്ടായ യുദ്ധത്തിൽ ജയ് ഷംഷേർസിങ്ങിനെ മുറിവേൽപ്പിച്ചു.

രോഷാകുലനായ ആ വില്ലൻ ജയ്തിലകിന്റെ വംശത്തിനെതിരായി ഒരു യുദ്ധപ്രഖ്യാപനം തന്നെ ചെയ്തു. ജയ് ഒളിവിൽ താമസിക്കാൻ നിർബന്ധിതനായെങ്കിലും തക്ക സമയത്തു പ്രത്യക്ഷപ്പെട്ട രാജാവിന്റെ ജീവനെ രക്ഷിച്ചു. തുടർന്നുണ്ടായ അതിഭയങ്കരമായ ദ്വന്ദയുദ്ധത്തിൽ ഷാംഷേർ വധിക്കപ്പെട്ടു.

ഈ ചിത്രത്തിന്റെ ചില പ്രത്യേകതകൾ

സുപ്രസിദ്ധ ഹിന്ദി ഡയറക്ടർ മി. മെഹബൂബാണ് ഈ ചിത്രത്തിന്റെ നിർമ്മാതാവും സംവിധായകനും. കഥ പൂർത്തിയാക്കുവാൻതന്നെ മി. ആർ. എസ്. ചൗധരിക്കും മെഹബൂബിനും കൂടി ഒരു വർഷം വേണ്ടിവന്നു. ഈ ചിത്രത്തിന്റെ കളർ പതിപ്പു് തയാറാക്കിയതു് ലണ്ടനിലാണ്. പേരുകേട്ട ക്യാമറാമാനായ മി. ഫെഡറൂൺ ഇറാണിയുടെ കലാവൈദഗ്ദ്ധ്യം ഈ ചിത്രത്തിന്റെ മാറ്റുകൂട്ടുന്നു. ഇതിലെ സെറ്റിങ്ങുകൾ അൽഭുതാവഹമാണ്. ഷാംഷേർസിങ്ങിന്റെ മർദ്ദനത്തെ ഭയന്നു ഹരാവർഗ്ഗം മുഴുവൻ നാടുവിട്ടുപോകുന്ന ഒരു രംഗത്തിൽ ഒട്ടകങ്ങൾ, കുതിരകൾ മുതലായ ആയിരത്തിലധികം മൃഗങ്ങളെ ഉപയോഗിച്ചിട്ടുണ്ടെന്നു പറയുമ്പോൾ എത്ര ഭീമമായ നിലയിലാണ് ഈ ചിത്രം നിർമ്മിച്ചിരിക്കുന്നതെന്നു ഊഹിക്കാമല്ലോ ഈ ചിത്രത്തിന്റെ നിർമ്മാണച്ചെലവു 50 ലക്ഷം രൂപയാണു പോലും.

യായാലും അരമണിക്കൂർ പിടിക്കും. വരൂ, വീട്ടിൽ കയറിയിരുന്ന് അല്പം മിനിററു വിശ്രമിച്ചുപോകാം.

യാത്രക്കാരിലൊരാൾ: ഇന്നു ഞങ്ങൾ സ്വല്പം ധൃതിയിലാണ്. ഞങ്ങൾ മടങ്ങി വരുമ്പോൾ ഇവിടെക്കയറി അങ്ങയെ കണ്ടിട്ടേ പോവുകയുള്ളു.”

ഗൃഹനായകൻ:- “ഛെയ്, എങ്കിലും അങ്ങനെയല്ലല്ലൊ, വരൂ, ഒന്നു കയറിയിട്ടുപോകണം. താമസമെന്തിന്? ഇവിടെയാരും നിങ്ങളെ സദ്യയൂട്ടാനും മററും പോകുന്നില്ല. ഡ്രൈവർ കാറിന്റെ വീൽ മാററിയിടുമ്പഴേക്കു നമുക്ക് ഇങ്ങിറങ്ങി വരരുതോ? വരണം മിസ്റ്റർ, വരൂ.”

ആ പെൻഷൻഡുദ്യോഗസ്ഥനോടുള്ള ലോഹ്യം മാത്രം കരുതി മനസ്സില്ലാമനസ്സോടെ എങ്കിലും അദ്ദേഹത്തോടൊരുമിച്ചു അവർ ബംഗ്ലാവിലേക്കു നടന്നു.

ചെന്നു കയറുന്നിടത്തു കിടന്ന ഒരു വട്ടമേശയിൽ വിരിച്ചിരുന്ന വിരിപ്പുതുണിയുടെ മധ്യത്തിൽ WELCOME എന്ന ഇംഗ്ലീഷക്ഷരങ്ങൾ ആരോ തയ്യൽ പഠിക്കുന്ന കൊച്ചുകുട്ടികൾ കോട്ടിമാട്ടി തയ്ച്ചു പിടിപ്പിച്ചു വച്ചിട്ടുണ്ട്. കസേരകളിലിട്ടിരിക്കുന്ന വെൽവെററുമെത്തകളിലും ഇത്തരം തുന്നൽപണികൾ കുറെ കാണാനുണ്ട്. ചെന്നുകയറിയ ഉടൻ മൂപ്പിലെ ഭാര്യയെ വിളിച്ചു്:- കേട്ടോ, ഇതാരാ വന്നിരിക്കുന്നതെന്നു കണ്ടില്ലേ! ഇവരീവഴി പലപ്പോഴും അങ്ങോട്ടുമിങ്ങോട്ടും പോയാലും ഇവിടെ കയറാറില്ല. ഇന്നു ഇപററി. കാറിനു കേടായിപ്പോയി. വേഗം കുറെ ഒവൽടിൻ തയ്യാറാക്കിക്കൊണ്ടുവരൂ.”

ഭാര്യ, ഉടനെ, ഒരു ടിൻ ഓവൽടിൻ വാങ്ങിക്കൊണ്ടു വരാനായി വേലക്കാരൻ ശങ്കുവിനെ വീട്ടിന്റെ പുറകുവശത്തുകൂടെ അങ്ങാടിയിലേക്കോടിച്ചു. അങ്ങാടിയിലേക്കു സുമാർ ഒന്നര മൈൽ ദൂരമുണ്ട്.

പിന്നീടദ്ദേഹം ആ WELCOME-ലേക്കു അതിഥികളുടെ ശ്രദ്ധയെ ക്ഷണിച്ചു.

“ഇതു് എന്റെ മകൾ പൊന്നമ്മയുടെ തയ്യലാണ്. അവൾ മൂന്നാം ക്ലാസ്സിലൊ മറെറാ പഠിക്കുമ്പോൾ തയ്ച്ചതാണിതു്. തയ്യലിനു് എന്തൊരു കൈവാസനയാണെന്നറിയാമോ? മോളേ! ഇന്നാൽ നീ തയ്ച്ച ആ ചിത്രത്തയ്യൽ ഇങ്ങോട്ടു എടുത്തു കൊണ്ടുവരൂ.”

പത്തുപതിമ്മൂന്നു വയസ്സുംമുള്ള ഒരു പാവാടക്കാരി പെൺകുട്ടി ഒരു പൂക്കുട്ട നിറയെ തയ്യൽ പഴന്തുണികൾ അവിടെ കൊണ്ടുവന്നുനിരത്തി. വൃദ്ധൻ അതിലോരോന്നും വെവ്വേറെയെടുത്തു നിവത്തു അതിഥികളെ കാണിച്ചു്, അതിന്റെ പൂർവ്വചരിത്രം വിവരിക്കാൻ തുടങ്ങി. അതിഥികൾ ഇടയ്ക്കിടെ വാച്ചു നോക്കുന്നുണ്ട്.

ഇവളുടെ മൂത്ത കുട്ടി തങ്കമ്മയ്ക്കു പാട്ടിനാണു വാസന. അവളും അവളുടെ ജ്യേഷ്ഠത്തി സരളയും കൂടി ചിലപ്പോൾ പാടുന്നതു കേട്ടു റേഡിയൊപ്പാട്ടുപോലും നിറുത്തിവച്ചിട്ടു് അടുത്ത വീട്ടിലെ അപ്പുക്കുട്ടൻ ആഫീസിൽ പോകാതെ ഇവിടെ വന്നിരിക്കാറുണ്ട്. മക്കളെ! ആ ഹാർമ്മോണിയം ഇങ്ങെടുത്തുകൊണ്ടുവരൂ. ആ “ജനജീവനാ” കീർത്തനം ഒന്നുപാടൂ. സ്വല്പം മതി.

പെട്ടെന്നു, രണ്ടു പെൺകോലങ്ങൾ അവിടെ പ്രത്യക്ഷപ്പെട്ടു. ഒരു പഴയ പുൽപ്പായ് ആ കറുത്ത സിമന്റിട്ട വരാന്തയിൽ ക്ഷണം വിരിച്ചു കഴിഞ്ഞു. ഒരു പഴഞ്ചൻ ഹർമ്മോണിയവുംകൊണ്ടു വന്നുവച്ചു. ചാകാൻ പോകുന്ന നായുടെ ഊർദ്ധശ്വാസം പോലെ അതിന്റെ തുകൽ ഞൊറികളിൽ പാററാ കരണ്ടുണ്ടാക്കിയ ദ്വാരത്തിലൂടെ കുറെശ്ശെ വായു ചോർന്നുപോകുന്ന ശബ്ദമാണ് മുന്നിട്ടു നിന്നതു്. തുടങ്ങി, ഇരുവരും കൂടി “സാ-ര-ഗ-മ” നിലവിളി. അതിഥികൾ അമ്പരന്നു. ഇടയ്ക്കിടെ വാച്ചു നോക്കി. അച്ഛൻ തല

GEETHA SYNDICATE

Manufacturers & Commission agents

KOZHIKODE-3

USE ALWAYS

GEETHA SCENTED ARECANUTS
GEETHA KANNEZHUTHU MASHI
GEETHA CHAND
GEETHA ROSE WATER

Distributors of

Best Nilgiri Coffee & Tea

കുലുക്കി താളമടിച്ചു തുടങ്ങി. അതിഥികൾക്കു പാട്ടിന്റെ ഒരു ചുക്കും അറിഞ്ഞുകൂടാ. ആ പാവങ്ങളോടു വൃദ്ധൻ പറയുകയാണ്.

"അതെന്തു രാഗമാണെന്നു മനസ്സിലായോ? അതല്ലേ കമാസ്സ് രാഗം. പല്ലവിയും അനുപല്ലവിയും കഴിഞ്ഞു ചരണം വരുമ്പോൾ ഒരു "പിടി" പിടിക്കും. കേൾവികേട്ട അനന്തകൃഷ്ണഭാഗവതരായിട്ടു വാ പൊളിച്ചുപോയി. ഇതു "ഘനശാരീരവല്ല" ഇതാണ് സ്ത്രീകളുടെ കണ്ഠത്തിനുള്ള ഒരു ഗുണം. മസൃണതയുണ്ട്. സംഗീതം പുരുഷന്മാർക്കു വിധിച്ചിട്ടുള്ളതല്ലെന്നേ. ഇവരുടെ "നളമോ" കേട്ടിട്ടുണ്ടോ?

ഇത്രിടമായപ്പോൾ മറ്റൊരു സ്ത്രീവേഷം ആ മുറിയുടെ വിതിൽ ചേർന്നു പകുതി മറഞ്ഞുനിന്നുകൊണ്ടു ഭിത്തിമേൽ വിരൽ എണ്ണിയടിച്ചു താളം പിടിക്കുന്നതായി കാണപ്പെട്ടു.

"അവളായിരുന്നു പാട്ടുകാരി. ഇപ്പോൾ കോളജ്ജ ക്ലാസ്സിലായതിനുശേഷം പാട്ടു പാടാൻ നേരം കിട്ടുന്നില്ല. മോളേ ആ രമണനിലെ നാലഞ്ചടികൾ ഒന്നു ചൊല്ലൂ."

ച്ഛറി. ഇന്ന് ഈ വൈതരണിയിൽ നിന്നു രക്ഷപെടാൻ യാതൊരു മാർഗ്ഗവുമില്ലല്ലോ എന്ന നിരാശാനിർഭരമായ ഭീതിയോടെ അതിഥികൾ തമ്മിൽ കണ്ണിൽ നോക്കി. മര്യാദക്കുവേണ്ടി അതിലൊരാൾ പറഞ്ഞു:–നമ്മൾ മടങ്ങിവരുന്ന വഴി "രമണൻ" മുഴുവൻ നമുക്കു ചൊല്ലിക്കേൾക്കണം, അല്ലേ?

അപ്പോഴേക്കു ആ ശല്യക്കാരി "മലരണിക്കാടുകൾ തിങ്ങിവിങ്ങി" എന്ന ഗദ്ഗദസ്വരത്തിൽ നീട്ടിത്തിരങ്ങി ആലാപനം തുടങ്ങിക്കഴിഞ്ഞു.

ഈ ഘട്ടമായപ്പോൾ കാറിന്റെ വീൽ മാറിയിട്ടു കഴിഞ്ഞെന്നു് ഡ്രൈവർ വന്നു പറഞ്ഞു. അതിഥികൾ സസന്തോഷം പോകാൻ എഴുന്നേററു.

വൃദ്ധൻ:- അതിനെന്താ, സമയം ധാരാളമുണ്ടല്ലോ. കേട്ടോ! ഓവൽടിൻ തയ്യാറില്ലേ? വേഗം കൊണ്ടുവരൂ.

അപ്പോൾ ആ വഴിവന്ന ഒരു ചെറു ബാലനെയും അയാൾ അരികിൽ വിളിച്ചു. "ഇവനാണു ചരിത്രകാരൻ. മോനെ! അക്ബർ ജനിച്ചതു് ഏതു വർഷത്തിലായിരുന്നു.?"

"1542"—ആ പയ്യൻ പെട്ടെന്നു് ഉത്തരം പറഞ്ഞു.

അച്ഛൻ:- ചരിത്രത്തിലെ ആണ്ടു മാസം തീയതികൾ അവനു് നാവിൽ പാഠമാണു്.

ആ ബദ്ധപ്പാടിന്റെ മുഹൂർത്തത്തിലാണെങ്കിലും അതിഥികളിലൊരാൾ പയ്യനോടു നേരിട്ടു ചോദിച്ചു:- "അക്ബറിന്റെ അച്ഛന്റെ പേരെന്തു്?" കുട്ടി അച്ഛന്റെ മുഖത്തേക്കു നോക്കി.

പറയൂ! നീ പറഞ്ഞതല്ലേ അതു്

കുട്ടി ഉത്തരം പറഞ്ഞു:–

"വാറൻ ഹേസ്റ്റിംഗ്സ്"

അച്ഛൻ:–ഛേ! മറയാ! ഓർത്തു പറയൂ! നീ ഇന്നലെയും പറഞ്ഞതല്ലേ.

കുട്ടി കുറെനേരം ഓർത്തു നിന്നിട്ട്:–"ജഹാംഗാർ.

അതിഥികൾ:=ഞങ്ങൾ പോകട്ടെ കാർ ശരിപ്പെട്ടു.

ഗൃഹനായകൻ:- എങ്കിലും ഓരോ ഗ്ലാസ്സു ഓവൽടിൻ കുടിക്കാതെ ഞാൻ വിടുകയില്ല. നിങ്ങളുടെയൊക്കെ വീട്ടുകളിൽ വന്നു ഞാൻ എന്തെല്ലാം സൽക്കാരങ്ങൾ സ്വീകരിച്ചിരിക്കുന്നു. ഇന്നും ഈശ്വരകൃപകൊണ്ടു എനിക്കു സുഖമായി കഴിഞ്ഞുകൂടാനുള്ള വകയുണ്ടു്.

അതിഥികൾ:-അയ്യോ! അങ്ങനെ പറയരുതേ. ഞങ്ങൾക്കു തീവണ്ടി സമയത്തിനെത്താൻ കഷ്ടിച്ചുള്ള സമയമേയുള്ളു. തിരിയെ വരുമ്പോൾ ഞങ്ങൾ ഇവിടെ കയറി എത്ര ഗ്ലാസ്സ് ഓവൽടിൻ വേണമെങ്കിലും കുടിച്ചിട്ടേ പോകൂ"

അടുക്കള ഭാഗത്തുനിന്നു് ഒരു അശരീരി ശബ്ദം കേൾക്കായി.

"ഓവൽടിൻ കൊണ്ടുവരുന്നേ"

"ഓവൽടിൻ കൊണ്ടുവരുമ്പോഴേക്കു്, ഇതാ ഇതൊന്നു വായിച്ചു നോക്കിൻ" എന്നു പറഞ്ഞു വൃദ്ധൻ കണ്ണാടി ഫ്രെയിമിലിട്ടു ഭിത്തിയിൽ നിന്നു് ഊരിയെടുത്തു കൈയിൽ കൊടുത്തു.

"ഇതു ഞാൻ കുഴിത്തുറയിരിലിക്കുന്ന കാലത്തു് അവിടത്തെ സുബ്രഹ്മണ്യഭജനസംഘക്കാർ എനിക്കു സമർപ്പിച്ചതാണു്. ഒന്നു വായിക്കൂ. സമയമുണ്ടേന്നേ. അല്ലെങ്കിൽ, ഇരിക്കൂ. അവിടെ ഞാൻ തന്നെ വായിച്ചു കേൾപ്പിക്കാം.

സമയലാഭത്തെ കരുതി അവൽ തന്നെ വായിച്ചുകൊള്ളാമെന്നു പറഞ്ഞു കൈയിൽ വാങ്ങി. ഓടിച്ചു വായിക്കുന്ന ഭാവത്തിൽ വേഗത്തിൽ നോക്കി. ഓരോ വരി ചൂണ്ടിക്കൊട്ടുത്തുവായിപ്പിച്ചു.

"കണ്ടോ?, എന്നെപ്പററി അതിൽ പറഞ്ഞിരിക്കുന്ന "പുരുഷകേസരി" എന്ന വാക്കിന്റെ അർത്ഥം അറിയാമോ? "കേസരി" എന്നു് പറഞ്ഞാൽ.........."

അതിഥികളിൽ ഒരുവൻ ക്ഷമയററു.

"കേസരി—ലഡു— മൈസൂർ പാക്ക്............അയ്യോ, പോകാം. നേരം പോയി.

അപ്പോൾ തിളച്ചുമറിയുന്ന ചൂടോടെ ഓവൽടിൻ കൊണ്ടു വന്നു. അവരതവിടെത്തന്നെ വച്ചിട്ടു് ഓടി കാറിൽക്കയറി മറഞ്ഞു.

അവർ അല്പവായിൽ ചെന്നപ്പോൾ തീവണ്ടി ഇരിങ്ങാലക്കുട സ്റ്റേഷൻ കടന്നുകഴിഞ്ഞിരുന്നു!



“റിവർ” എന്ന വിശ്വപ്രസിദ്ധമായ സിനിമാ
കാണുവാൻ സർവ്വരാജ്യക്കോടതി ജഡ്ജി
മി. ബി. എൻ. റാവുവും കാഷ്മീർ
യുവരാജാവുംരാജാവിന്റെ പത്നിയും
ന്യൂയോക്കിലെ ഒരു പ്രദർശനശാ
യിലേക്കുപോകുന്നു. നടുക്കു നിൽ
ക്കുന്നതു് മി. റാവുവാണ്.

(വലത്തുവശം)
റിവർ എന്ന പടത്തിന്റെ
സംവിധായകനും നിർമ്മാതാവും.



ലളിത

പത്മിനി

എന്റെ അത്യാനന്ദപ്രദങ്ങളായ നിമിഷങ്ങൾ

അന്ധയും മൂകയും ബധിരയുമായ മിസ്സ് കെല്ലറുടെ വികാരനിർഭരമായ അനുഭവകഥ

(മിസ്സ് ഹെലൻ കെല്ലരുടെ 72-ാമത്തു ജന്മദിനം അടുത്തയിട ആഘോഷിക്കയുണ്ടായി. കാലത്തിനു നിഷ്പ്രഭമാക്കാൻ കഴിയാത്ത അൽഭുതകരമായ ഒരു ജീവിതകഥയാണ് ആ മഹതിയുടേതു്. തീരെ ചെറുപ്പം മുതൽ തന്നെ അന്ധയും ബധിരയും മൂകയുമായിത്തീർന്ന ഈ അമേരിക്കൻ വനിത ത്രിവിധങ്ങളായ പ്രാതികൂല്യങ്ങളോടു പടപൊരുതി, ലോകമെങ്ങുമുള്ള അന്ധർക്കും കണ്ണുള്ളവർക്കും പ്രത്യാശയും പ്രചോദനവും നൽകാൻ പ്രാപ്തയായി ഭവിച്ചു. അന്ധജനങ്ങൾക്കു വേണ്ടിയുള്ള അവരുടെ അവിശ്രാന്തസേവനത്തെ പുരസ്കരിച്ചു ആ മഹതിക്ക് അടുത്തയിട 'ഫ്രഞ്ചു ലീജിയൻ ഓഫ് ഓണർ" "ലെബാനോൻ ഗോൾഡ് മെഡൽ ഓഫ് മെരിററ്" എന്നീ ബഹുമതിമുദ്രകൾ പ്രദാനം ചെയ്കയുണ്ടായി. മിസ്സ് കെല്ലറുടെ "എന്റെ ജീവിതകഥ" (The story of my life) എന്ന ആത്മകഥാഗ്രന്ഥത്തിലെ ഒരു ഭാഗമാണു താഴെ ഉദ്ധരിക്കുന്നതു്. അദ്ധ്യാപിക കെല്ലർക്കു ജീവിതകവാടം തുറന്നുകൊടുത്തതെങ്ങനെയെന്നതാണ് ഈ ലേഖനത്തിലെ പ്രതിവാദ്യവിഷയം.)

എന്റെ ജീവിതത്തിലെ ഏററവും സ്മരണീയമായ ദിവസം എന്റെ അദ്ധ്യാപികയായ ആൻ മാൻസ്ഫീൽഡ് സള്ളിവാൻ എന്നെ ആദ്യമായി സന്ദർശിച്ച ദിനമാണ്. ആ ദിവസത്തിനു മുമ്പും പിമ്പുമുള്ള ജീവിതങ്ങൾ തമ്മിലുള്ള അന്തരത്തെപ്പററി ചിന്തിക്കുമ്പോൾ ഞാൻ അത്ഭുതസ്തബ്ധയായിത്തീരാറുണ്ട്. എനിക്കു ഏഴു വയസ്സ് പൂർത്തിയാകുന്നതിനു മൂന്നു മാസം മുമ്പ് അതായതു 1887 മാർച്ച് 3-ാം തിയതി ആയിരുന്നു എന്റെ ഗുരുഭൂത എന്റെ ജീവിതത്തിലേക്കു കടന്നുവന്നതു്.

അന്ധനായ ഒരു വിദ്യാർത്ഥി ഭൂമിശാസ്ത്രം പഠിക്കുന്ന രീതി.

കാഴ്ചയും കേൾവിയും എനിക്കു നഷ്ടപ്പെടുത്തിയ രോഗത്തിനുശേഷം അടുത്ത ഏതാനും മാസങ്ങളിൽ എന്താണു സംഭവിച്ചതെന്നു ഞാൻ ഓർക്കുന്നില്ല. എന്റെ കരങ്ങൾ ഓരോ വസ്തുവും ഓരോ ചലനവും സ്പർശിച്ചു. അങ്ങനെ അനേകം കാര്യങ്ങൾ അറിയാൻ എനിക്കു കഴിഞ്ഞു. അധികം താമസിയാതെ വളരെ അപരിഷ്കൃതമായ ആംഗ്യഭാഷകളിലൂടെ മററുള്ളവരുമായി ആശയവിനിമയം നടത്തുന്നതിനു ഞാൻ ആരംഭിച്ചു.

എന്റെ അദ്ധ്യാപികയുടെ വരവിനു മുമ്പായിത്തന്നെ മററു മനുഷ്യരിൽനിന്നു വ്യത്യസ്തയാണു ഞാൻ എന്ന ബോധം എനിക്കുണ്ടായി. എന്റെ അമ്മയും സുഹൃത്തുക്കളും എന്തെങ്കിലും ആവശ്യമുള്ളപ്പോൾ ആംഗ്യം കാണിക്കുകയായിരുന്നില്ല അധരം കൊണ്ടു സംസാരിക്കുകയായിരുന്നു.

LOTUS INDUSTRIALS

TIRUVANNUR ROAD-KOZHIKODE 3.

Manufacturers of:-

BEST QUALITY Envelopes, Furnishing Fabrics, Linen Dhothis & Shirtings.

Agents: **For Malabar and Travancore-Cochin,**

Sri V. M. NAIR.

മിസ്സ് സള്ളിവാന്റെ ആഗമനത്തിന്റെ പിറേറ ദിവസം രാവിലെ അവരെനിക്കൊരു പാവ തന്നു. ഞാൻ കുറേ നേരം അതുകൊണ്ടു കളിച്ചു. അടുത്തതായി അവർ "പാവ" എന്നതിന്റെ ഇംഗ്ലീഷ് പദമായ Doll-ലെ അക്ഷരങ്ങൾ (ഡി-ഒ-എൽ-എൽ-) ഓരോന്നായി എന്റെ കൈകൊണ്ട് എഴുതിച്ചു. കൈ ഉപയോഗിച്ചുള്ള ഈ കളിയിൽ ഞാൻ ക്ഷണേന തല്പരയായിത്തീർന്നു. ആ അക്ഷരങ്ങൾ ശരിയായി അനുകരിക്കുന്നതിനു സാധിച്ചതോടെ എന്തെന്നില്ലാത്ത സന്തോഷവും അഭിമാനവും എനിക്കനുഭവപ്പെട്ടു. അടുത്ത കുറെ ദിവസങ്ങളിൽ Pin (മൊട്ടുസൂചി) Hat (തൊപ്പി) Cup (കപ്പ്) തുടങ്ങിയ അനേകം നാമങ്ങളും ഏതാനും ക്രിയാപദങ്ങളും ഞാൻ വശമാക്കി. പിന്നീട്ട ഏതാനും ആഴ്ചകൾക്കു ശേഷമാണ് എല്ലാ സാധനങ്ങൾക്കും ഓരോ പേരുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നതു്.

വെള്ളം (Water) എന്ന പദം മനസ്സിലാക്കുവാൻ ഞാൻ വളരെ ബുദ്ധിമുട്ടുകയുണ്ടായി. പല ശ്രമങ്ങൾക്കു ശേഷം മിസ്സ് സള്ളിവാൻ എന്നെയും കൂട്ടി ജലധാരായന്ത്രസവിധത്തിലേക്കു പോയി, ജലനാളിക്കു താഴെയായി എന്റെ കൈവച്ചു. ഒരു കൈയിലേക്കു തണുത്ത ജലം ശക്തിയോടെ വീണതോടുകൂടി, മറേറ കൈയിൽ Water എന്ന പദത്തിലെ അക്ഷരങ്ങൾ ക്ഷമാസമ്പന്നയായ എന്റെ ഗുരുഭൂത എഴുതി—ആദ്യം നിറുത്തിനിറുത്തിയും പിന്നീടു ശീഘ്രഗതിയിലും. മിസ്സ് സള്ളിവാന്റെ കരചലനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു ഞാൻ നിശ്ശബ്ദയായി നിന്നു. പെട്ടെന്നു എനിക്കു ഒരു ഭൂതോദയമുണ്ടായി. എന്തോ മറന്നുപോയതും ഓർമ്മിക്കുന്ന പ്രതീതി—ഭാഷയുടെ നിഗൂഢരഹസ്യം എനിക്കു വ്യക്തമായിയെന്ന ഒരു തോന്നൽ. W-a-t-e-r എന്നീ ലിപികൾ കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്ന പദം, എന്റെ കൈയിൽക്കൂടി ഒഴുകിപ്പോയ ആ അൽഭുതകരമായ തണുത്ത പദാർത്ഥത്തിന്റെ പേരാണെന്നു എനിക്കപ്പോൾ മനസ്സിലായി.

പഠിക്കുന്നതിനുള്ള അത്യാകാംക്ഷയോടെ ഞാൻ ആ യന്ത്രസമീപത്തുനിന്നു മടങ്ങി. ഓരോ സാധനത്തിനും ഒരോ പേരുണ്ട്. ഓരോ പേരും ഓരോ പുതിയ ചിന്തയ്ക്കു ബീജാവാപം ചെയ്യുന്നു. വീട്ടിൽ തിരിച്ചെത്തിയപ്പോൾ ഞാൻ സ്പർശിച്ച ഓരോ വസ്തുവും ജീവൻകൊണ്ടു തുടിക്കുന്നതായി എനിക്കു തോന്നി. എനിക്കന്നു ലഭിച്ച പുതിയ ദൃഷ്ടിയിലൂടെ—വീക്ഷണകോടിയിലൂടെ— നോക്കിയതാണെ

അതിനു കാരണം.

1890-ലെ വസന്തകാലത്താണു ഞാൻ സംസാരിക്കാൻ പഠിച്ചതു്. കേൾക്കത്തക്കവിധം ശബ്ദങ്ങൾ ഉച്ചരിക്കുന്നതിനുള്ള ആവേശം എന്നെ ശക്തിയായി ബാധിച്ചിരുന്നു. ഒരു കൈകൊണ്ടു തൊണ്ടയിൽ പിടിച്ചു മറ്റെ കൈകൊണ്ടു അധരത്തിലുണ്ടാകുന്ന ചലനങ്ങൾ സ്പർശിച്ചുകൊണ്ടു ഞാൻ ഒച്ചയുണ്ടാകാൻ ശ്രമിക്കാറുണ്ടു്. എന്റെ കാഴ്ചയും കേൾവിയും നഷ്ടപ്പെടുന്നതിനു മുമ്പു ഞാൻ വളരെ വേഗം സംസാരിക്കുവാൻ പഠിക്കുകയായിരുന്നു. എന്നിൽ ആ രോഗശേഷം സംഭാഷണശക്തി നശിച്ചതാണു് അതിനു കാരണം. എന്റെ അമ്മയുടെ മടിയിലിരുന്നു കരങ്ങൾ അമ്മയുടെ മുഖത്തോടു ചേർത്തു അധരചലനങ്ങൾ സൂക്ഷിക്കുക എന്റെ ഒരു പതിവായിത്തീർന്നു. സംഭാഷിക്കേണ്ടതെങ്ങനെയെന്നു മറന്നുപോയെങ്കിലും ഞാൻ ചുണ്ടുകൾ ചലിപ്പിക്കാറുണ്ടു്. ഞാൻ സ്വാഭാവികമായി ചിരിക്കുകയും കരയുകയും ചെയ്തിരുന്നെന്നു് എന്റെ സുഹൃത്തുക്കൾ പറഞ്ഞിരുന്നു.

എന്റേതിൽനിന്നു വ്യത്യസ്തമായ ഏതോ ആശയവിനിമയമാർഗ്ഗം ആളുകൾ ഉപയോഗിച്ചിരുന്നതായി എനിക്കറിയാം. ഒരു ബധിര ബാലകയ്ക്കു സംസാരിക്കുവാൻ സാധിക്കുമെന്നു മനസ്സിലാക്കുന്നതിനു മുമ്പു തന്നെ എന്റെ ആശയവിനിമയമാർഗ്ഗം എന്നെ തീർത്തും അസംതൃപ്തയാക്കിത്തീർത്തിരുന്നു. "മാനുവൽ ലിപി" സമ്പ്രദായത്തെ പൂർണ്ണമായി ആശ്രയിക്കുന്നപക്ഷം കുറെയൊക്കെ പരിമിതികളോ സങ്കുചിതത്വമോ അനുഭവപ്പെടാതിരിക്കയില്ല. ഈ വിചാരം എന്നെ വിഷമിപ്പിക്കാൻ തുടങ്ങി. എന്റെ ചിന്തകൾ പലപ്പോഴും ഉയർന്നുയർന്നു ചിറകടിച്ചുകൊണ്ടിരുന്നു.

"PUSHPA"
Dental Powder
and
Dental Drops
PUSHPA MODEL
STORES,
KOZHIKKODE.

അധരങ്ങളും ശബ്ദവും ഉപയോഗിക്കുന്നതിനുള്ള ശ്രമത്തിൽനിന്നു ഞാൻ വിരമിച്ചില്ല. ഈ പ്രതിബന്ധം നിവാരണം ചെയ്യുന്നതിനു സഹായകമായ ഒരു ആവിചാരിതസംഭവം ഏറെത്താമസിയാതെ ഉണ്ടായി. അന്ധയും ബധിരയുമായ റാൻഹിൽഡ് കാറാ എന്ന ഒരു നോർവീജിയൻ ബാലികയെ സംസാരിക്കാൻ പഠിപ്പിക്കുന്നതായി ഞാൻ കേട്ടു. അതോടെ എന്റെ ആകാംക്ഷയ്ക്കു ചൂടുപിടിച്ചു. സംസാരിക്കാൻ പഠിക്കുമെന്നു ഞാൻ ദൃഢനിശ്ചയം ചെയ്തു. എന്റെ നിർബന്ധം ഹേതുവാൽ എന്റെ ഗുരുനാഥ എന്നെ ന്യൂയോർക്കിലെ "ഹൊറേസ് മാൻസ്കൂൾ" പ്രിൻസിപ്പൽ മിസ്സ് സാറാ ഫുള്ളറുടെ അടുക്കലേക്കു കൊണ്ടുപോയി. ആ ഉത്തമസ്ത്രീ തന്നെ താൻ എന്റെ പഠിത്തകാര്യം ഭരമേററു. അങ്ങനെ 1890 മാർച്ചു 26-ാം തീയതി പഠനമാരംഭിച്ചു.

മിസ്സ് ഫുള്ളർ എന്റെ കൈ എടുത്തു, അവരുടെ വദനത്തിനു നേരെ നീട്ടി. അവർ ഒരു ശബ്ദമുണ്ടാക്കുമ്പോൾ അവരുടെ നാക്കിന്റെയും അധരങ്ങളുടെയും സ്ഥാനം സ്പർശിച്ചു മനസ്സിലാക്കാൻ എന്നെ അനുവദിച്ചു. ഓരോ ചലനവും അനുകരിക്കാനുള്ള എന്റെ അത്യൗത്സുക്യത്തിന്റെ ഫലമായി ഏതാനും മണിക്കൂറിനകം എം. പി. എ. എസ്സ്, റ്റി. എൽ. എന്നീ ആറക്ഷരങ്ങൾ ഞാൻ പഠിച്ചുകഴിഞ്ഞു. 11 പാഠങ്ങളാണു് മിസ്സ് ഫുള്ളർ ആകെ എന്നെ പഠിപ്പിച്ചതു്. ആദ്യമായി ഞാൻ ഉച്ചരിക്കാൻ പഠിച്ച വാചകം It is warm എന്നതാണു്. ആ സമയത്തു എനിക്കുണ്ടായ അത്ഭുതവും ആഹ്ലാദവും അവർണ്ണനീയമായിരുന്നു. ഒരു നവശക്തിയെപ്പററി ബോധവതിയായി ഭവിച്ച എന്റെ അന്തരാത്മാവു് പാരതന്ത്ര്യത്തിൽനിന്നു മോചനം പ്രാപിച്ചു് ആ തകർച്ചപററിയ പദപ്രതീകങ്ങളിലൂടെ വിജ്ഞാനത്തിലേക്കും വിശ്വാസത്തിലേക്കും കുതിച്ചെത്തുകയായിരുന്നിരിക്കണം.

ഇതിനകം എനിക്കു സംസാരിക്കുവാൻ സാധിച്ചുവെന്നു തെററിദ്ധരിക്കരുതു്. സംഭാഷണത്തിന്റെ അടിസ്ഥാനതത്വങ്ങൾ മനസ്സിലാക്കിയതിനുശേഷം, മിസ്സ് സള്ളിവാന്റെ അവിശ്രാന്തപരിശ്രമവും ഭക്തിനിഷ്ഠാപൂർവ്വമുള്ള സൂക്ഷ്മാദ്ധ്യാപനവുമാണു് എന്നെ ഇന്നത്തെ നിലയിലെത്തിച്ചതു്.

അവസാനം എനിക്കു ഒരുവിധം നന്നായി സംസാരിക്കാമെന്ന നില വന്നപ്പോൾ മിസ്സ് സള്ളിവാനോടൊന്നിച്ചു് ഞാൻ സ്വഗൃഹത്തിലേക്കു മടങ്ങി. എന്റെ ജീവിതത്തിലെ അത്യാനന്ദപ്രദമായ ഒരു ഘട്ടമായിരുന്നു അതു്. "ഞാൻ ഇന്നു മൂകയല്ല" ഞാൻ വീണ്ടും വീണ്ടും ആവർത്തിച്ചു. യശശ്ശാലിപ്രവാചകന്റെ ദീർഘദർശനവചനം എന്നിൽ പൂർത്തിയായതുപോലെ എനിക്കു തോന്നി. പർവതങ്ങളും കുന്നുകളും നിങ്ങളുടെ മുമ്പിൽ സംഗീതമാലപിക്കാൻ തുടങ്ങും. വയലിലെ എല്ലാ മരങ്ങളും കരഘോഷം മുഴക്കും.

ചെറുകഥ

അമ്മയും അച്ഛനും

അന്നു വസന്തോത്സവമായിരുന്നു. വെള്ളിയുരുക്കിയൊഴിച്ചപോലുള്ള വെയിലിൽക്കൂടി, ഉല്ലാസലോലരായ ജനക്കൂട്ടം ചന്തയിലേക്കു നീങ്ങുകയാണ്, ചിലർ നടക്കുന്നു; ചിലർ കുതിരസവാരി ചെയ്യുന്നു; ചിലർ കാളവണ്ടികളിലാണ്; ചിലർ മഞ്ചലുകളിലും. സുമാവൃതവും, സംഗീതമുഖരിതവുമായ ഒരുദ്യാനത്തിലേക്കു നമ്മെ മാടിവിളിക്കുന്ന, പുഞ്ചിരിതൂകുന്ന ഒരു പൊൻപുലരിയെപ്പോലെ, മന്ദസ്മേരമുഖനായ ഒരു ബാലൻ അവന്റെ അച്ഛനമ്മമാരുടെകൂടെ ഓടിനടക്കുകയാണ്.

"വാ കുഞ്ഞേ, ഇങ്ങോട്ടു വാ" പീടികയിൽ നിരത്തിവച്ചിരുന്ന കളിക്കോപ്പുകളാൽ തടവുകാരനാക്കപ്പെട്ടു വഴിയിൽ തങ്ങിനിൽക്കുന്ന മകനെ മാതാവു വിളിച്ചു.

അവൻ അവരുടെ അടുത്തേക്കോടിച്ചെന്നു. അവരുടെവിളിയെ അവന്റെ കാലുകൾ അനുസരിച്ചു; പക്ഷെ കണ്ണുകൾ അപ്പോഴും ആ മോഹനങ്ങളായ കളിക്കോപ്പുകളിന്മേലായിരുന്നു. അച്ഛനമ്മമാരുടെ കണ്ണുകളിൽ തന്റെ അഗ്രഹത്തെ നിഷേധിക്കുന്ന തണുത്ത നോട്ടമാണുള്ളതെന്ന് അവനു നല്ലവണ്ണമറിയാം. എങ്കിലും, അവനു തന്റെ അത്യാശയെ അടക്കാൻ കഴിഞ്ഞില്ല.

"എനിക്കാ കളിക്കോപ്പും വേണം.? അവൻ അപേക്ഷിച്ചു. അച്ഛൻ തന്റെ ചുകന്ന കണ്ണുകൾകൊണ്ടു ഒരു കമാണ്ടറുടെ നിലയിൽ അവനെയൊന്നുനോക്കി. എന്നാൽ മൃദുലഹൃദയയായ അമ്മ, അവനു പിടിക്കുവാൻ തന്റെ കൈവിരലുകൾ നീട്ടിക്കൊണ്ടു പറഞ്ഞു: "നോക്കു് മോനേ, അതാ നിന്റെ മുമ്പിലെന്ത്?"

കുട്ടിയുടെ നിറവേറ്റപ്പെടാത്ത ആശ "അ....മ്മേ" എന്നൊരു കനത്ത തേങ്ങലിൽ അടങ്ങി. മുന്നിൽ കണ്ട കാഴ്ച അവനെ വീണ്ടും സന്തുഷ്ടനാക്കി. അപ്പോഴേക്കും അവർ പൊടിനിറഞ്ഞ റോഡുവിട്ടു വയലിലൂടെ വടക്കോട്ടു പോകുന്ന ഒരു നടവഴിയിലേക്കിറങ്ങിയിരുന്നു.

ഉരുകുന്ന സ്വർണ്ണംപോലെ വിളർത്തുവരുന്ന ഒരു പുഷ്പിച്ച കടുകവയലായിരുന്നു അതു്. സുവി

മുൽക്ക്‌രാജ് ആനന്ദ്

ശാലമായ ആ വയലും ഇടവഴികളും കാണുമ്പോൾ, മഞ്ഞപ്രകാശമുള്ള കുറേ നദികൾ ഒരു സുവർണ്ണസമുദ്രത്തിൽ ലയിക്കുകയാണെന്നു തോന്നും. വയലവസാനിക്കുന്ന ദിക്കിൽ, ഒരു ഭാഗത്തു, ഒട്ടേറെ താണ മൺകുടിലുകൾ നിന്നിരുന്നു. അവയുടെ മുന്നിൽ ഒച്ചപ്പാടുണ്ടാക്കുന്ന കുറേ സ്ത്രീപുരുഷന്മാരും. അവരുടെ ശബ്ദങ്ങൾ നീലാകാശത്തിൽ അലയടിച്ചിരുന്നു.

ഇതൊക്കെക്കണ്ടു് വിസ്മയഭരിതനായ ബാലൻ അച്ഛനമ്മമാരുടെ മുഖങ്ങളിലേക്കു നോക്കി. അവരും ആനന്ദഭരിതരാണെന്നറിഞ്ഞപ്പോൾ, അവൻ ഒരു കുതിരക്കുട്ടിയെപ്പോലെ ആ വയലിൽ തുള്ളിച്ചാടുവാൻ തുടങ്ങി. എന്നാൽ വിദൂരവയലുകളിൽ നിന്നു് പരിമളധോരണി വഹിച്ചു് ഉരുളിയിട്ടുകൊണ്ടുവരുന്ന മാരുതൻ അവന്റെ കുഞ്ഞുകാലുകളെ തടഞ്ഞുനിർത്തി.

സുമഹൃദയങ്ങളിൽനിന്നു മധുരവും പരിമളപൂർണ്ണവുമായ മധു ശേഖരിക്കുവാൻവേണ്ടി അലഞ്ഞു നടക്കുന്ന ഏകാകിയായ ഒരു ശലഭത്തെയോ തേനീച്ചയെയോ പോകാൻ വിടാതെ തടഞ്ഞുകൊണ്ടു ഒരു കൂട്ടം കരിവണ്ടുകൾ തങ്ങളുടെ വലപോലുള്ള ചിറകുകൾ വീശി പറക്കുന്നുണ്ടായിരുന്നു. ബാലൻ തഞ്ചംനോക്കിക്കൊണ്ടു അവയുടെ പിറകെ ഓടി. അവനു ഒന്നിനെയെങ്കിലും പിടിക്കണമെന്നുണ്ടായിരുന്നു. പക്ഷെ തൊടാൻ ഭാവിക്കുമ്പോഴേക്കും, അവ പറന്നുകളയും.

അങ്ങിനെ രക്ഷപ്പെട്ട ധൈര്യവാനായ ഒരു കറുത്ത തേനീച്ച അവന്റെ ചെവിക്കുചുറ്റും പറന്നു്, പരിഭവം പറഞ്ഞു് അവനെ വശീകരിക്കാൻ നോക്കി. അതു് അവന്റെ ചുണ്ടുകളിന്മേൽ ഇരിക്കാൻ ഭാവിച്ചപ്പോഴേക്കും അമ്മയുടെ സ്നേഹം നിറഞ്ഞ വിളികേട്ടു.

"കുഞ്ഞേ, ഇങ്ങട്ടു് വാ, വഴിയിൽക്കൂടി നടക്കൂ."

ഉല്ലാസത്തോടെ അവൻ അവരുടെ സമീപത്തേക്കോടി; അമ്മയോടു പാറിച്ചേർന്നു കുറച്ചുദൂരം നടന്നു. പക്ഷേ, ഒളിപ്രദേശങ്ങളിൽനിന്നു പൂർണ്ണപ്രകാശമാസ്വദിക്കാൻ വരുന്ന ചെറുപ്രാണികളാൽ ആകൃഷ്ടനായി അവൻ വീണ്ടും അവയുടെ പിന്നെ ഓടാൻ തുടങ്ങി,

ഉറപ്പ്, ഭംഗി, വിലസഹായം ഇത്യാദി ഗുണങ്ങളാൽ



എല്ലാവരെയും തൃപ്തിപ്പെടുത്തുന്ന

"പവൻമാർക്ക്"

കുടകൾ വാങ്ങി ഉപയോഗിപ്പിൻ.

THE KERALA UMBRELLA MART,

Mfrs. Mohur Brand Umbrellas

MOHD. ABDURAHIMAN ROAD,
KOZHIKODE.

Tel: Add: "AMBRELLAS."

അപ്പോഴേക്കും വിശ്രമിക്കാനിരുന്ന ഒരുഛായയിൽനിന്നു് അമ്മയുടെ ഓമനത്തവും ശാസനയും നിറഞ്ഞ വിളികേട്ടു. "മോനേ, ഇങ്ങട്ട് വാ." അവർ ഒരു കിണററിൻ കരയിലിരിക്കയാണ്. അവൻ അങ്ങോട്ടോടി.

ഒരു മുത്തുനരച്ച വലിയമ്മ തൻെറ കുഞ്ഞുങ്ങളെയെന്നപോലെ ഒരു പഴകിയ ആൽമരം അതിൻെറ നീണ്ടകരങ്ങൾകൊണ്ടു, പൂവിട്ടു നിൽക്കുന്ന വൃക്ഷങ്ങളെ തലോടുന്നുണ്ടായിരുന്നു. അതിൻെറ നിഴലുകൾ സുവർണ്ണവർണ്ണം പൂണ്ട 'കാഷീസി'ൻെറയും, രക്തവമുള്ള 'ഗുൽമൊഹറി'ൻെറയും മേൽ പരന്നിരുന്നു. നാണംപൂണ്ട കന്യകമാരെപ്പോലെയാണെങ്കിലും, വികസിച്ച പൂക്കൾ സ്വാതന്ത്ര്യമായിത്തന്നെ തങ്ങളുടെ ആരാധന സൂര്യനു സമർപ്പിക്കുന്നുണ്ടായിരുന്നു. അവയുടെ പരിമളപൂർണ്ണമായ മകരന്ദം വായുവിൽ ലയിച്ചിരുന്നു.

അവിടെയെത്തിയപ്പോൾ ഒരു പൂമഴതന്നെ അവൻെറമേൽ പെയ്തു. അച്ഛനമ്മമാരെപ്പോലും വിസ്മരിച്ചു അവൻ പൂക്കൾ വാരുവാൻ തുടങ്ങി. ഉടനെ പ്രാവുകളുടെ കുറുകലുകൾ കേട്ടു. "പ്രാവ്; പ്രാവു!" അവൻ രക്ഷിതാക്കളുടെ അടുത്തേക്കോടി" പൂക്കളെല്ലാം കയ്യിൽനിന്നു താഴെ വീണു. കാരണമറിഞ്ഞപ്പോൾ അവരുടെ മുഖത്തു സ്നേഹം നിറഞ്ഞ ഒരു മന്ദഹാസമുണ്ടായി.

"വാ മോനേ, ഇങ്ങട്ട് വാ." ഒരു കാടൻ നൃത്തത്തോടുകൂടി ആൽമരത്തിനു ചുററുമോടുന്ന ആ കുസൃതിക്കുട്ടനെ അവർ വീണ്ടും വിളിച്ചു. അവർ ചന്തയിലേക്കുള്ള വഴിയിൽ ചെന്നു.

ഗ്രാമത്തിനടുത്തെത്തിയപ്പോൾ ചന്തയിലേക്കു പോകുന്ന ആ ജനപ്രവാഹം കണ്ടു കുട്ടി തെല്ലൊന്നമ്പരന്നു.

പ്രവേശനദ്വാരം കടന്നപ്പോൾ തന്നെ, ഒരു മധുരപലഹാരകച്ചവടക്കാരൻെറ പല്ലവി മുഴങ്ങി. "ഗുലാബ്—ജാമൻ, രസഗുള, ബർഫി, ജിലേബി...." ഒരു വലിയ ജനക്കൂട്ടം അവനു ചുററുംകൂടി. അവിടെവെച്ചു വിവിധവർണ്ണങ്ങളോടുകൂടിയ ഇലകളിൽ പൊതിഞ്ഞ പലഹാരങ്ങൾ പരിശോധിക്കുന്നുണ്ടായിരുന്നു. കുട്ടി തുറന്ന കണ്ണുകളോടെ പലഹാരങ്ങൾ ഉററുനോക്കി. അവൻെറ പ്രിയപ്പെട്ട പലഹാരമായ 'ബർഫി' കണ്ടപ്പോൾ അവൻെറ വായിൽ വെള്ളമൂറി. "എനിക്കാ ബർഫിവേണം." അവൻ വളരെ മെല്ലെപറഞ്ഞു, കാരണം അവനറിയാമായിരുന്നു ചോദിച്ചാൽ യാതൊരു ഫലവുമില്ലെന്ന്. തൻെറ മാതാപിതാക്കൾ താൻ അത്യാർത്തിയുള്ള

വനാണെന്ന് പറഞ്ഞെങ്കിലോ? അതിനാൽ ഉത്തരത്തിനു കാത്തുനിൽക്കാതെ അവൻ മുന്നോട്ടു നീങ്ങി.

“ഗുൽമൊഹർ പുഷ്പമാലാ, ഗുൽമോഹർ പുഷ്പമാലാ....” ഒരു പൂക്കാരൻ വിളിച്ചു പറയുകയാണ്. അവയുടെ പരിമളം അവനെ തടുക്കുവാൻ വയ്യാത്ത അഗ്രഹത്തിന്നടിപ്പെടുത്തി. അവൻ ആ പൂക്കൊട്ടയ്ക്കടുത്തു ചെന്നു. “എനിക്കാമാല വേണം.” വളരെ മെല്ലെ അവൻ നാവിന്നടിയിൽ പറഞ്ഞു. അച്ഛനമ്മമാർ അതു വാങ്ങില്ലെന്നു അവനു നല്ലവണ്ണമറിയാമായിരുന്നു. കാരണം അവർ അതു താണതരമാണെന്നു പറഞ്ഞേക്കും. അതിനാൽ അവൻ വേഗം നടന്നു.

മഞ്ഞ, പച്ച, ചുകപ്പ്, നീല തുടങ്ങിയ വിവിധ വർണ്ണങ്ങളുള്ള ബലൂണുകൾ കെട്ടിത്തൂക്കിയ ഒരു വടിയുമായി ഒരാൾ നിൽക്കുന്നുണ്ടായിരുന്നു. സിൽക്കുപോലെ തിളങ്ങുന്നതും മഴവില്ലിനെ വെല്ലുന്നതുമായ അവയുടെ പ്രകാശം അവനെ എളുപ്പത്തിൽ വശംവദനാക്കിക്കളഞ്ഞു. അവയെല്ലാം സ്വന്തമാക്കണമെന്ന അനിവാര്യമായ ഒരാഗ്രഹം അവനെ അടിപ്പെടുത്തി. പക്ഷെ, തന്റെ രക്ഷിതാക്കൾ അവ വാങ്ങില്ലെന്ന് അവനു തികച്ചുമറിയാമായിരുന്നു. കാരണം അവർ പറയും താൻ ബലൂണുകൾകൊണ്ടു കളിക്കേണ്ട പ്രായം കടന്നുവെന്ന്. അതിനാൽ അവൻ പിന്നെയും നടക്കാൻ തുടങ്ങി.

ഒരു പാമ്പാട്ടി പാമ്പിനു മുമ്പിൽ കുഴൽ വിളിക്കയാണ്. അതിന്റെ അദൃശ്യമായ കർണ്ണങ്ങളിൽ ഗാനം കടന്നുചെന്നപ്പോൾ കൊട്ടയിൽ ചുരുണ്ടുകിടക്കുന്ന പാമ്പു ഫണമുയർത്തി ആടാൻ തുടങ്ങി; ഒരു അരയന്നത്തിന്റെ കഴുത്തുപോലെ

Aryavaidya Prakasini Vaidyasala

Prop: M. CHANDU VYDIER & SONS.
Near M. C. College, KOZHIKODE,

ഇവിടെ ആര്യവൈദ്യവിധിപ്രകാരമുള്ള എല്ലാ മരുന്നുകളും എപ്പോഴും തയ്യാറായിരിക്കുന്നതാണ്. സകലവിധ അരിഷ്ടങ്ങളും ഞങ്ങളുടെ ഷാപ്പിൽനിന്നു കിട്ടുന്നതാണ്. മാനേജർ ശ്രീധരൻവൈദ്യർ ഹെഡ്ആഫീസിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്.

എന്ന് പ്രൊപ്രൈറ്റർ,
എം. ചന്തുവൈദ്യർ.

അതു വളഞ്ഞു. കുട്ടി അങ്ങോട്ടു ചെന്നു. പക്ഷേ, പമ്പാട്ടികളുടേതുപോലുള്ള ഗ്രാമഗാനങ്ങൾ കേൾക്കുന്നതിനെ മാതാപിതാക്കന്മാർ തടയുമെന്ന് അവനറിയാമായിരുന്നതിനാൽ വീണ്ടും അവൻ അവരുടെ കൂടെ നടത്തം തുടർന്നു.

ഒരിടത്ത്, വൃത്താകൃതിയിൽ ഒരു ഊഞ്ഞാലാട്ടുന്നുണ്ടായിരുന്നു. സ്ത്രീകളും, പുരുഷന്മാരും, കുട്ടികളും ഉല്ലാസഭരിതരായി വട്ടം ചുഴലുകയാണ്. വിസ്മയംകൊണ്ട് അവന്റെ ചുണ്ടുകൾ പാതി വിടർന്നു. അവന്റെ കണ്ണുകൾ തൊട്ടിലോടൊത്തു വട്ടം ചുററി. ഇത്തവണ തന്റെ അത്യാഗ്രഹത്തെ അടിപ്പെടുത്തുവാൻ അവനു കഴിഞ്ഞില്ല. അവൻ സധൈര്യം പറഞ്ഞു: “അമ്മേ, എനിക്കും ആടണം തൊട്ടിലിൽ.”

പക്ഷേ, ഉത്തരമുണ്ടായില്ല. അവൻ തിരിഞ്ഞുനോക്കി. അവിടെ അച്ഛനുമില്ല, അമ്മയുമില്ല. അകഞ്ഞു പകച്ചുപോയി. നാലുപാടും അവൻ തിരഞ്ഞു. അവരുടെ അടയാളം പോലും അവിടെയെങ്ങും കണ്ടില്ല.

അവന്റെ വരണ്ട തൊണ്ടയിൽനിന്ന് ഒരു നീണ്ട കരച്ചിൽ പുറപ്പെട്ടു. ദേഹം മുഴുവൻ വിറച്ചുകൊണ്ട്, അവൻ ഭയത്തോടെ “അമ്മേ, അച്ഛാ” എന്നു നിലവിളിക്കാൻ തുടങ്ങി. അവന്റെ കണ്ണുകളിൽനിന്നു കനത്ത അശ്രുകണങ്ങൾ, ഭയസംഭ്രമങ്ങളാൽ തുടിപ്പേറിയ കവിളിലൂടെ ഒഴുകുന്നുണ്ടായിരുന്നു. എവിടെപ്പോകണമെന്നോ, എന്തു ചെയ്യണമെന്നോ നിശ്ചയമില്ലാതെ അവൻ നാലുപാടും പരക്കം പാഞ്ഞു. അവന്റെ മഞ്ഞത്തലക്കെട്ട് അഴിഞ്ഞുവീണു; വിയർപ്പുകൊണ്ടു നനഞ്ഞ വസ്ത്രങ്ങൾ, പൊടിയണിഞ്ഞ ദേഹത്തിൽ പററിപ്പിടിച്ചു ചെമ്മണ്ണുനിറമായിത്തീർന്നു. അവന്റെ കൺപോളകൾ കരഞ്ഞു കരഞ്ഞ്, ഈയക്കട്ടികളെപ്പോലെ കനം തൂങ്ങുന്നുണ്ടെന്ന് അനുഭവപ്പെട്ടു.

ഓടിത്തളർന്ന് അവൻ ഒരിടത്തു നിന്നു. അവന്റെ കരച്ചിലുകൾ തേങ്ങലുകളായി മാറി. അ

MODERN RADIO HOUSE
WEST NADAKAU,
KOZHIKKODE 6.

DEALERS IN (BLAUPUNKT) GERMAN MAKE & HGEC RADIOS

RADIO & SOUND ENGINEERS.

ലും ദൂരെയുള്ള പുൽമൈതാനത്തിൽ സ്ത്രീപുരുഷന്മാർ കൂട്ടംകൂടിയിരുന്നു. പക്ഷെ അതിലെങ്ങും അവന്റെ അച്ഛനമ്മമാരെ കണ്ടില്ല.

കുട്ടി ക്ഷേത്രത്തിന്നടുത്തു ചെന്നു. തിങ്ങിക്കൂടിയ ജനങ്ങളുടെ കാലുകൾക്കിടയിലൂടെ കരഞ്ഞുകൊണ്ട് അവൻ ഓടി. ആ മനുഷ്യരുടെ കനത്ത മുട്ടുകൾ കൊണ്ട് അവൻ അങ്ങോട്ടുമിങ്ങോട്ടും തള്ളപ്പെട്ടു. തന്റെ മുഴുവൻ ശക്തിയുമുപയോഗിച്ച് "അമ്മ, അച്ഛാ" എന്നു നിലവിളിച്ചില്ലായിരുന്നുവെങ്കിൽ, അവൻ കാലടികൾക്കിടയിൽ പെട്ടു ചതഞ്ഞുപോയേനേ. അവന്റെ നിലവിളി കേട്ട്, ഒരാൾ തിരതല്ലിക്കൊണ്ടിരിക്കുന്ന ആ മനുഷ്യമഹാസമുദ്രത്തിൽ നിന്നു വളരെ ബുദ്ധിമുട്ടി കുട്ടിയെ പുറത്തേക്ക് എടുത്തുകൊണ്ടു വന്നു.

"കുഞ്ഞെ, നീയെങ്ങിനെ ഇവിടെ വന്നു? നീയാരുടെ മകനാണ്?" അയാൾ ചോദിച്ചു.

പക്ഷേ, ദുസ്സഹദുഃഖത്തോടെ അവൻ കരയാൻ തുടങ്ങി. "എനിക്കെന്റമ്മയെ കാണണം, എനിക്കെന്റച്ഛനെ കാണണം." അവൻ നിലവിളിച്ചു.

അയാൾ അവനെ ഊഞ്ഞാലിന്നടുത്തു കൊണ്ടുചെന്ന് ആശ്വസിപ്പിക്കാൻ ശ്രമിച്ചു. "നിന്നെ കുതിരപ്പുറത്തു കയറ്റട്ടെ, മോനേ" അയാൾ മെല്ലെ പറഞ്ഞു. പക്ഷേ അവൻ ഉച്ചത്തിൽ നിലവിളിച്ചു: "എനിക്കമ്മയെക്കണ്ടാമതി, അച്ഛനെക്കണ്ടാ മതി."

ആ പാമ്പാട്ടി ഇപ്പോഴും കുഴലൂതി മൂർഖപ്പാമ്പിനെ ആടിക്കുന്നുണ്ട്. അയാൾ കുട്ടിയേയും കൊണ്ട് അവിടെ ചെന്നു. "മോനേ, ആ പാട്ടുകേൾക്കൂ, എത്ര നല്ല പാട്ട്!"

പക്ഷേ കുട്ടി വിരലുകൾ കൊണ്ട് ചെവി പൊത്തി. അവൻ തേങ്ങിക്കരഞ്ഞു, "എനിക്കെന്റമ്മയും അച്ഛനും മതി."

അയാൾ അവനെ ബലൂണുകൾക്കടുത്തു കൊണ്ടുചെന്നു. അവയുടെ മനോഹരവർണ്ണം കുട്ടിയെ ആകർഷിക്കുമെന്നയാൾ വിചാരിച്ചു. അങ്ങിനെയെങ്കിലും അവൻ സമാധാനിക്കുമല്ലോ. "കുഞ്ഞേ, നിനക്കൊരു മഴവില്ലു നിറമുള്ള ബലൂൺ വാങ്ങിത്തരട്ടെ."

കാറ്റിൽ പറക്കുന്ന ആ ബലൂണുകളിൽ നിന്ന് അവൻ മുഖം തിരിച്ചുകളഞ്ഞു. "എനിക്കമ്മയെ കാണിച്ചുതന്നാ മതി, എനിക്കച്ഛനെക്കാണിച്ചുതന്നാ മതി." അവൻ വിതുമ്പിക്കരഞ്ഞു.

കുട്ടിയെ ആശ്വസിപ്പിക്കാൻ, സഹൃദയനായ അയാൾ വീണ്ടും ബുദ്ധിമുട്ടി. അവനെയുമെടുത്ത് അയാൾ പൂക്കാരനടുത്തു ചെന്നു. "നോക്കൂ മോനേ, എന്തൊരു മണമുള്ള പൂക്കൾ! കുട്ടിക്കു കഴുത്തിലിടാൻ ഒരു മാല വാങ്ങട്ടെ."

"വേണ്ട", കരഞ്ഞുകൊണ്ടവൻ തന്റെ പല്ലവിയാവർത്തിച്ചു, "എനിക്കെന്റമ്മയും അച്ഛനും മതി."

അല്പം മധുരപലഹാരങ്ങൾ കൊണ്ട് അവന്റെ ദുഃഖം തീർക്കാമെന്നു കരുതി, അയാൾ പലഹാരക്കാരന്റെ അടുത്തു ചെന്നു. "ബാലാ, നിനക്കേതു പലഹാരമാ വേണ്ടത്? ബർഫിയോ, ജിലേബിയോ?" അയാൾ ഓമനിച്ചു ചോദിച്ചു.

"എനിക്കൊന്നും വേണ്ട" കുട്ടി അവയിൽ നിന്നു മുഖം തിരിച്ചു. അവൻ തേങ്ങിക്കരയുക മാത്രം ചെയ്തു:

"എനിക്കെന്റമ്മയും അച്ഛനും വന്നാ മതി!"

(വിവ:—കെ. രാധാമണി.)

സിനിമയുടെ ജനനകാലം മുതൽ ഇന്നു വരെ

ഇന്നേയ്ക്കു് വ്യാവസായികവും, കലാപരവുമായി വമ്പിച്ച നിലയിലെത്തിയിട്ടുള്ള സിനിമയുടെ ചരിത്രം രസകരമെന്നതിലധികം വിസ്മയാവഹമാണു്. വെറും 57 വർഷങ്ങളേ ആയിട്ടുള്ളു സിനിമ ആവിർഭവിച്ചിട്ടു് എന്നു പറയുമ്പോൾ പലരും അത്ഭുതപ്പെട്ടേക്കാം. എന്നാൽ അതു് കേവലം വാസ്തവം മാത്രമാണു്.

എല്ലാ പ്രസ്ഥാനങ്ങളേയുംപോലെ സിനിമയും, അതിൻെറ ആവിർഭാവകാലത്തു് ഹ്രസ്വവും, ശുഷ്കവുമായിരുന്നു. പരസ്പരബന്ധമില്ലാത്ത ചിത്രങ്ങൾ വലുതാക്കി പ്രദർശിപ്പിക്കുക എന്നതായിരുന്നു സിനിമയുടെ പൂർവ്വികവും പ്രാകൃതികവുമായ സമ്പ്രദായം. ഈ പ്രദർശിപ്പിക്കലിനെ സിനിമ എന്നുവിളിക്കുകതന്നെ ശരിയല്ല. സിനിമാപ്രസ്ഥാനത്തിൻെറ പിതാവു് എന്നു അറിയപ്പെടുന്ന വില്യംഫിസ്സ് ഗ്രീനാണു് ഇദംപ്രഥമമായി മേൽപ്പറഞ്ഞ ചിത്രപ്രദർശനത്തിനു് രൂപബന്ധവും, സൗഭാഗ്യവും നൽകിയതു്". ഗ്രീൻ, മൂവികാമറായുടെ കണ്ടുപിടുത്തത്തോടുകൂടി സിനിമയെ സിനിമയാക്കി ഉയർത്തിയെന്നു ചുരുക്കം.

അതിനുമുമ്പു കണ്ണാടിയിൽ പ്രദർശിപ്പിച്ചുപോന്ന നിരനുബന്ധചിത്രങ്ങൾക്കു് ആ ദോഷംമാറി, സാനുബന്ധകമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തി എന്നതു സിനിമയുടെ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു ഘട്ടമാണല്ലോ.

1889-ൽ അതായതു് ഗ്രീനിൻെറ 34-ാമത്തെ വയസ്സിലാണു് ഈ വ്യതിയാനം—എന്നുവച്ചാൽ—ഫിലിം കണ്ടുപിടുത്തം സാധിച്ചതു്. പരീക്ഷണാർത്ഥം അദ്ദേഹം കണ്ടുപിടിച്ച ആദ്യത്തെ സിനിമാഫിലിമിനു് 50 അടി നീളമേ ഉണ്ടായിരുന്നു എന്നു വരുമ്പോൾ അതിൻെറ ഇന്നത്തെ വളർച്ച എത്രയോ വേഗതയോടെ നേടി എന്നു് ഊഹിക്കാമല്ലോ. ആ കാലത്തുതന്നെ വർണ്ണചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന വിഷയത്തിലും ഗ്രീൻ പരിശ്രമിക്കാതിരുന്നില്ല.

ഈ പറഞ്ഞ 50 അടി നീളമുള്ള (ഫിലിം) ചിത്രം പ്രദർശിപ്പിച്ചതു് 1895-ൽ പാരീസിൽവച്ചായിരുന്നുവെന്നത്രെ. അന്നുണ്ടായ ആൾത്തിരക്കു പറഞ്ഞറിയിക്കാൻവയ്യാത്തവിധമുണ്ടായിരുന്നുപോലും. ആ കൊല്ലംതന്നെ ഇംഗ്ലണ്ടിലും ചില ചിത്രങ്ങൾ പ്രദർശിക്കപ്പെട്ടു.

ഈവിധം പാശ്ചാത്യരാജ്യത്തു് അങ്കുരിച്ചുവളർന്ന സിനിമാപ്രസ്ഥാനം ഇൻഡ്യയിൽ ആദ്യമായി എത്തിയതു് 1896-ൽ ആയിരുന്നു എന്നാണു് ചില സിനിമാചരിത്രകാരന്മാർ പറയുന്നതു്. ആ ഭാഗ്യം ലഭിച്ചതോ? ജനനിബിഡമായ ബോംബെ പട്ടണത്തിനുമാണു്. അവിടത്തെ പ്രശസ്തമായ ഒരു ഹോട്ടലിൽ രണ്ടു ഫ്രഞ്ചുകാർ

കൊട്ടപ്പുന ഗോവിന്ദഗണകൻ

പ്രദർശിപ്പിച്ച മൂകചിത്രം ഇൻഡ്യൻ സിനിമാചരിത്രത്തിലെ അനശ്വരമായ ഒരു വ്യക്തസംഭവമാണെന്നുള്ളതിൽ പക്ഷാന്തരമില്ല.

പിന്നെയും 4 വർഷത്തിനുശേഷം അതായതു് 1900-ലാണു് ബോംബെയിൽ ഒരു തീയറ്റർ സ്ഥാപിക്കപ്പെട്ടതു്. ഇൻഡ്യയിലെ ആദ്യത്തെ തീയറ്റർ ആയിരുന്നു അതു്. അവിടെ പ്രഥമതഃ പ്രദർശിപ്പിച്ചതു ക്രിസ്തുചരിത്രമായിരുന്നു. വീണ്ടും ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞു. അപ്പോഴേയ്ക്കും അതേ 1912-ൽ ഫാൽകെ എന്നൊരു പാശ്ചാത്യൻ ഒരിൻഡ്യൻചിത്രം നിർമ്മിച്ചു് ബോംബെയിൽ പ്രദർശിപ്പിച്ചു. ഈ ചിത്രത്തിൻെറ പേർ ഹരിശ്ചന്ദ്രചരിതമെന്നാണു്. ഇവിടംവരെയും സിനിമയുടെ പൂർവ്വരൂപമാകുന്നു.

ഇനി സിനിമയുടെ മററു ചില വശങ്ങളെക്കൂടിയും ഏകദേശമായി സ്പർശിച്ചുകൊള്ളട്ടെ.

ഇതര ദൃശ്യകലാപ്രസ്ഥാനങ്ങളിൽനിന്നെല്ലാം സിനിമയ്ക്കു് വ്യാവർത്തകമായ പ്രത്യേകതയുള്ളതു്, അതിൻെറ സാങ്കേതികബാഹുല്യമാണു്. അഥവാ ഇത്രമാത്രം സങ്കേതജടിലത നിറഞ്ഞ ഒരു കലാപ്രസ്ഥാനവും ഈ ഭൂമുഖത്തില്ല. കാലത്തേയും, ദേശത്തേയും, സംഭവങ്ങളെയും വിഴുങ്ങിക്കളയുവാൻ തക്ക കെല്പു് ആ സങ്കേതങ്ങൾക്കുണ്ടു്. ഫോട്ടോഗ്രാഫിയുടെ അതിവിസ്തൃതമായ വദനഗഹ്വരത്തിലാണു് താദൃശസങ്കേതങ്ങൾ കുടിയേറിപ്പാർത്തിരിക്കുന്നതു്. സംഭവങ്ങളെ, കാലദേശവ്യാപ്തമായ ഘട്ടങ്ങളെ, ഏകകാലത്തു് അവ ചൊല്പടിക്കു നിർത്തി ഒരു മാജിക്കാരനെപ്പോലെ അനുസരിപ്പിക്ക

THE AARON SPINNING & WEAVING MILLS LTD.

PAPPINISERI, N. MALABAR.

MANUFACTURERS OF:-

SUPERIOR MULLS (Bleached & unbleached)
LONGCLOTHS, SHIRTINGS Etc.
Suitable for Export Markets.

Enquiries for export trades solicited.

ന്നു. നമ്മെ അത്ഭുതപരതന്ത്രരാക്കുന്ന അടിപിടികൾ, അതിവേഗത്തോടുകൂടിയ കുതിരയുടെ കുതിക്കൽ, കാറിന്റെ പോക്കു് തുടങ്ങിയവയെല്ലാം ക്യാമറായുടെ കൗശലത്തോടുകൂടി സാധിക്കുന്ന ട്രിക്കുകളാണു്.

സാധാരണ ഫിലിം എടുക്കുന്നതും, പ്രദർശിപ്പിക്കുന്നതും, സെക്കൻറു് ഒന്നിനു് 24 ചിത്രങ്ങൾ അഥവാ—ഒന്നര അടി നീളംവരുന്ന ഫിലിം—എന്ന നിരക്കിനാണത്രെ. ഈ ക്രമം ഒന്നു തിരിച്ചിട്ടാൽ വിപരീതാനുഭവം നമുക്കുണ്ടാവുകയായി. അതായതു് 24 എന്നതിലധികം വേഗതയിൽ ഫിലിം എടുത്തു് 24 എന്ന ക്രമത്തിൽ പ്രദർശിപ്പിക്കപ്പെടുന്നപക്ഷം സ്ക്രീനിൽ മന്ദഗതി അനുഭവപ്പെടും. ഇതുപോലെ മറിച്ചും. ഇതിൽതന്നെ വേഗതയിൽ ഫിലിമെടുത്തു സാധാരണവേഗതയിൽ പ്രദർശിപ്പിക്കപ്പെട്ടാൽ ദ്രുതഗതി അനുഭവപ്പെടുമെന്നർത്ഥം. ഈ ക്യാമറാപ്രയോഗം കണ്ടുപിടിക്കപ്പെട്ടതു് 1910-നു ശേഷമാണു്.

മിക്കവാറും ഈ കാലത്തോടു് അടുത്താണു ക്ലോസപ്പ് എന്ന സമ്പ്രദായവും ആവിർഭവിച്ചതു്. ഇതിന്റെ ഉപജ്ഞാതാവു് ഡേവിഡ് വാക്ക് ഗ്രിഫ്ത് എന്ന മാന്യനാണു്. ഇതോടുകൂടി സിനിമക്കു ചില പ്രത്യേകതകൾ ഉണ്ടായി എന്നു പറയേണ്ടതില്ലല്ലോ. കഥാപാത്രങ്ങളുടെ മുഴുവൻ രൂപവും സ്ക്രീനിൽ കാണിക്കാതെ പ്രധാനാവയവം മാത്രം പ്രദർശിപ്പിക്കപ്പെട്ടാൽ ആ ഷോട്ടിനു് അധികം ശക്തിയുണ്ടാകുമെന്നു് അനുഭവം കണക്കാക്കി. അതു തെററിയതുമില്ല.

ഇതുകൊണ്ടും സിനിമയുടെ സാങ്കേതികങ്ങൾ അവസാനിച്ചില്ല. ഗ്രിഫ്ത് തന്നെ മറെറാരു പരിഷ്ക്കാരം കൂടി വരുത്തി സിനിമയിൽ. അതാണു് എഡിററിംഗ്. ഇതുകൊണ്ടു സിനിമാചിത്രത്തിനു ഔചിത്യം, ഓജസ്സ് തുടങ്ങിയ ഗുണങ്ങൾ നേടുവാൻ കഴിഞ്ഞു. ഒരു ചിത്രത്തെ സംബന്ധിച്ചിടത്തോളം എഡിററിംഗ് മുക്കാൽ പങ്ക് വിജയത്തിനു നിദാനമാകുന്നു.

പിന്നെ, സിനിമയിൽ അള്ളലാഗ്രം വ്യതിയാനം വരുത്തിയ ഒരു ഉപാധിയാണു സ്വനഗ്രാഫിയുടെ അവിഷ്ക്കാരം. 1931 ലാണെന്നു തോന്നുന്നു മൂവി സിനിമ—ളോ

ക്കി സിനിമയായി മാറിയതു്. മൂവി ആയിരുന്ന കാലത്തു—മലയാളത്തിൽ രണ്ടു ചിത്രങ്ങളുണ്ടായിട്ടുണ്ടെന്ന വസ്തുതയും മറന്നുകൂടാ. 931—ൽ 932-ൽ മാർത്താണ്ഡവർമ്മയും, 33—ൽ വിഗതകുമാരനും.

ടോക്കിയായതോടൊപ്പം സിനിമയ്ക്കു് ഉണ്ടായ വളർച്ച ഇരുന്നെഴുന്നേററ മാതിരിയാണു്. കഥ വേണമെന്നായി. സംഭാഷണം വേണമെന്നായി. പാട്ടുകൾ വേണമെന്നായി. ഇങ്ങനെ ഇങ്ങനെ സിനിമ ബഹുജനങ്ങളുടെ ശ്രദ്ധയേയും, ചിന്തയേയും ആവാഹിച്ചു. വാസ്തവത്തിൽ ഇവിടം മുതൽക്കേ സിനിമ ഒരു കല–കലയാണെങ്കിൽ–ആയി പരിഗണിക്കപ്പെടേണ്ടതുള്ളു.

ഇൻഡ്യയിൽ പ്രഥമതഃ ജന്മമെടുത്ത ടോക്കി സിനിമ "അലം അര"യും (ഹിന്ദി) തമിഴിൽ ശ്രീനിവാസകല്യാണവും, മലയാളത്തിൽ ബാലനും ആണെന്ന വസ്തുത നാം അറിഞ്ഞിരിക്കേണ്ടതാണു്.

ഇത്രയും പറഞ്ഞതുകൊണ്ടു സിനിമ 90 ശതമാനവും സങ്കേതനിഷ്ഠമായൊരു ദൃശ്യപ്രസ്ഥാനമാണെന്നു സ്പഷ്ടമായിട്ടുണ്ടാവുമല്ലോ. സങ്കേതം എന്നു ഞാൻ ഇവിടെ പറയുന്നതു സാഹിത്യപരമായ സങ്കേതം എന്ന അർത്ഥത്തിലല്ല. യാന്ത്രികമായ സങ്കേതം എന്നാണു വിവക്ഷിതം. ആദ്യമായും അവസാനമായും സിനിമാ യാന്ത്രികമാകുന്നു. അക്കാരണത്താൽ സിനിമയുടെ കലാത്വം സംശയാധീനവുമാകുന്നു. സിനിമാ വിമർശകന്മാരിൽ ചിലരുടെ അഭിപ്രായമാണിതു്. ഇതിൽ ഒട്ടൊക്കെ കഴമ്പില്ലാതില്ല. ഉൽഭവവും, അനുഭവവും, യന്ത്രനിക്ഷിപ്തമാകുന്നു. സൃഷ്ടിയാന്ത്രികം, അതിന്റെ പ്രദർശനം യാന്ത്രികം പിന്നെ യാന്ത്രികത്വത്തിൽനിന്നും ഒഴിഞ്ഞു നിൽക്കുന്നവർ കാഴ്ചക്കാരും കേൾവിക്കാരുമായി ചെന്നുകൂടുന്ന പാവങ്ങളാണു്. അതിനാൽ സിനിമകല–ശരിയായ കല–എന്നു കരുതി വിമർശിക്കേണ്ടതില്ല. അഥവാ–മോട്ടോർകാറും, തീവണ്ടിയും മററും മററും കലയാണെന്നു വരുന്ന കാലം ഉണ്ടാവണം. എന്നാൽ ഇതൊരു വശം മാത്രമാണു്. എന്തുകൊണ്ടു്? നാം കല എന്നു വിധിച്ചിട്ടുള്ള പലതും ഏറെക്കുറെ വിട്ടുവീഴ്ചയോടുകൂടി മാത്രമേ കലയാവുകയുള്ളു. ഈ വിട്ടുവീഴ്ചയുടെ പേരാണു സഹൃദയത്വം. എണ്ണി എണ്ണി തർക്കിക്കാൻ നിന്നാൽ ഒന്നും കലയല്ലെന്നു സാധിപ്പാൻ പ്രയാസമില്ലെന്നു ചുരുക്കം.

കലയുടെ മൗലികമായ ധർമ്മവും, സ്വഭാവവും, വികാരാവിഷ്കരണവും, വികാരജനകത്വവുമാണു്. ഇതു പരക്കെ അംഗീകൃതമായിട്ടുള്ള കലാതത്വമാണല്ലോ. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ സിനിമ കലയാണെന്നുള്ളതു വിവാദം അർഹിക്കുകയില്ല. പക്ഷേ വികാരജനകത്വമെന്നു പറയുമ്പോൾ അതിനു വിശ്വാസയോഗ്യതയില്ലെങ്കിൽ അനർത്ഥമായേ കലാശിക്കൂ കേൾക്കുകയും കാണുകയും ചെയ്യുന്നവർക്കു്—അനുഭോക്താക്കൾക്കു് എന്നു സാരം—അതങ്ങിനെയാണെന്നു് ഉറപ്പു ഉണ്ടാവണം. ഈ ഉറപ്പുണ്ടാക്കുന്നതിൽ വിജയിക്കുന്നുവെങ്കിൽ അതു കലാസൃഷ്ടിയായി — കലാധർമ്മത്തെ അനുസരിക്കലായി. സിനിമയ്ക്കു് യന്ത്രജനിതമായ ഒട്ടനവധി സൗകര്യങ്ങൾ ഉള്ള സ്ഥിതിക്കു് ഇപ്പറഞ്ഞ വിശ്വാസ്യത ജനിപ്പിക്കുവാൻ വളരെയധികം ഏകാഗ്രത വിധായകന്മാർ ദീക്ഷിച്ചേ പോരൂ. വിധായകന്മാർ മാത്രം പോരാ—നടീനടന്മാരും. ഇവിടെ ഒരു നടന്ന കഥ ഉദ്ധരിക്കാൻ തോന്നുന്നു. കുറെ വർഷങ്ങൾക്കു മുമ്പാണു്. നല്ലതങ്ക—സംഗീതനാടകമൊരു വെളിമ്പറമ്പിൽ നാട്ടുകാരിൽ ചിലർ ചേർന്നു പഠിച്ചരങ്ങേറി. ഓല ചാച്ചുകെട്ടിയ അഭിനയവേദിയും, തെങ്ങും, വാഴയും നിറഞ്ഞ പുരയിടം സദസ്യവേദിയും. നാടകം പൊടിപൊടിച്ചു മുന്നേറി നല്ലതങ്ക കുട്ടികളെ കിണററിൽ പെറുക്കി ഇടുന്ന ഭാഗം വന്നു. അപ്പോഴേയ്ക്കും സ്റ്റേജിനോടു് അടുത്തു പായ്‌ വിരിച്ചിരുന്ന പെണ്ണുങ്ങളിൽ ഒരുവൾ സങ്കടത്തോടെ അടുത്തിരുന്ന കൂട്ടുകാരിയോടു പറഞ്ഞു. എടി ലക്ഷ്മീ–നീ കണ്ടോ–നല്ലതങ്ക കുഞ്ഞുങ്ങളെ കിണററിൽ ഇടുന്നതു്. എനിക്കു് ഇതു കാണാൻ വയ്യ. ഇങ്ങ

അശോക ബാലകല്പ

ശിശുക്കളുടെ ഒരു ഉത്തമ ടോണിക്ക്

ആരോഗ്യം നശിച്ച്, കൈകാൽ മെലിഞ്ഞു വയറുന്തി, നെഞ്ച് കുരച്ച്, രക്തപ്രസാദമില്ലാതെ, കരപ്പനും ചൊറിയും നിറഞ്ഞു ശോഷിച്ച ശിശുക്കളുടെ ആരോഗ്യം വീണ്ടെടുക്കാമെന്ന് ബാലകല്പ ഉറപ്പു തരുന്നു.

അശോക ആയുർവേദിക്ക് ഫാർമസി

പന്നിയങ്കര, കോഴിക്കോട് —3.

അന്തരിച്ചുപോയ വൈദ്യരത്നം പി. എസ്. വാര്യരുടെ

ആര്യവൈദ്യശാല

ഹെഡ്ആഫീസ്.— കോട്ടയ്ക്കൽ, തെക്കേമലബാർ.

ബ്രാഞ്ചുകൾ—കോഴിക്കോട്, പാലക്കാട്, തിരൂർ & ഈറോട്.

ഇവിടെ ചിരപരിചയം സിദ്ധിച്ച വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിൽ ആയുർവേദ വിധിപ്രകാരമുള്ള മരുന്നുകൾ നിർമ്മിച്ചുവരുന്നു.

ധാര, പിഴിച്ചൽ, ഞവരക്കിഴി മുതലായ പ്രത്യേക ചികിത്സകൾ പ്രധാന വൈദ്യൻ ശ്രീ. പി. എം. വാര്യരുടെ മേൽനോട്ടത്തിൽ കോട്ടയ്ക്കൽ വെച്ച് നടത്തുന്നതാണ്.

സർപ്പവിഷം മുതലായ വിഷങ്ങൾക്കുള്ള ചികിത്സയും ഇവിടെ ഏർപ്പാടുണ്ട്.

അധിക വിവരങ്ങൾക്ക് ഹെഡാഫീസിലേക്ക് എഴുതിച്ചോദിക്കുക, ഔഷധപ്പട്ടിക സൗജന്യം.

എന്നു, മാനേജർ.

നെയുമുണ്ടല്ലോ പെററതള്ളമാർ. കേട്ടിരുന്നവളുടെ മറുപടി ഇതായിരുന്നു. നീ ഇത്ര പൊട്ടിയായിപ്പോയല്ലോടീ—എടീ നല്ലതങ്ക അരങ്ങത്തിലെ പപ്പുവല്ലേ. കിണററല്ല വെറും കുഴിയാ—അടിയ്ക്കു കയററുവല വലിച്ചുകെട്ടിയിട്ടുണ്ട്. എങ്കിലും എൻെറ പോഴീ നീ ഇത്ര ശുദ്ധഗതിക്കാരത്തിയായിപ്പോയല്ലോ കഷ്ടം." പപ്പുവിൻെറ നല്ലതങ്കയായ അഭിനയവും, കുഞ്ഞുങ്ങളെ കിണററിലിടലും ഒക്കെ പൊളിഞ്ഞു എന്നു തീർച്ച. വിശ്വസിപ്പിക്കാൻ സാധിക്കാത്ത വിധം പരാജയപ്പെട്ടു. വിശ്വസിച്ച മററവളാകട്ടെ, എന്തും വിശ്വസിക്കുന്ന പ്രകൃതക്കാരിയും. ഏതായാലും കലാസ്വാദനലോകത്തിൽ ഈ രണ്ടു കൂട്ടരും എന്നും കാണും. ഏറിയപങ്കും വിശ്വാസജനകമായിരിക്കുക എന്ന പ്രമാണമാണവിടെ പരിഗണനീയം. അല്ലെങ്കിൽ അതു കലയല്ല. ചുരുക്കിപ്പറഞ്ഞാൽ, കല കലയാകുന്നതു്, അതു കലയല്ലാത്തവണ്ണം അനുഭവപ്പെട്ടപ്പോഴാണെന്ന തത്വം സർവ്വത്ര സമാദരണമർഹിക്കുന്നു.

ഈ മാനദണ്ഡമാണു സിനിമയിലും ഉപയോഗിക്കേണ്ടതു് എന്നത്രേ എൻെറ അഭിപ്രായം. കലയും, കലാസൃഷ്ടിയും തന്നെ പ്രായോഗികമായി രണ്ടാണെന്നും അറിഞ്ഞിരിക്കണം. ഉപ്പും ഉപ്പിലിട്ടതും പോലെ. ഈ ഭാഗം ഞാനധികം വിസ്തരിക്കുന്നില്ല. സിനിമ കലാസൃഷ്ടിയാണെന്നു നാം സമ്മതിച്ചേ പററൂ എന്നാണിത്രയും പ്രതിപാദിച്ചതിൻെറ ചുരുക്കം.

വികാരത്തെപ്പററി മുമ്പു പറഞ്ഞല്ലോ. വികാരത്തെ ജനിപ്പിക്കാൻ ഉതകിയാൽ പോരാ സിനിമാ. ആ വികാരം മനുഷ്യൻെറ സാമൂഹിക സംസ്കാരത്തെ—സദാചാരബോധത്തെ—ഉയർത്തുവാൻ പര്യാപ്തമായിരിക്കണം. കുറഞ്ഞപക്ഷം അവയെ നശിപ്പിക്കുന്നവയായിരിക്കരുതു്. ഈ തോതു വച്ചളന്നാൽ ഇൻഡ്യൻ സിനിമാപ്രസ്ഥാനം അത്രയധികം പ്രശംസാവഹമല്ലെന്നു തീർച്ച. ദൃശ്യകലകളുടെ എല്ലാ വിഭാഗവും ചേരുന്ന സിനിമ ജനതയോടു വളരെ ബാദ്ധ്യസ്ഥമാണെന്ന കാര്യം ഓർക്കണം. സംഗീതം, നാട്യം, നൃത്തം, ചിത്രം, ശില്പം എന്നു വേണ്ട ലളിതകലകളെല്ലാം സിനിമയിൽ അന്തർഭവിക്കുമല്ലോ. പക്ഷെ, ഇവയൊക്കെ മനുഷ്യൻെറ സദ്വികാരങ്ങളെ ഉണർത്താനും, ഉയർത്താനുമല്ല സിനിമയിൽ ഘടിപ്പിക്കുന്നതു് എന്നു പറയുമ്പോൾ സിനിമയോടു ബന്ധപ്പെട്ടവർ ക്ഷമിക്കണം. "സെക്സ് അപ്പീൽ" എന്നൊരു ധർമ്മത്തെ മറെറന്തിലും മീതേ വളർത്തി, ഹൃദയത്തിൽ കിക്കിളി ഉളവാക്കി, സ്വാർത്ഥം നേടു

വാനാണ് ലളിതകലകളെ പ്രവേശിപ്പിക്കുന്നതു്. സംഗീതത്തിന്റെ കാര്യം നോക്കൂ. പ്രേമാഭ്യർത്ഥനയല്ലാത്ത ഒരു ഗാനവും, ഇൻഡ്യൻസിനിമകളിൽ കേൾക്കാറില്ല. ഹിന്ദി, തമിഴ് ഈ സിനിമയും, പൃാമേ മലയാളവും. ഗാനരചയിതാക്കളാണ് ഇതിനു സമാധാനം പറയേണ്ടതു്. അവരുടെ സമാധാനം ഇതായിരിക്കും. ലക്ഷക്കണക്കിനു രൂപ മുടക്കി പടം പിടിക്കുന്ന മുതലാളിമാർക്ക് അവരുടെ പണവും, പലിശയും, ലാഭവും ഈടായികിട്ടാൻ അവർ നിർദ്ദേശിക്കുന്ന മാർഗ്ഗം അനുസരിക്കാതെ പോംവഴിയില്ല. അവർക്കു പണമാണ് എന്തിനേക്കാളും പ്രധാനം. എന്നാൽ, ഈ സമാധാനത്തിൽ ശരിയുണ്ടെങ്കിലും, മുഴുവൻ സമ്മതിച്ചുകൊടുക്കുവാൻ നിർവ്വാഹമില്ല. എന്തുകൊണ്ടെന്നോ? അല്ലയോ പാട്ടെഴുത്തുകാരേ—താങ്കൾക്കു മററു വല്ല പണിക്കും പൊയ്ക്കൂടെ—എന്നു വിവരമുള്ളവർക്കു ചോദിക്കാനുണ്ടാകും.

ഇനി ഇപ്പറഞ്ഞ സംഗീതത്തെപ്പററി ഒന്നു ചികഞ്ഞുനോക്കുക. സിനിമയ്ക്കു വേണ്ടിയ സംഗീതം അതൊന്നു പ്രത്യേകമാണ്. നാമൊക്കെ ശാസ്ത്രീയമെന്നു കരുതിയിട്ടുള്ള സംഗീതമല്ല അതു്. ഏററവും ശാസ്ത്രീയമായതു കർണ്ണാടകസംഗീതമാണെന്ന് എല്ലാവർക്കും അറിയാമല്ലോ. ഇതിനോടടുത്ത ശാസ്ത്രീയത ഉത്തരേന്ത്യൻ സംഗീതത്തിനുമുണ്ട്. പക്ഷെ ഇതൊക്കെ "ക്ലാസിക്കൽ" എന്ന മുദ്രകുത്തി പിൻനിർത്തിക്കൊണ്ട്, സമ്മിശ്രരംഗങ്ങളേയും, സങ്കലിതബന്ധങ്ങളേയും മുന്നോട്ടുന്തിക്കൊണ്ടു വന്ന് അവയെക്കൂട്ടിപ്പിച്ച് അക്ഷരം നിരത്തി "ട്യൂൺ" ക്രമപ്പെടുത്തലാണിന്നത്തെ സിനിമാസംഗീതം. ഹിന്ദിയിലാണ് ഈ സമ്പ്രദായം ഉയിർക്കൊണ്ടതു്. സ്വരസ്ഥാനങ്ങളെ രാഗത്തോളം നേർപ്പിച്ച് ഇംഗ്ലീഷുമട്ടിൽ ട്യൂൺ ചെയ്താണ് ഹിന്ദിസംഗീതം രചിക്കപ്പെടുന്നതു്. ഈ രചനയും, ഇതിന്റെ ആലാപനവും സുസാദ്ധ്യമാണ്. പഠിക്കാതെ പഠിച്ചതുപോലെ പാടാമെന്നർത്ഥം. നൗഷാദ്, ശങ്കർ, ജയകിഷൻ, രാമചന്ദ്ര ഇവരാണ് ഹിന്ദിയിൽ ഗാനരചനയുടെ കുത്തകാവകാശം ഏറെറടുത്തിരിക്കുന്നതു്. എന്നാൽ ഒന്നു പറയണം. കേൾക്കാൻ വളരെയിമ്പമുണ്ടിവയ്ക്കു്. ഈ ഇമ്പം ദഹനശക്തി കുറഞ്ഞ ആളിനു് ഗോതമ്പുറൊട്ടി ഇമ്പമാകുന്നതുപോലെ മാത്രമാണ്. ഹിന്ദിയിലെ പ്രസ്തുത സംഗീതഭ്രമം തമിഴിനേയും, തുടർന്നു മലയാളത്തേയും ബാധിച്ചു. തമിഴിന്റെ കാര്യം വിട്ട് മലയാളത്തെപ്പററി രണ്ടു വാക്കു പറയാം. ഷട്കാലഗോവിന്ദമാരാരുടേയും സ്വാതിതിരുനാളിന്റേയും ജന്മഭൂമിയായ മലയാളദേശം, സിനിമയുടെ ആവശ്യപോഷണാർത്ഥം സംഗീതപരമായി അധഃപതിച്ചതു വേദനാജനകമാകുന്നു. സംഗീതത്തിനു വ്യതിചലനം ഉണ്ടാവരുതെന്നല്ല വിവക്ഷിതം. കെട്ടുകുററിക്കു വട്ടമിടുന്ന പശുവിനെപ്പോലെ കുറെ പ്രമാണങ്ങളെ വട്ടമിട്ടുകൊണ്ടിരിക്കണം സംഗീതം എന്നുമല്ല വാദം. കാലികമായ മാററം ശ്രുതിഭേദർക്കും തന്നെ. എന്നാൽ, ആ മാററത്തിനു് അടിസ്ഥാനമുണ്ടായിരിക്കണം. അടിസ്ഥാനമെന്നു ഞാനിവിടെ പറയുന്നതു ശാസ്ത്രീയത എന്ന അർത്ഥത്തിലാണ്. ഏററവുമധികം നിയമങ്ങളെ അനുസരിക്കുന്ന സംഗീതം കർണ്ണാടകസംഗീതമാണെന്നു നിങ്ങൾക്കറിയാമല്ലോ. സ്വരങ്ങൾ, സ്വരസ്ഥാനങ്ങൾ, രാഗതാളങ്ങൾ, ലയം ഇവയ്ക്കെല്ലാം പ്രത്യേകമായ സ്വഭാവവും ധർമ്മവും ഉണ്ട്. ഈ സ്വഭാവധർമ്മങ്ങൾ മനസ്സിനേയും, ശരീരത്തേയും ആരോഗ്യമുള്ളതാക്കിത്തീർക്കുവാൻ കെല്പുള്ളവയുമാണ്. ശബ്ദാധിഷ്ഠിതമായ പ്രപഞ്ചത്തിന്റെ ഭാവങ്ങൾക്കു സ്ഥൂലവും സൂക്ഷ്മവുമായ പടികളിലൂടെ അനുഭവവേദ്യത ഉണ്ടാക്കിക്കൊടുക്കുക എന്നതാണു സംഗീതത്തിന്റെ പരമധർമ്മം. ഇതിനായി അംഗീകരിക്കപ്പെട്ടിട്ടുള്ള "സ്റ്റെപ്പ്"കളാണു ശാസ്ത്രശാസനങ്ങൾ. അവയെ പരിഗണിക്കേണ്ടതില്ല എന്നു പരിഷ്ക്കാരത്തിന്റെ ചേരിയിൽ നിന്നു വാദിക്കുന്നവർ അറിയാതെ ആത്മഹത്യ ചെയ്യുകയാണ്.

ഇപ്പോൾ കുറെ പുരോഗമനസംഗീതക്കാർ ഇറങ്ങിയിട്ടുണ്ട്. അവർക്കിതൊന്നും പിടിക്കുകയില്ല. അവർ പുറപ്പെടുവിക്കുന്നതു ശബ്ദവും സംഗീതവും അവർ വളച്ച് ഒടിച്ചുവയ്ക്കുന്ന ഏതു് അക്ഷരവും ഗാനവും ആണത്രെ. ഇതിൽപ്പരം അജ്ഞത മററില്ല. സംഗീതത്തിന്റെ ജീവശ്വാസം രാഗമാണ്. അതു ആശ്വസിക്കുന്ന ശരീരമാണ് താളം. ഈ രാഗവും താളവും ചേർന്നേ സംഗീതം മൂർത്തമാവുകയുള്ളൂ. പുരോഗമനക്കാരാകട്ടെ—രാഗത്തെ കല്മഷമാക്കും, വികലവും, സങ്കലിതവുമാക്കുന്നു. അതിൽനിന്നും ഉൽഭിന്നമാവുന്ന ട്യൂണുകൾ ക്ഷണികങ്ങളാവുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ. പിന്നെ രാഗത്തെ ഭേദിക്കാൻ വയ്യാത്തതുകൊണ്ട് താളം രക്ഷപ്പെടുന്നു, എന്നാൽ ദുരാത്മാവ് പ്രവേശിച്ച ശരീരംപോലെ അനിശ്ചിതവും, ഭ്രാന്തവുമാണതു് എന്ന സത്യം വിസ്മരിച്ചുകൂടാ.

ഈ സമ്പ്രദായം മിക്കവാറും അനുകരണത്തിൽ നിന്നും ഉടലെടുക്കുന്നതാണ്. ഹിന്ദി ട്യൂണുകളെ—അവ ഉൾക്കൊള്ളുന്ന അർത്ഥത്തെയും—കോപ്പി ചെയ്യുകയത്രെ നമ്മുടെ പാട്ടെഴുത്തുകാർ ചെയ്യുന്നതു്.

CHEAP & DURABLE COTTON HOSIERY

K. K. C.

SOLE AGENT FOR CALICUT TO PALGHAT:—

V. Madhavan Nair.
Tiruvannur Road
Kozhikkode 3.

KHADAR KNITTING Co.

Post Box No. 33.

TIRUPUR.

നമ്മുടെ പാട്ടെഴുത്തുകാർക്ക് സംഗീതത്തെപ്പററി ശാസ്ത്രീയമായി ഒന്നുമറിഞ്ഞുകൂടാ. അക്ഷരത്തിന് അക്ഷരം വയ്ക്കുകയേ അവർ ചെയ്യുന്നുള്ളൂ. കമ്പോസിററർക്ക് വാചകഭംഗിയും, അർത്ഥശുദ്ധിയും നോക്കേണ്ട കാര്യമില്ലല്ലോ. ഈ കഴിവുകേടിനാലാണ് നമ്മുടെ സിനിമകളിൽ ഒറിജിനാലിററിയുള്ള ട്യൂണുകൾ കേൾക്കാൻ സാധിക്കാത്തത്. അഭയദേവിന്റെ 'യാചക'നിലെ ചില ഗാനങ്ങൾ ഒറിജിനാലിററിയുള്ളവയാണെന്നുള്ള വസ്തുത ഇതിന് അപവാദമാകുന്നു. അത്രയും ആ അനുഗൃഹീതഗാനരചയിതാവ് പ്രശംസനാർഹമാകുന്നു.

പലരും പുകഴ്ത്തിപ്പറയാറുള്ള പി. ഭാസ്കരന്റെ ഗാനങ്ങൾ പരാജയങ്ങളാണെന്നാണ് എന്റെ വിശ്വാസം. നല്ല വാക്കുകളും, അക്ഷരങ്ങളും, കൊണ്ടുള്ള ചെടപ്പിവേലയേ ഞാൻ ഭാസ്കരന്റെ ഗാനത്തിൽ കാണുന്നുള്ളൂ, കേൾക്കുന്നുള്ളൂ. ഹിന്ദിക്കാർ പാട്ടെഴുത്തു നിർത്തിയാൽ ഭാസ്കരൻ കറങ്ങിയതുതന്നെ. സംശയമില്ല. വളർന്നുവരുന്നൊരു ഗാനകൃത്ത് എന്നനിലയിൽ മള്ളൂർ രാമകൃഷ്ണനും ആശാവഹനത്രേ. കുറേക്കൂടി ശാസ്ത്രപരിചയം നേടുന്നപക്ഷം രാമകൃഷ്ണന് നല്ലൊരുഭാവി കരസ്ഥമാക്കാം. പങ്കജമല്ലിക്കിന്റെ "നേരേ—ഉദിർ—എന്ന ഗാനത്തെ അനുകരിച്ച് രാമകൃഷ്ണൻ രചിച്ച "നീലമഞ്ജുളരാവിൽ" എന്നു തുടങ്ങുന്ന ഗാനം അനുമോദനാർഹമാണ്. ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ സിനിമാസംഗീതം വളരണമെങ്കിൽ ഒറിജിനാലിററിയുള്ള ട്യൂണുകൾ കല്പിക്കാൻ കഴിവുള്ളവർ ഗാനരചയിതാക്കളായി വരണം.

[അടുത്തതായി അഭിനയത്തെപ്പററി രണ്ടുവാക്ക്] ഇനി പലഘട്ടങ്ങളേയും വിട്ട്, നേരേ സിനിമയിലെ സാഹിത്യത്തിലേക്ക് പ്രവേശിക്കുകയാണ്. സിനിമയും, സാഹിത്യവും തമ്മിൽ ബന്ധിക്കപ്പെട്ടതു ടോക്കിയുടെ ആവിർഭാവം മുതൽക്കാണല്ലോ. അപ്പോഴേക്ക് ഒരു കഥയുടെ പ്രകടമായ ആവശ്യം ഉയിർക്കൊണ്ടു. കഥയെന്നു പറഞ്ഞാൽ വെറും പഞ്ജരംമാത്രമാണ് സിനിമയിൽ. അതിന് വേണ്ടിടങ്ങളിൽ വേണ്ടവിധം രക്തവും മാംസവും വിനിവേശിപ്പിക്കണം. ഈ വിനിവേശിപ്പിക്കലിന് ഒന്നിലധികം ഉപാധികളുണ്ട്. ചുരുക്കത്തിൽ ഡയ

ലോഗ്, ഷോട്ട്, സീൻസ്, സെക്വൻസ്സസ്, ഇങ്ങനെ അവയെ വിഭജിക്കാം. കഥ നോവലോ, നാടകമോ, ചെറുകഥയോ ആവാം. എന്തായാലും സിനിമയെ സംബന്ധിച്ചേടത്തോളം, വൃക്ഷത്തിന് അരിപോലെ പ്രാധാന്യമുണ്ട് കഥയ്ക്ക്. അതിന് ശിഖരങ്ങളും, ഇലച്ചില്ലകളും, ഇലകളും മററും, ജനിക്കണമെങ്കിൽ ഇപ്പറഞ്ഞ ഉപാധികൾ ഏർപ്പെടുത്തണം. എങ്കിലേ അതിനു സ്ക്രീനിൽ കഥയുടെ രൂപവും, ഭാവവും ലഭിക്കുകയുള്ളൂ. കഥാകല്പനം അത്രമാത്രം ആയാസകരമല്ല. എന്നാൽ—കഥയെടുത്ത് സിനിമയ്ക്കുതകുംവിധം പാകപ്പെടുത്തുക ദുഷ്കരവും യത്നസാദ്ധ്യവുമാകുന്നു. ഇതിനു സിനിമയെ സംബന്ധിക്കുന്ന സങ്കേതങ്ങളിൽ നല്ല അറിവും, കഴിവും ഉണ്ടായിരിക്കണം. പേരെടുത്ത പല കഥാകാരന്മാരും സിനിമയിൽ പരാജയപ്പെടുന്നത് ഇതിനാലാണ്.

ഇവിടെ സൂചിപ്പിച്ച ഉപാധികളിൽ സാഹിത്യപരമായി ചിന്തിപ്പാനുള്ളത് ഡയലോഗിനെ കുറിച്ചാണ്. ആദ്യമാദ്യം ഹിന്ദിയിലും, തമിഴിലും ഉണ്ടായ സിനിമ സംഭാഷണങ്ങൾ ദീർഘദീർഘങ്ങളായ പ്രസംഗങ്ങളും ആർഭാടഭരിതമായ വാചകങ്ങളുമായിരുന്നു. കഥാപാത്രങ്ങളുടെ സ്വഭാവം, സന്ദർഭം തുടങ്ങിയവ ഒന്നും നോക്കാതെ വാചകങ്ങൾ അടിച്ചുമാറുകമാത്രം ഇതിനാൽ—ആതരം സിനിമകളിൽ സാഹിത്യചിന്തയ്ക്കു പ്രസക്തിയില്ല. പിന്നെ, പിന്നെ [illegible] ഉണ്ടായ സിനിമകളിൽ കുറെക്കൂടി നിഷ്കർഷ ഇക്കാര്യത്തിൽ തെളിഞ്ഞുകാണാനുണ്ട്. ഇൻഡ്യൻ സിനിമയെ സംബന്ധിച്ച്, ശാന്താറാം ഡയറക്റ്റ് ചെയ്ത ദഹേജ്, കോട്നീസ് ഇവ സ്മരണാർഹങ്ങളാകുന്നു.

പുരോഗമിക്കുന്തോറും, ഇൻഡ്യൻ സിനിമ മററു പലതിലുമെന്നപോലെ സാഹിത്യത്തിലും അധഃപതിക്കുന്നു എന്നാണ് എന്റെ അഭിപ്രായം. "അവാര"യേയും, "ചന്ദ്രലേഖ"യേയും ചൂണ്ടിക്കാട്ടുവാൻ ഞാൻ മടിക്കുന്നില്ല. മലയാളസിനിമയിൽ മുതുകുളത്തിന്റെ സംഭാഷണമാണ് എന്നെ ഏററവും സ്പർശിച്ചിട്ടുള്ളത്, പിന്നാലെ "നവലോക"ത്തിലെ സംഭാഷണം. കേൾവിക്കാരനു തോന്നണം, കുറിക്കുകൊണ്ടു ആ വാചകം എന്ന്. എങ്കിലേ സംഭാഷണം വിജയിച്ചു എന്നു പറയാൻ സാധിക്കൂ.

ഇപ്പോളിപ്പോൾ കഥതന്നെവേണമെന്നു സിനിമാ മുതലാളിമാർക്കു നിർബന്ധമില്ല. എന്തു കഥയായാലും, എന്തു സംഭാഷണമായാലും സാമ്പത്തികമായി വിജയിപ്പിക്കാൻ അവർക്കു മററു മാർഗ്ഗങ്ങളുണ്ട്. തുണിയഴിച്ചിട്ട നൃത്തങ്ങൾ, സ്തനങ്ങളും നിതംബവും വലിപ്പപ്പെടുത്തികാണത്തക്ക "പോസ്സുകളും" ക്ലോസപ്പുകളും ഒക്കെ പോരെങ്കിൽ കുറെ ചന്തഫലിതവും. ഇതുകൊണ്ടു എന്തുവന്നു? സിനിമ സാഹിത്യപരമായി അങ്ങേഅററം അധഃപതിച്ചു. ഈ ശോചനീയമായ സ്ഥിതി ഹിന്ദിയിലും, തമിഴിലും, മലയാളത്തിലും ഒപ്പമൊപ്പമായിരിക്കുന്നു. ഇതിന് എതിരായി ഒരു സാഹിത്യസമരംതന്നെ പ്രഖ്യാപിക്കേണ്ടതാണ്. വളരെ വിസ്തരിച്ചു പ്രതിപാദിക്കേണ്ട ഈ ഭാഗം സ്ഥലദൌർല്ലഭ്യത്താൽ നിങ്ങളുടെ ചിന്തയ്ക്കു വിട്ടുകൊടുക്കുകയാണു ഞാൻ. ഇതിനു സിനിമാ പ്രസിദ്ധീകരണങ്ങൾ മുൻകയ്യ് എടുക്കേണ്ടതാണ്.

റഷ്യൻ സിനിമയിലെ സാഹിത്യംവളരെ മെച്ചമാണെന്നു കേട്ടിട്ടുണ്ട്. എനിക്ക് അതു് നിശ്ചയംപോരാ. പക്ഷേ, ഞാൻ കണ്ട ഒരു റഷ്യൻപടത്തിലെ ഏകദേശസംഭാഷണവും, കഥാഗതിയും എനിക്കുരസിച്ചില്ല, ഉദാഹരണത്തിനായി ഒരു ഭാഗം ഞാൻ പറയാം:— രണ്ടുകൂട്ടുകൃഷിസ്ഥലങ്ങൾ അവിടുത്തെ യുവതീയുവാക്കന്മാർ അഹമഹമികയാ ഉററുശ്രമിക്കുകയാണ്, കൃഷിവിപുലീകരണത്തിനായി. അങ്ങനെ വരവെ, അവിടത്തെ ഒരു യുവതിയും ഒരു യുവാവും പ്രേമബദ്ധരായി. പ്രേമം മൂത്തു അവർക്കൊന്നു് തമ്മിൽകൂടിയാൽകൊള്ളാമെന്നുണ്ട്. ഇങ്ങനെ കാത്തുകാത്തിരുന്നു. ഒരു സന്ദർഭം അവർക്കു ലഭിച്ചു. യുവതിയും യുവാവും, അഹ്

കേരളാ റീബിൽട്ട് ടയർ

ചിരപരിചയം സിദ്ധിച്ച
സമർത്ഥരായ
പ്രവൃത്തിക്കാരാൽ
ശാസ്ത്രീയമായി
നിർമ്മിക്കപ്പെടുന്നതു്.
ഈടിനും ഉറപ്പിനും
ഉത്തരവാദിത്വമുള്ളതു്.

The Kerala Tyre Retreading Co.

KOZHIKKODE 6.

(Tel: address:—Rebuiltyre, Kozhikkode)

BRANCHES:—Mysore, Nasik, & Jaipur.



ഉദാഭചിത്തരായി. അവർ സംഭാഷണം തുടങ്ങി. അതിങ്ങനെയാണ് "ഓമനേ, ഭവതിയുടെ കുട്ടകൃഷിയിടത്തിൽ കഴിഞ്ഞ പ്രാവശ്യത്തെ ഗോതമ്പ് വിളവ് എങ്ങനെയിരുന്നു? ഉരുളൻകിഴങ്ങും മററും സമൃദ്ധമായി ഉണ്ടാകുന്നുണ്ടോ? ഇതിനു ചേർന്ന ഉത്തരവും? എന്തോ? പ്രേമബദ്ധരായ കാമിനീകാമുകന്മാരുടെ ആദ്യസമാഗമത്തിൽ ഇത്തരം സംഭാഷണരീതി ദൃശ്യമാകുന്നതു് നമുക്കു രസിക്കുകയില്ല. നമ്മുടെ നാട്ടിൽ ഒരു മേരിയും ഒരു തോമ്മസും പ്രേമിച്ചു എന്നു വയ്ക്കുക. അവർ തമ്മിൽ കാണുമ്പോൾ മേരിയുടെ അപ്പൻ ഒരു കാർ വാങ്ങിച്ചു അല്ലേ? എന്നും മറിച്ച്—നാഥാ—കുരുമുളകുവില ഇനിയും കൂടുമോ—എന്നും ചോദ്യോത്തരം നടത്തിയാൽ ശിവനേ! സഹിക്കാൻ പ്രയാസമായിരിക്കും.

ഇത്രയും ഉദാഹരിച്ചതിൻെറ സാരം കഥയും സംഭാഷണവും, തികച്ചും, ഔചിത്യപൂർണ്ണമാവണം എന്നാണു്. നമ്മുടെ സിനിമ ഉടമകൾ കഥയെയും, സംഭാഷണത്തെയും, അവഗണിക്കുന്നു എന്നു പറഞ്ഞാൽ അവർ ക്ഷമിക്കണം. വഴിയെ നടക്കുന്ന വക്കീൽഗുമസ്തനും, പകർപ്പെഴുത്തുകാരനും ഒക്കെയാണു് നമ്മുടെ കഥയെഴുത്തുകാർ. സംഭാഷണരചയിതാക്കൾ പിന്നെ ചോദിപ്പാനുണ്ടോ?

ഈ നില തീർച്ചയായും മാറണം. അതിനു് സാഹിത്യകാരന്മാർ ഒന്നുചേർന്നു സത്യഗ്രഹം നടത്തിയാലും തരക്കേടില്ല.

—ooo—

സ്ത്രീകളുടെ വിവിധ ധർമ്മങ്ങളെ ആർഷഭാരതത്തിന്റെ അഭിമാനസ്തംഭങ്ങളായിരുന്ന പൂർവ്വികാചാര്യന്മാർ നിർവചിച്ചിട്ടുണ്ട്. മനുവിന്റെയും മററും അനുശാസനങ്ങൾ സാധാരണക്കാർക്കു മനസ്സിലാകുന്ന രീതിയിൽ കേരളീയസംസ്കൃതപണ്ഡിതന്മാരിൽ പ്രാമാണ്യം നേടിയിട്ടുള്ള ശിരോമണി ദേശമംഗലത്തു രാമവാര്യർ ഈ ലേഖനത്തിൽ വിശദീകരിക്കുന്നു.

സ്ത്രീധർമ്മങ്ങൾ

(അരുണയ്ക്കു പ്രത്യേകം)

ശിരോമണി
ദേശമംഗലത്തു രാമവാര്യർ

ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു വസിക്കുമ്പോഴും പിരിഞ്ഞിരിക്കുമ്പോഴും ആചരിക്കേണ്ടുന്ന ധർമ്മങ്ങളെന്തൊക്കെയാണെന്നു മനുസ്മൃതിയിൽ പ്രറഞ്ഞിട്ടുണ്ട്. അതിൽ സ്ത്രീകളെ സംബന്ധിക്കുന്ന ഭാഗമാണ് ഇവിടെ എടുത്തുദ്ധരിക്കുവാൻ പോകുന്നതു".

1. അസ്വതന്ത്രാഃ സ്ത്രിയഃ കാര്യാഃ
പുരുഷൈഃ സ്വൈർദിവാനിശം
വിഷയേഷു ച സജ്ജന്ത്യഃ
സംസ്ഥാപ്യാ ആത്മനോ വശേ—

പുരുഷന്മാർ സ്ത്രീകളെ തന്നിഷ്ടംപോലെനടക്കുവാൻ വിട്ടുകൊടുക്കാതെ രാപ്പകൽ തങ്ങളുടെ അധീനത്തിൽ അടക്കിനിർത്തണം ഇന്ദ്രിയാർത്ഥങ്ങളിൽ പ്രവർത്തിക്കുമ്പോഴും തങ്ങളുടെ അധീനതയിൽത്തന്നെ വെച്ചുകൊള്ളണം.

പുരുഷന്മാർ സ്ത്രീകളെ എപ്പോഴും അടിമകളാക്കിവെക്കണമെന്നും ഒരുതരം സ്വാതന്ത്ര്യവും അവർക്കനുവദിച്ചു കൊടുക്കരുതെന്നുമാണ് ഈ മനുവചനത്തിന്റെ താല്പര്യമെന്നു ചിലർ തെററിദ്ധരിച്ചു വിമർശിക്കുന്നുണ്ട്. അതുശരിയല്ല. പുരുഷന്മാരെ അപേക്ഷിച്ച് വിദ്യാഭ്യാസവും മനഃസംസ്കാരവും പ്രായേണ സ്ത്രീകൾക്കു കുറവാകയാൽ, അനുവദിച്ചുകൊടുക്കുന്ന സ്വാതന്ത്ര്യവും അപഥത്തിൽച്ചെന്നു ചാടാനിടയാകുമെന്നു ഭയപ്പെട്ടാണ് മനു ഇങ്ങനെ വിധിച്ചിട്ടുള്ളതു്. "ഇന്ദ്രിയാർത്ഥങ്ങളിൽ പ്രവത്തിക്കുമ്പോഴും" എന്നെടുത്തു പറഞ്ഞിട്ടുള്ളതുതന്നെ ഒന്നു പരിശോധിച്ചു നോക്കുക. രൂപം രസം, ഗന്ധം, സ്പർശം, ശബ്ദം എന്നീ അഞ്ചുതരം ഇന്ദ്രിയാർത്ഥങ്ങളിൽ അവർക്കു പ്രവർത്തിക്കാം: ഒരു സ്ത്രീക്ക് വാസനയനുസരിച്ച് ഒരു ആട്ടക്കാരിയാകാം; ആട്ടംകാണാൻപോകാം പാട്ടുകാരിയാകാം, പാട്ടുകേൾക്കാൻ പോകാം. ഇങ്ങനെ ഓരോ ഇന്ദ്രിയാർത്ഥങ്ങളിലും അവർക്കു പ്രവർത്തിക്കാവുന്നതാണ്. പക്ഷേ, അതെല്ലാം പുരുഷന്റെ വരുതിക്കു വഴങ്ങിക്കൊണ്ടേ പാടുള്ളൂ.— തനിക്കു ചോദിക്കാനൊരാളുണ്ടെന്ന വിധത്തിലേ പാടുള്ളൂ—എന്നാണ് മനുവചനത്തിന്റെ താല്പര്യം. കുട്ടികളെ മാതാപിതാക്കന്മാർ അടക്കിഭരിക്കാറില്ലേ? ഇഷ്ടംപോലെയങ്ങു നടന്നുകൊള്ളുവാൻ അനുവദിക്കാറില്ലല്ലോ. അതിന്റെ കാരണമെന്താണ്? അപകടഭയം. അതുതന്നെയാണിവിടേയും. കുട്ടികളും സ്ത്രീകളും ഒരുപോലെയാണോ എന്നാണെങ്കിൽ ഒരുകാര്യത്തിൽ—വിദ്യാഭ്യാസമില്ലായ്കയാൽവിവേകശൂന്യതയുടെ വിഷയത്തിൽ- അതെഎന്നുതന്നെപറയാം. മാത്രമല്ല സ്ത്രീകളുടെ കാര്യത്തിൽ, പ്രകൃതിസഹജമായ പരിണാമവിശേഷം കൊണ്ട് ശരീരത്തിന് ഒരാകർഷകതയും, മനസ്സിൽ വികാരതീക്ഷ്ണതയുമുണ്ടാകുന്നതു കൊണ്ട് അപകടഭയംകൂടുതലായിട്ടുണ്ടാകാം. ആപത്തിന്റെ സ്വഭാവവും ഗൌരവവും കുറെക്കൂടിവൈഷമ്യം പിടിച്ചതുമായിരിക്കും. ഇതുകൊണ്ടാണ് പുരുഷന്റെ വരുതിയിൽ നിനിർത്തണമെന്നു മനു പറഞ്ഞിട്ടുള്ളതു്

പിതാ രക്ഷതി കൌമാരേ
ഭർത്താ രക്ഷതി യൌവനേ
രക്ഷതി സ്ഥവിരേ പുത്രാഃ
ന സ്ത്രീ സ്വാതന്ത്ര്യമർഹതി.

കൌമാരവയസ്സിൽ പിതാവു രക്ഷിച്ചുകൊള്ളണം. യൌവനത്തിൽ ഭർത്താവുരക്ഷിച്ചുകൊള്ളണം. വാർദ്ധക്യത്തിൽ പുത്രന്മാർരക്ഷി

K. R. BAKERY

West Nadakavu P. O. ERANHIPALAM.

CALICUT.

സന്ദർശിക്കുവിൻ

രുചികരമായ റൊട്ടി, കേയിക്ക്, ബിസ്ക്കററ് മുതലായവ ചുരുങ്ങിയ വിലയ്ക്കു മൊത്തമായും ചില്ലറയായും വിൽക്കുന്നതാണ്.

ഒരിക്കൽ പരീക്ഷിപ്പിൻ, തൃപ്തിയടയുവിൻ.

Prop. K. Choyikutty

ച്ചുകൊള്ളണം. സ്ത്രീ ഒരിക്കലും സ്വാതന്ത്ര്യമർഹിക്കുന്നില്ല.

പെൺകുട്ടി ഋതുമതിയാകുന്നതിനുമുമ്പ് വിവാഹം ചെയ്തുകൊടുക്കണമെന്നാണു മനു മുതലായവരുടെവിധി. അതിനാൽഇവിടെ "കൌമാരേ" എന്നതിനു വിവാഹത്തിനു മുമ്പ് എന്നർത്ഥമെടുക്കണം.

അഭിജ്ഞമ്മന്യന്മാരായ ചില ഉപരിപ്ലവബുദ്ധികൾ പുരുഷന്മാരുടെ സ്വാർത്ഥത്തെ ഉദാഹരിക്കുവാൻ പലപ്പോഴും എടുത്തുദ്ധരിക്കാറുള്ളതാണ് ഈ ശ്ലോകം. ഉള്ളോട്ടു കടന്നുനോക്കുവാൻ അവരൊരുക്കമില്ല. അതിനുള്ള ക്ഷമയുമവർക്കില്ല. വാസ്തവത്തിൽ, പുരുഷന്മാരുടെ തലയിൽ കനത്ത ഒരു ഭാരമേററിവെയ്ക്കുകയാണിതുകൊണ്ടു ചെയ്തിട്ടുള്ളത്. ആ പാവങ്ങൾ കഴുത്തുഞെരിഞ്ഞും, നടുവെല്ലൊടിഞ്ഞും ഈ ഭാരം ചുമന്നുനടക്കുവാൻ നിർബദ്ധരായിരിക്കയാണ്. കൌമാരം കഴിയുംവരെ സ്ത്രീയെരക്ഷിച്ചുകൊള്ളണമെന്നു പിതാവിനോടും യൌവനത്തിൽ ഭർത്താവിനോടും വാർദ്ധക്യത്തിൽ പുത്രന്മാരോടും ശാസിക്കുന്നതാണ് ഈ നിയമം. സ്ത്രീകളെസംബന്ധിച്ചാണെങ്കിൽ; ഇതൊരഭയസ്ഥാനമാണ്. കൌമാരയൌവന വാർദ്ധക്യദശകളിൽ ഒരഭയസ്ഥാനംനിർദ്ദേശിച്ചുകൊടുക്കുകയാണല്ലോ ചെയ്തിട്ടുള്ളത്. തികച്ചും കുമാരികൾക്കും വൃദ്ധകൾക്കുംഇതുസ്വാഗതാർഹമാണ്. വികാരവിക്ഷോഭം കൊണ്ടു തരളചിത്തകളും സ്വൈരിണികളുമായയുവതികൾക്കുമാത്രംനിന്ദാസ്പദമായിരിക്കും. നിയമകർത്താവിന്നു അവരെ അനുകമ്പയോടുകൂടിനോക്കുകയല്ലാതെ ഗത്യന്തരമില്ല.

3. കാലേദാതാ പിതാ വാച്യോ
വാച്യശ്ചാനുപയൻപതി:
മൃതേ ഭർത്തരിപുത്രസ്തു
വാച്യോ മാതുരരക്ഷിതാ.

വിവാഹത്തിനു പറഞ്ഞ കാലത്തിൽവിവാഹം ചെയ്തുകൊടുക്കാത്ത പിതാവു നിന്ദ്യനാകുന്നു. പത്നീഗമനത്തിനു പറഞ്ഞ കാലത്തിൽ അതു ചെയ്യാത്ത ഭർത്താവു നിന്ദ്യനാകുന്നു. ഭർത്താവു മരിച്ചശേഷം അമ്മയെ രക്ഷിക്കാത്ത മകൻ നിന്ദ്യനാകുന്നു.

ഋതുവാകുന്നതിനു മുമ്പു വിവാഹം ചെയ്തുകൊടുക്കണമെന്നാണു സ്മൃതിസിദ്ധാന്തം. പെൺകുട്ടിവസ്ത്രമുടുക്കാനാശിച്ചു തുടങ്ങിയാൽ, അല്ലെങ്കിൽ അരമറയ്ക്കാതെഅന്യരുടെ മുമ്പിൽചെല്ലുവാൻ നാണിച്ചുതുടങ്ങിയാൽ, വിവാഹകാലമായി എന്നൊരുപക്ഷാന്തരം ഗൌതമസ്മൃതിയിൽ കാണുന്നുണ്ട്. രണ്ടും കൌമാരദശയെകുറിക്കുന്നതാണ്. രണ്ടാമത്തേതു കുറച്ചുകൂടി വയസ്സുതാഴ്ത്തിയെന്നു മാത്രം. ഈ വയസ്സിൽ പുത്രിയെ വിവാഹം ചെയ്തുകൊടുക്കണമെന്നും, ഇല്ലെല്ലിൽ ഐഹികമായും പാരത്രികമായും നിന്ദ്യനായിത്തീരുമെന്നുംപിതാവിനോടു ശാസിക്കുന്നു.

ആർത്തവദർശനം മുതൽ പതിനാറുദിവസംവരെയുള്ള കാലമാണു ഋതുകാലം. ശരീരപ്രകൃതി, രോഗം മുതലായതുകൊണ്ടു ഈ കണക്കിനു ചിലപ്പോൾ ഏററക്കുറച്ചിൽ വരാവുന്നതാണ് എങ്കിലും ഒത്ത ആരോഗ്യമുള്ള ഒരു യുവതിക്കു പതിനാറു ദിവസം എന്ന കണക്കു സാമാന്യേന ശരിയായിരിക്കും. ഇതിൽ ആദ്യത്തെ നാലു ദിവസവും, പതിനൊന്നും പതിമൂന്നും ദിവസങ്ങളും സംയോഗത്തിനുവർജ്ജ്യങ്ങളാണു. ബാക്കി 10 ദിവസങ്ങളാണു "സ്ത്രീഗമന"കാലം. ഇതിൽ യുഗ്മരാത്രികളിൽ—6, 8, 10, 12, 14, 16 എന്ന ഇരട്ടസ്സംഖ്യയുള്ള രാത്രികളിൽ — പുത്രാർത്ഥിയും, 5, 7, 9 തുടങ്ങിയ അയുഗ്മ രാത്രികളിൽ കന്യാർത്ഥിയും ഭാര്യാഗമനം ചെയ്യണം. അങ്ങനെ ചെയ്യാത്ത ഭർത്താവു നിന്ദ്യനാകുന്നു.

വട്ടാമ്പോയിൽ ചാത്തുക്കുട്ടി വൈദ്യരുടെ

ഉഷ്ണരോഗവിനാശനതൈലം

(ഏ. വി. ഓയൽ)

എല്ലാവിധ ഉഷ്ണരോഗങ്ങൾക്കും ഒരു സിദ്ധൌഷധം

വില 8 ഔൺസ് കുപ്പി ഒന്നുക്ക് 3 ക. 4 ണ.
4 ഔൺസ് കുപ്പി ഒന്നുക്ക് 1 ക. 12 ണ.

ചാത്തുക്കുട്ടി വൈദ്യരുടെ ധർമ്മാസ്പത്രി

ബ്രാഞ്ച് നമ്പർ 1. കോഴിക്കോട്.

ജീവിച്ചിരിക്കുന്നേടത്തോളം കാലം പരിണേതാവു തന്നെയാണ് സ്ത്രീയുടെ രക്ഷാധികാരി. വാർദ്ധക്യം കൊണ്ടോ രോഗംകൊണ്ടോ മൃതതുല്യനായാൽ, അല്ലെങ്കിൽ മരിച്ചാൽ, പുത്രൻ രക്ഷാഭാരം കയ്യേൽക്കണം. അശരണയോ അനാഥയോ ആയ അമ്മയെ രക്ഷിക്കാത്ത പുത്രൻ ഉഭയലോകഭ്രഷ്ടനായും നിന്ദ്യനായും ഭവിക്കുന്നു. സ്മൃതികർത്താവിനെ ആക്ഷേപിക്കുന്നവർ ഈ അനുശാസനത്തിന്റെ ഗൌരവം ഒന്നോർത്തുനോക്കട്ടെ.

4. സൂക്ഷ്മേഭ്യോപി പ്രസം—
ഗേഭ്യ
സ്ത്രീയോ രക്ഷ്യാ വിശേഷതഃ
ദ്വയോർഹി കുലയോഃ
ശോക—
മാവഹേയുരരക്ഷിതാഃ

നിസ്സാരങ്ങളായ ദുർവൃത്തികളിൽ നിന്നുപോലും സ്ത്രീകളെ നിഷ്കർഷയോടെ തടയണം. ഇല്ലെങ്കിൽ അവർ ഇരുപക്ഷത്തിനും—പിതൃപക്ഷത്തിനും ഭർതൃപക്ഷത്തിനും—സന്താപം വരുത്തിയേക്കാനിടയുണ്ട്.

നിഷ്കൃഷ്ടമായ . അച്ചടക്കത്തോടുകൂടെ വേണം സ്ത്രീകളെ കൊണ്ടുനടത്താൻ. പ്രത്യക്ഷത്തിൽ നിസ്സാരങ്ങളാണെങ്കിലും അനാവശ്യങ്ങളായ കാര്യങ്ങളിൽ ഇടപെടുവാൻ അവരെ അനുവദിക്കരുത്. അച്ചടക്കം പാലിക്കുവാൻ നിഷ്കർഷിക്കുന്നവർ എവിടേയും ഈയൊരു തത്വം പുലത്തിപ്പോരേണ്ടതാണ്. ഇന്ദ്രിയങ്ങൾക്കു മനസ്സിനെക്കൊട്ടയാട്ടുവാനുള്ള കഴിവുണ്ട്. അറിവുള്ളവരെപ്പോലും അപഥത്തിലേക്കു അവ വലിച്ചിഴക്കും. അദ്യമാദ്യം സാരമില്ലെന്നുവെച്ചു മിണ്ടാതിരുന്നാൽ ക്രമേണ താന്തോന്നിത്തം വളർന്നു വേണ്ടപ്പെട്ടവർക്കു വിഷാദിക്കേണ്ടി വരുമാറുള്ള നിലയിലെത്തിച്ചേർന്നേക്കും. അതുകൊണ്ട്, നിസ്സാരമായ അച്ചടക്കലംഘനത്തിനു പോലുമിടകൊടുക്കാതെ സ്ത്രീകളെ രക്ഷിക്കേണ്ടതാണ്. എന്നാൽ പിന്നീട് പശ്ചാത്തപിക്കേണ്ടിവരില്ല.

5. ഇമം ഹി സർവ്വവർണ്ണാനാം
പശ്യന്തോ ധർമ്മമുത്തമം
യതന്തേരക്ഷിതും ഭാര്യാം
ഭർത്താരോ ദുർബലാ അപി.

എല്ലാ ജാതിക്കാർക്കിടയിലും ഇതാണു ഉത്തമധർമ്മമെന്നറിഞ്ഞു ദുർബലന്മാരായ ഭർത്താക്കന്മാർ പോലും ഭാര്യയെ ദോഷപ്പെടാതെ രക്ഷിക്കുവാൻ പ്രയത്നിക്കുന്നു.

6. സ്വാം പ്രസൂതിം ചരിത്രം ച
കുലമാത്മാനമേവ ച
സ്വം ച ധർമ്മം പ്രയത്നേന
ജായാം രക്ഷൻ ഹി രക്ഷതി.

ഭാര്യയെ വേണ്ടുംവണ്ണം രക്ഷിക്കുന്നവൻ സ്വന്തം സന്തതിയേയും, ശിഷ്ടാചാരത്തേയും, വംശത്തേയും, തന്നേയും, സ്വധർമ്മത്തേയും രക്ഷിക്കുന്നു.

സ്ത്രീക്കു പുരുഷനേക്കാൾ എട്ടിരട്ടി കാമവികാരം കൂടുമെന്നും, പ്രപഞ്ചത്തിന്റെ അവിച്ഛിന്നധാരമായ പ്രവത്തനത്തിനു വേണ്ടിയുള്ള ഒരു പ്രകൃതിനിയമമാണതെന്നും അഭിജ്ഞന്മാർ പറയുന്നു. വേണ്ടവിധം ഭാര്യയെ ഭരിക്കാതിരുന്നാൽ വികാരപ്രേരിതയായി അവൾ പരപുരുഷാസക്തയായിത്തീർന്നേക്കുമെന്നും, അങ്ങനെ തന്റെ സന്തതി വിശുദ്ധമല്ലാതായിപ്പോകുമെന്നുമാണു ഭാര്യാ രക്ഷണത്തിനു പറയുന്ന മുഖ്യകാരണം. മാത്രമല്ല, ഗുണവതിയായ ഭാര്യയോടുകൂടി ഗൃഹസ്ഥധർമ്മമാചരിക്കണമെന്ന ശിഷ്ടാചാരത്തിനു ഭംഗവും വരാം, തന്റെ വംശത്തിനു മാനഹാനിയും. പുത്രദോഷം കൊണ്ടു തനിക്കു ഇഹപരങ്ങളിൽ സുസ്ഥിതിയില്ലാതാകും. താൻ അനുഷ്ഠിക്കേണ്ടുന്ന ധർമ്മാചരണങ്ങളിൽ ഭാര്യയുടെ നിഷ്കളങ്കഹൃദയത്തോടുകൂടിയുള്ള സഹകരണമില്ലാതാവുകയും തന്നിമിത്തം തനിക്കു സ്വധർമ്മഹാനിയും സംഭവിക്കും. ഭാര്യയെ സംരക്ഷിക്കുന്നതുകൊണ്ട് ഇവയെല്ലാറ്റെയും സംരക്ഷണമായി.

7. പതിർജ്ജായാം സംപ്രവിശ്യ
ഗർഭോ ഭൂത്വേഹ ജായതേ
ജായായാസ്തദ്ധി ജായാത്വം
യദസ്യാ ജായതേ പതിഃ

പതിജായ (ഭാര്യ)യിൽ പ്രവേശിച്ചുഗർഭമായി ഭവിച്ചിട്ട് ഈ ലോകത്തിൽ ജനിക്കുന്നു. ഇങ്ങനെ ജനിക്കുന്നതുകൊണ്ടാണു ജായക്കു ജായ എന്നു പേരുണ്ടായതു്.

ഭർത്താവു തന്റെ ശരീരം വാർദ്ധക്യംകൊണ്ടു ജീർണ്ണിച്ചു കർമ്മക്ഷമമല്ലാതായിത്തീരുമ്പോഴേക്കും

അരുണബാലമണ്ഡലം

പ്രിയപ്പെട്ട കുട്ടികളേ

നിങ്ങൾക്കു ഹൃദയമുണ്ടോയെന്നു സ്വയം ചിന്തിച്ചുനോക്കുക. അതെങ്ങനെ അറിയും? മറ്റൊരാളുടെ കഷ്ടപ്പാടുകൾ കാണുമ്പോൾ നിങ്ങൾക്കു അലിവുതോന്നുന്നെങ്കിൽ നിങ്ങൾക്കു ഹൃദയമുണ്ടെന്നു തീർച്ചയാണ്. രോഗം നിമിത്തം കഷ്ടപ്പെടുന്നവർ പട്ടിണികിടന്നു മരിക്കുന്നവർ എന്നിവരോടു നമുക്കു കരുണതോന്നുന്നില്ലെങ്കിൽ നമുക്കു ഹൃദയമില്ല: അങ്ങനെ കരുണതോന്നിയാൽ മതിയോയെന്നു നിങ്ങൾ ചോദിച്ചേക്കാം. മതി, പക്ഷെ, ആ കരുണതോന്നുന്ന ഹൃദയം മരവിച്ചുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അങ്ങനെ എല്ലാവരുടെയും മനസ്സിൽ കരുണയുണ്ടെങ്കിൽ ആ കരുണ നശിക്കുന്നില്ലെങ്കിൽ കഷ്ടപ്പാടുകൾക്കു പരിഹാരം തനിയേ ഉണ്ടായിക്കൊള്ളും.

ഹൃദയബന്ധത്തെ കാണിക്കുന്നതിനു് ഒരമ്മയുടെയും മകന്റെയും കഥ പറയാം. അമ്മിണിയുടെ ഏക പുത്രനാണു ബാപ്പു. ഒരു ദിവസം ബാപ്പുവിനു് പായസം വേണമെന്നാവശ്യപ്പെട്ടു. അന്നു് അമ്മയ്ക്കു പായസമുണ്ടാക്കാൻ സൗകര്യം കിട്ടിയില്ല. ബാപ്പു കോപാവിഷ്ടനായി വീട്ടിൽനിന്നു പുറപ്പെട്ടുപോയി. ഇത്ര ചെറിയ കാര്യത്തെ അസ്പദമാക്കി അവൻ പുറപ്പെട്ടുപോകുമെന്നു അമ്മിണി സ്വപ്നത്തിൽപോലും വിചാരിച്ചില്ല.

പന്ത്രണ്ടു വയസ്സുള്ള അവൻ വളരെ ദൂരം പോയി. ഒരു വീട്ടിൽ വേലക്കാരനായി നിൽക്കാമെന്നു് തീർച്ചപ്പെടുത്തി. ഭക്ഷണച്ചിലവുകഴിച്ചു മൂന്നു രൂപാ പ്രതിമാസം ശമ്പളം കൊടുക്കാമെന്നു അവന്റെ യജമാനൻ പറഞ്ഞു. അവനു സന്തോഷമായി അവൻ ആദ്യമായി സമ്പാദിക്കുവാൻ പോകയാണ്. വെള്ളം കോരുക, കന്നുകാലിക്കൂട്ടിൽ നിന്നു ചാണകം വാരുക, യജമാനനു ഉച്ചയ്ക്കു ആപ്പീസിൽ ഭക്ഷണം കൊണ്ടുപോയികൊടുക്കുക മുതലായവയാണ് അവന്റെ ജോലി. താണ തോതിലുള്ള ഇടത്തരക്കാരന്റെ കുടുംബത്തിൽ ജനിച്ച ബാപ്പുവിനു് ഇതു് ഒരുവിധം സഹിക്കാമായിരുന്നു. ഏതായാലും ഒരു പായസമുണ്ടാക്കിത്തരുവാൻ തക്ക സ്നേഹമില്ലാത്ത അമ്മയുടെ അടുക്കലേക്കു മടങ്ങിപ്പോകുന്നതിനെക്കാൾ മറ്റൊരുവീട്ടിൽ ദാസ്യവൃത്തി തന്നെ നല്ലതെന്നു അവൻ തീരുമാനിച്ചു. ഒന്നുരണ്ടു വർഷം കഴിഞ്ഞപ്പോൾ മൂന്നു രൂപാ അവന്റെ വസ്ത്രത്തിനും ബീഡിക്കും മറ്റും മതിയാകാതെയായി, അവൻ ഗാഢമായി ചിന്തിച്ചു. ഒടുവിൽ അമ്മയുടെ പേർക്കു് ഒരെഴുത്തെഴുതി. ബാപ്പു സ്വന്തം വീട്ടിലായിരുന്നപ്പോൾ പല ജോലികളും അവനെക്കൊണ്ടു അമ്മ ചെയ്യിച്ചിട്ടുണ്ട്. അവന്റെ ഇപ്പോഴത്തെ ശമ്പളത്തിന്റെ കണക്കുവച്ചു അമ്മയോടു ആ ജോലിക്കു പ്രതിഫലം വാങ്ങുവാൻ അവൻ നിശ്ചയിച്ചു. അവന്റെ കത്തു് ഇപ്രകാരമായിരുന്നു.

പ്രിയപ്പെട്ട അമ്മ അറിവാൻ,

എനിക്കു സുഖം തന്നെ, ഞാൻ ഒരു വീട്ടിൽ വേലക്കാരനായി നിൽക്കുകയാണ്. എന്റെ ശമ്പളം കൊണ്ടു മതിയാകുന്നില്ല. ഞാൻ അമ്മയുടെകൂടെ താമസിച്ചപ്പോൾ ചില ജോലികൾ ചെയ്തിട്ടുണ്ട്. അതിന്റെ കൂലി ഉടൻതന്നെ അയച്ചുതരണം

അമ്മയ്ക്കു പനിയായിരുന്നപ്പോൾ ചാണകംവാരിയതിനു് 0-1-6
ഒരുദിവസം വിറകു ശേഖരിച്ചതിനു് 0-1-0
കന്നുകാലിയെ തീറ്റിയതിനു് 0-1-0

കർമ്മക്ഷമമായ ഒരു ശരീരം കൈക്കൊള്ളുവാൻവേണ്ടി ശുക്ലരൂപേണ ഭാര്യയുടെ ഗർഭാശയത്തിൽ പ്രവേശിച്ചു പുത്രനായി ജനിക്കുന്നു എന്നു് "ആത്മാ വൈ പുത്രനാമാസി" എന്ന ശ്രുതിവാക്യത്തിൽ പറയുന്നുണ്ട്. ബഹ്വൃചബ്രാഹ്മണത്തിലും, "പതിർജ്ജായാം സമ്പ്രവിശ്യ ഗർഭോ ഭൂത്വേഹ മാതരം തസ്യാം പുനർന്നവോ ഭൂത്വാ ദശമേ മാസി ജായതേ തജ്ജായാ ജായാ ഭവതി യദസ്യാം ജായതേ പുനഃ" എന്നു പറഞ്ഞിട്ടുണ്ട്. ഈ ജായാശബ്ദ നിർവചനത്തിനു് ഇവിടെ സംഗതി, ഭർത്താവിനെ സംബന്ധിച്ചേടത്തോളം ഭാര്യക്കു മാതൃസ്ഥാനം കൂടിയുള്ളതിനാൽ ഭാര്യാ സംരക്ഷണത്തിന്റെ കൂടുതൽ ഗൗരവത്തെ ഉൽബോധിപ്പിക്കുകയാണ്.

8. യാദൃശം ഭജതേ ഹി സ്ത്രീ
സുതം സൂതേ തഥാവിധം
തസ്മാത് പ്രജാവിശുദ്ധ്യർത്ഥം
സ്ത്രീയം രക്ഷേത് പ്രയത്നതഃ

സ്ത്രീ ഏതു തരത്തിലുള്ള പുരുഷനോടു ചേരുന്നുവോ ആ തരത്തിലുള്ള പുത്രനെ പ്രസവിക്കുന്നു. അതിനാൽ വിശുദ്ധസന്തതിക്കു വേണ്ടി നിഷ്കർഷയോടെ സ്ത്രീയെ രക്ഷിക്കേണ്ടതാണ്.

പലദിവസങ്ങളിൽ വെള്ളം കോരിയതിന് 0-4-0
പീടികയിൽ പോയിസാമാനം വാങ്ങിയതിന് 0 4-0
ആകെ 0—11—6

ഈ കണക്കനുസരിച്ചുള്ള പതിനൊന്നണ ആറു പൈ ഉടൻ തന്നെ അയച്ചുതരണം.

എന്നു ബാപ്പു

ഈ കത്തു കിട്ടിയപ്പോൾ മകൻ ജീവിച്ചിരിക്കുന്നുവെന്നറിഞ്ഞതിലുള്ള സന്തോഷാധിക്യത്താൽ ആ അമ്മ മോഹാലസ്യപ്പെട്ടു വീണു. അവർ ആ മൂർഛയിൽനിന്ന് ഉണർന്നെഴുന്നേറ്റപ്പോൾ മകന്റെ പേർക്ക് ഇപ്രകാരം എഴുതി.

പ്രിയപ്പെട്ടമോനേ,

നിന്റെ എഴുത്തു കിട്ടി. എന്റെ ഒരു കണക്കു അതിനു മറുപടിയായി അയച്ചുകൊള്ളുന്നു.

9 മാസം നിന്നെ എന്റെ ഗർഭത്തിൽ വഹിച്ചുകൊണ്ടു നടന്നതിന് രൂ 0

നിന്നെ വേദനയോടുകൂടി പ്രസവിച്ചതിന് രൂ 0

നിന്റെ ദേഹം മുഴുവൻ കുരുപ്പൻ പിടിച്ച് അളിഞ്ഞിരുന്നപ്പോൾ നിന്നെ ശുശ്രൂഷിച്ച് എന്റെ മാർവ്വിടത്തിൽ കിടത്തി താലോലിച്ചതിന് രൂ 0

പലപ്പോഴും അഷ്ടിക്കു വകയില്ലാതിരുന്നപ്പോൾ ഞാൻമുഴുപ്പട്ടിണികിടന്നു നിനക്കു ഭക്ഷണം തന്നതിന് രൂ 0

നീ രോഗിയായി കിടന്നപ്പോൾ കുറെ രക്തം പുറമെനിന്നു നിന്റെ ഞരമ്പുകളിലേക്കു പ്രവേശിപ്പിക്കേണ്ടിയിരുന്നു. അന്ന് ആരുടേയുംരക്തം ലഭ്യമല്ലാഞ്ഞതിനാലും ആരോഗ്യരഹിതയായഎന്റെരക്തംഎടുക്കുന്നതു് അപൽക്കരമായിരുന്നതിനാലും കുട്ടിയെ മരണത്തിനു വിട്ടുകൊടുക്കാതെ തരമില്ലെന്നു ഡോക്ടർമാർ പറഞ്ഞു. ഞാൻ മരിച്ചാലും നിന്നെ രക്ഷപ്പെടുത്തണമെന്നു ഞാൻ ശാഠ്യം പിടിച്ചു. അങ്ങനെ നിന്നെ രക്ഷിക്കാൻ എന്റെരക്തം അവർ ഊറ്റിയെടുത്തതിന് രൂ 0

നിന്നെ പഠിപ്പിക്കുവാൻ ഫീസുണ്ടാക്കുന്നതിനു വേണ്ടി ഞാൻ പട്ടിണി കിടന്നതിന് രൂ 0

ഈ ലിസ്റ്റ് എഴുതിത്തീർക്കാൻ കടലാസില്ല. അങ്ങിനെ പല ഇനത്തിൽ നീ എനിക്കു തരുവാനുള്ളതു് പൂജ്യം രൂപയാണ്. എന്റെ കുഞ്ഞ ഓമനത്വം നിറഞ്ഞ കവിളുകളിൽ എന്റെ സ്നേഹം നിറഞ്ഞ ഉമ്മ.

നിന്നെ പ്രസവിച്ചഅമ്മ.

ഈ എഴുത്തു കിട്ടിയപ്പോൾ അവൻ ഏങ്ങലടിച്ചു കരഞ്ഞു. അവന്റെ രോദനം കേട്ടു യജമാനനും യജമാനത്തിയും അടുത്തുവന്നു് കാരണം ചോദിച്ചു അവൻ ഒന്നും മിണ്ടിയില്ല. വാവിട്ടു കരഞ്ഞു കൊണ്ടു് അവൻ അവന്റെ വീട്ടിലേക്കോടി. അവൻ അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു. വളരെ നേരം അവർ രണ്ടുപേരും കരഞ്ഞു. ഹൃദയം ഹൃദയത്തോടു സംസാരിച്ചു.

പ്രിയപ്പെട്ട കുട്ടികളെ അ അമ്മയുടെ ഹൃദയത്തിൽ തിങ്ങിനിന്ന സ്നേഹം വാഗ്രൂപത്തിൽ പ്രവഹിച്ചു. അതു് ആ കുട്ടിയുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ അലകളുണ്ടാക്കി. അപ്പോൾ ആ കുടുംബത്തിൽ ആഹ്ളാദം നടമാടി.

കുട്ടികളേ നിങ്ങൾഹൃദയമുള്ളവരായിരിക്കുക.

കൊച്ചേട്ടൻ

റ്റി. കെ. വെങ്കിടേശ്വരൻ
(കോഴിക്കോട്ടു് ബസൻറു സ്കൗട്ടിലെ ഒരംശം)

ബാലമണ്ഡലത്തിലെ പുതിയ അംഗങ്ങൾക്കു സ്വാഗതം

കഴിഞ്ഞ ലക്കത്തിലെ ബാലമണ്ഡലം മെമ്പർമാരുടെ പേരുകൾക്കു നമ്പർ കൊടുക്കാൻ മറന്നുപോയി. ക്ഷമിക്കണം. മുറയനുസരിച്ചു അവരുടെ നമ്പരുകൾ രജിസ്റ്റർ ചെയ്യുന്നതാണ്. അതിനു ശേഷം ചേർന്നവരുടെ പേരുകൾ ചേർത്തുകൊള്ളുന്നു.

34. എൻ. രുഗ്മിണിക്കുട്ടി, പന്നിയങ്കര.
35. പി.കെ.വിജയലക്ഷ്മി, പന്നിയങ്കര.
36. എസ്. സീതാലക്ഷ്മി, കോഴിക്കോട്
37. ടി.കെ. വെങ്കിടേശ്വരൻ, കോഴിക്കോട്
38. കെ.എം.വസുമതി ചാലപ്പുറം
39. പി.എ.സുജാതകോഴിക്കോട്
40. എസ്. ജാനകി മഠിരാശി
41. വി. ശ്രീനിവാസൻ പന്നിയങ്കര
42. കെ. വേണുഗോപാലൻ ടി
43. എം. മുകുന്ദൻ പള്ളിക്കുന്ന്.

അരുണബാലമണ്ഡലം പദപ്രശ്നം

1 ക	രു	ണ	■	2	■	3	ലം
4	യി	ൽ	■	ല	5		യം
6	രു	ണ	ൻ	■	7 കൃ		ഗി
■	8 ന	9	■	10 കു			■
11		രു	12	തി	■	13	14
മ	ന	മ	■	■	15	ദ	ഹാ
ല	■	■	16	■	ര	നം	രം
■	18	രാ	ശ	■	ണം	■	■

അരുണയുടെ ബാലാസ്സഹിതരിൽ പലരുടെയും നിർബന്ധപ്രകാരം ഓണംപ്രമാണിച്ച് ഒരു പദപ്രശ്നം ഇതാ പ്രസിദ്ധപ്പെടുത്തുന്നു.

വ്യവസ്ഥകൾ:-

1. സ്കൂൾഫൈനൽ ക്ളാസ്സിലോ, അതിനു താഴെയുള്ള ക്ളാസ്സുകളിലോ പഠിക്കുന്ന ഏതൊരു കുട്ടിക്കും പദപ്രശ്നത്തിൽ ചേരാവുന്നതാണ്.

2. ഇതോടൊന്നിച്ച് മാസികയിൽ അച്ചടിച്ചിരിക്കുന്ന ഫോറം ഭംഗിയായി പൂരിപ്പിച്ച് മാനേജർ, അരുണ കോട്ടയം എന്ന വിലാസത്തിൽ അയയ്ക്കണം. ഫോറത്തിന്റെ കൂടുതൽകോപ്പി ആവശ്യമുള്ളവർ ഒരു കോപ്പിക്ക് അരയണ എന്ന കണക്കിൽ ഏജൻറുമാരോടോ, അരുണ ആഫീസിൽനിന്നോ വാങ്ങാവുന്നതാണ്. ആഫീസിൽനിന്നു വാങ്ങണമെന്നുള്ളവർ അതിന്റെ വില സ്റ്റാമ്പായി അയച്ചുതന്നാൽ മതിയാകുന്നതാണ്.

3. പദപ്രശ്നത്തിന്റെ ഉത്തരം സെപ്റ്റംബർ 15-നു-ക്കകം ആപ്പീസിൽ കിട്ടത്തക്കവണ്ണം അയയ്ക്കേണ്ടതും ഒക്ടോബർമാസം ആദ്യം ഫലം പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

4. ഒരു ഫോറം പൂരിപ്പിച്ചയയ്ക്കുന്നതിനു പ്രവേശനഫീസ് രണ്ടണ മാത്രമേയുള്ളു.

5. പദപ്രശ്നത്തിന്റെ ഉത്തരം സംബന്ധിച്ച് ഒരു കത്തിടപാടും നടത്തപ്പെടുന്നതല്ല.

6. ഒന്നാംസ്ഥാനം നേടുന്നവർക്ക് 15രൂപാസമ്മാനം നൽകുന്നതാണ്.

7. ഈ പദപ്രശ്നം സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും അരുണയുടെ മാനേജിംഗ് എഡിറ്ററുടെ തീരുമാനം അവസാനതീരുമാനമായിരിക്കുന്നതാണ്.

മാസിക പൂരിപ്പിക്കേണ്ടതിനുള്ള സൂചനകൾ

(വലത്തോട്ട്)

1. മഹാകവികുമാരനാശാന്റെ ഒരുഖണ്ഡകാവ്യം

3. ചിലകമ്പബന്ധികൾ ഇതുകൊണ്ട് കാര്യംനേടാമെന്ന് നിനയ്ക്കുന്നു

4. ഇതിന്റെ ഭംഗികണ്ട് ചിലപ്പോൾ നാം നോക്കിനിൽക്കാറുണ്ട്.

5. യഥാർത്ഥമഹാത്മാക്കൾക്കുള്ള ഒരു സ്വഭാവഗുണം

6. ഹിന്ദുപുരാണത്തിലുള്ള ഒരു ദേവൻ

7. സുന്ദരി എന്നഅർത്ഥത്തിൽഉപയോഗിക്കുന്ന ഒരു വാക്ക്

10. വാണ്ടിവലിക്കാനുംസവാരിക്കും മററും ഉപയോഗിക്കുന്ന ഒരു മൃഗം

12. ഇതിനുവേണ്ടിമനുഷ്യർ ഏറ്റവുമധികം കഷ്ടപ്പാടു സഹിച്ചിട്ടുണ്ട്.

18. ഇതു മനുഷ്യരെ പലവിധത്തിൽ അധഃപതിപ്പിക്കുന്നു.

(കീഴോട്ട്)

2. മത്സ്യം പിടിക്കാൻ ഇതും ഉപയോഗിക്കാം

5. ചില കൂട്ടുകളുടെ —നമ്മെ അത്യധികം രസിപ്പിക്കുന്നു.

8. "——വിദ്യ"യിൽസ്ത്രീകൾക്ക് സ്വാതന്ത്ര്യവാസനകൾ പ്രത്യേകംതന്നെ.

9. പൊതുലക്ഷ്യം വിജയിപ്പിക്കുവാൻ മനുഷ്യർക്ക് അത്യാവശ്യമുള്ള ഒരു ഗുണം.

11. സാധാരണഹൈന്ദവർ തങ്ങളുടെ പെൺകുട്ടികൾക്ക് നൽകുന്ന ഒരു പേര്

13. ഒരാളുടെ——കണ്ടാൽ അയാൾ ഏതു പ്രകാരമുള്ള ആളാണെന്ന് ഏറെക്കുറെ അനുമാനിക്കാം.

14. ആരോഗ്യാവസ്ഥയ്ക്ക് ഇതു അത്യാവശ്യമാണ്.

15. മിക്കവരും ഇതിനെ ഭയപ്പെടുന്നു.

16. രാത്രി.

ബാലമണ്ഡലത്തിനു ഏററവും കൂടുതൽ ജീവനും ഉന്മേഷവും നൽകുന്ന കുമാരി വി. ഭാരതിയുടെ രസകരമായ ലേഖനം വായിക്കുക.

നീന്തൽ_ഒരു വിനോദം-ഒരു മഹാവിദ്യ

വി. ഭാരതി

മദ്ധ്യവേനൽക്കല്പന കഴിഞ്ഞു വിദ്യാലയങ്ങളെല്ലാം തുറന്നിട്ടു മാസം രണ്ടായി. അതോടുകൂടി മഴയും ആരംഭിച്ചു. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് ഈകൊല്ലം മഴ അല്പം കുറവാണ്. എങ്കിലും നിങ്ങളുടെ വീട്ടിലെ കുളങ്ങളും, കിണറുകളും ഏതാണ്ടു നിറഞ്ഞിരിക്കും ഇല്ലേ? അതാ, ബേബി കടലാസ്സുതോണിയുണ്ടാക്കി അതിലൊരുറുമ്പിനേയും പിടിച്ചുവെച്ചു വെള്ളത്തിലിട്ടിരിക്കയാണ്. അതു് ഒഴുകുമ്പോൾ അവൾ ആഹ്ളാദംകൊണ്ടു തുള്ളിച്ചാടുന്നു. അയ്യോ! മഴത്തുള്ളി വീണ് അതാ ആ തോണി മുങ്ങി. പാവം!! അതിലുള്ള എറുമ്പ്!! ആ! അതിന്നു നീന്തലറിയാം. അതു രക്ഷപ്പെട്ടു.

വള്ളംകളി വാസ്തവത്തിൽ തമാശയുള്ള ഒരു വിനോദമാണ്. ഓണം അടുത്തു വരുന്നു. പലേടത്തും ഓണത്തിനു വള്ളംകളിയുണ്ടാകാറുണ്ട്. സദ്യയിലുണ്ണുന്നതുപോലെ തന്നെ രസമുള്ള ഒന്നാണു വള്ളംകളി. പക്ഷേ അപകടമുണ്ട് നീന്തൽ അറിയാഞ്ഞാൽ.

നീന്തൽ നല്ലൊരു വ്യായാമം കൂടിയാണ്. ദേഹത്തിലെ സർവ്വ അവയവങ്ങൾക്കും ഒരേ സമയത്തു വ്യായാമം കിട്ടുന്ന നല്ലൊരു വിനോദം. മാത്രമല്ല സ്വന്തം ജീവനെ രക്ഷിക്കാൻകൂടി സഹായിക്കുന്ന ഉററമിത്രം കൂടിയാണതു്.

നീന്തൽ പഠിച്ചാൽ പല വിദ്യകളും നിങ്ങൾക്കു ചെയ്യാൻ കഴിയും. യാതൊരു ചലനവുമില്ലാതെ വെള്ളത്തിൽ മലർന്നു കിടക്കുക, മലർന്നു നീന്തുക, വെള്ളത്തിന്നടിയിൽക്കൂടെ ഊളമിട്ടു വളരെ ദൂരെ ചെന്നു പൊന്തുക, ചാടുക, മറിയുക തുടങ്ങിയ പലതും.

നീന്തൽ പഠിക്കുമ്പോൾ അല്പം ബുദ്ധിമുട്ടുകളൊക്കെ നേരിടാം. കുറെ വെള്ളം അറിയാതെ കുടിച്ചുപോകും. അതുകൊണ്ടൊന്നും പിൻമാറരുതു്. വിജയത്തിലേക്കുള്ള കുറുക്കുവഴിയാണു പരാജയം. പക്ഷെ ഒരു കാര്യം നിങ്ങൾ പ്രത്യേകം ഓർമ്മിക്കേണ്ടതായിട്ടുണ്ട്. നീന്തൽ വിദഗ്ദ്ധനായ ഒരാളെ അടുത്തു നിർത്തിയല്ലാതെ ഒരിക്കലും അതിനു ശ്രമിക്കരുതു്. നീന്തലറിയാത്തവർക്കു് എന്ത്യാഹിതവും വന്നുകൂടായ്കയില്ല. അവന്റെ മററു വൈദഗ്ദ്ധ്യങ്ങളെല്ലാംതന്നെ നീന്തലിനെ അപേക്ഷിച്ചു നിസ്സാരങ്ങളാണ്.

നിങ്ങൾ കേട്ടിരിക്കാം നീന്തലറിയാത്ത ഒരു ബ്രാഹ്മണന്റെ കഥ. പണ്ഡിതവരേണ്യനായ ഒരു ബ്രാഹ്മണൻ ഒരു തോണിയിലേറി ഗംഗാനദി കടക്കുകയായിരുന്നു. കുറേ ദൂരം പോയപ്പോൾ വിദ്യാസമ്പന്നനായ ബ്രാഹ്മണൻ തോണിക്കാരനോടു ചോദിച്ചു:— "താൻ വിദ്യാഭ്യാസം ചെയ്തിട്ടുണ്ടോ?" തോണിക്കാരൻ തൊഴുകൈയോടെ മറുപടി പറഞ്ഞു:— 'ഇല്ല'. പുച്ഛരസത്തോടെ ബ്രാഹ്മണൻ പറഞ്ഞു: എന്നാൽ നിന്റെ ജീവിതത്തിന്റെ കാൽ ഭാഗം നിനക്കു നഷ്ടമായിപ്പോയി എന്നു്. തോണിക്കാരനു സങ്കടം തോന്നി. കുറേക്കൂടി പോയപ്പോൾ ബ്രാഹ്മണൻ വീണ്ടും ചോദിച്ചു. നീ വല്ല ദാനകർമ്മങ്ങളും ചെയ്തിട്ടുണ്ടോ എന്നു്. തോണിക്കാരൻ സത്യം പറഞ്ഞു 'ഇല്ല'. "മഹാപാപി, നിന്റെ ജീവിതത്തിന്റെ പകുതിയും നഷ്ടമായിപ്പോയല്ലോ. തോണി ഏകദേശം പുഴയുടെ മദ്ധ്യത്തിലെത്തി. മഴക്കാലമായിരുന്നു. ആകാശം കറുത്തിരുണ്ടു. ഭയങ്കരമായ കാററും മഴയും മുന്നറിയിപ്പു നൽകി. പണ്ഡിതൻ പരിഭ്രമിച്ചു കണ്ണുമിഴിച്ചു. കഠിനവർഷം ചൊരിയാൻ തുടങ്ങി. കാററ് അതിന്റെ ശക്തി പ്രയോഗിക്കാനും തോണിക്കാരൻ അവന്റെ സർവകഴിവുമുപയോഗിച്ച് തോണി കരയ്ക്കടുപ്പിക്കാനും ശ്രമിച്ചു. പക്ഷെ അതെല്ലാം നിഷ്ഫലമായി. തോണി മുങ്ങുമെന്നു തോണിക്കാരനു മനസ്സിലായി. പരിഭ്രമിച്ച് എന്താണു ചെയ്യേണ്ടതെന്നറിയാതെ മിഴിച്ചു നിൽക്കുന്ന ബ്രാഹ്മണശ്രേഷ്ഠനെ നോക്കി തോണിക്കാരൻ ചോദിച്ചു: "തിരുമേനി അങ്ങേയ്ക്കു നീന്തൽ അറിയാമോ?" "എന്താ അബദ്ധായോ. നീന്തം അറിയില്ലല്ലോ" ബ്രാഹ്മണൻ പറഞ്ഞു. എന്നാൽ തിരുമേനിയുടെ ജീവിത

വിഷമംപിടിച്ച ചോദ്യങ്ങൾ

വിഷമം പിടിച്ച ചോദ്യങ്ങൾ കുട്ടികൾ ചോദിക്കുമ്പോൾ അമ്മമാർ അവയെ എങ്ങനെ നേരിടണം. ഈ വിഷയത്തെപ്പററി ഈ ലക്കത്തിൽ വിശദീകരിക്കാമെന്നു ഞാൻ വാഗ്ദത്തം ചെയ്തിരുന്നല്ലോ.

"ഞാൻ എവിടെനിന്നാണ് ഈ ലോകത്തിൽ വന്നുചേർന്നതു്?" എന്നു ചോദിക്കുമ്പോൾ കള്ളങ്ങൾ പറഞ്ഞു വിഷയത്തിൽനിന്നു് ഒഴിഞ്ഞുമാറുകയാണു സാധാരണ ജനങ്ങൾ ചെയ്യാറുള്ളതു്. അതു് ഒരു നല്ല നയമല്ലെന്നാണു പണ്ഡിതന്മാരുടെ അഭിപ്രായം. അമ്മയുടെ ഉദരത്തിൽ നിന്നാണു കുട്ടി ജനിച്ചതെന്നു പറഞ്ഞാൽ ഒരു കുഴപ്പവുമുണ്ടാകാനില്ല. പശു, പട്ടി മുതലായ ജന്തുക്കൾ പ്രസവിക്കുന്നതു കാണുവാൻ നമ്മുടെ കുട്ടികൾക്കു അവസരമുണ്ടാകുമല്ലോ. അതുപോലെ തന്നെയാണു മനുഷ്യരുടെ ജനനമെന്നു പറഞ്ഞു മനസ്സിലാക്കാൻ വിഷമമമുണ്ടാകയില്ല. കുട്ടികളുടെ ചോദ്യത്തിനുത്തരം പറയുമ്പോൾ ഒരു കാര്യം പ്രധാനമായി ഓർത്തിരിക്കണം.

ഡോ. കമലം

ലോകത്തിൽ കാണുന്നതെല്ലാം കുട്ടികളുടെ ചോദ്യവിഷയങ്ങളാണു്. "അമ്മേ, മഴ പെയ്യുന്നതെങ്ങനെ? ഇടി മുഴങ്ങുന്നതെങ്ങനെ, കാർ ഓടുന്നതെങ്ങനെ........ ഇതെല്ലാം കുട്ടികളുടെ ചോദ്യങ്ങളാണു്. അപ്രകാരമുള്ള വിഷയങ്ങളിൽ ഒന്നു മാത്രമാണു ജനനം. അതു് അർഹിക്കുന്നതിൽ കൂടുതൽ പ്രാധാന്യം കൊടുത്തു മറച്ചുവെയ്ക്കുന്നതിൽ അർത്ഥവുമില്ല. ലൈംഗികകാര്യങ്ങളിൽ കുട്ടികൾക്കു വിശേഷാൽ താല്പര്യമൊന്നുമില്ല. പ്രായമുള്ളവർക്കു്—ഇതൊക്കെ അശ്ലീലമാണെന്നു വിചാരിക്കുന്നവർക്കു്—കുട്ടികളും ലൈംഗികകാര്യങ്ങളിൽ ആസക്തിയുള്ളവരാണെന്നു തോന്നിപ്പോകാം. എന്നാൽ മഴ പെയ്യുന്നതിനെപ്പററിയോ, പട്ടിയെപ്പററിയോ പൂച്ചയെപ്പററിയോ പറയുന്നതു കുട്ടികൾക്കു കൂടുതൽ രസാവഹമായിരിക്കും. അതിനിടയിൽ അസഭ്യങ്ങളെന്നോ അശ്ലീലങ്ങളെന്നോ കരുതി നാം മറച്ചുവെയ്ക്കുന്ന പ്രശ്നങ്ങളെപ്പററി നിഷ്കളങ്കരായ കുട്ടികൾ വിളിച്ചു പറയും. അതിനു പ്രത്യേകത നൽകുകയോ, അതു കേൾക്കുമ്പോൾ അസാധാരണമായി ചിരിക്കുകയോ, കുട്ടികളെ തല്ലുമെന്നു ഭീഷണിപ്പെടുത്തുകയോ ചെയ്യരുതു്. കാരണം അതു് അശ്ലീലങ്ങളാണെന്നു് ആ നിഷ്കളങ്കഹൃദയങ്ങൾക്കു അറിഞ്ഞുകൂടാ. പല പ്രശ്നങ്ങളിൽ ഒന്നായി അവർ കൊണ്ടുവരുന്ന പ്രശ്നം പല പ്രശ്നങ്ങളിൽ ഒന്നായി നാം കരുതിയാൽ മതി.

ഇനിയും ചിന്തിക്കുവാനുള്ളതു കുട്ടികളുടെ സംശയങ്ങൾക്കെല്ലാം മറുപടി പറഞ്ഞു് അവരെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുമോ എന്നുള്ളതാണു്. മഴ പെയ്യുന്നതിന്റെ കാരണം എന്താണെന്നു ചോദിച്ചാൽ, അതിന്റെ സാങ്കേതികവശം മുഴുവൻ ഗ്രഹിക്കുവാൻ ചെറിയ കുട്ടികൾക്കു കഴിവില്ല. അല്പം കൂടെ പ്രായമായാൽ അതു മനസ്സിലാക്കും. കാറോ

ത്തിന്റെ മുഴുവൻ ഭാഗവും നഷ്ടപ്പെട്ടു എന്നു തോണിക്കാരൻ പറയലും തോണി ഒഴുക്കിൽപെട്ടു മറയലും ഒന്നിച്ചു കഴിഞ്ഞു. തോണിക്കാരൻ നീന്തി മറുകര പററി. പാവം ബ്രാഹ്മണൻ! നീന്തൽ അറിയാത്തതുകൊണ്ടു പട്ടർ വെള്ളം കുടിച്ചു പള്ള വീർത്തു ചത്തു എന്നു തോണിക്കാരൻ പറഞ്ഞു. പണ്ഡിതശ്രേഷ്ഠൻ ബോട്ടപകടത്തിൽപ്പെട്ടു നിര്യാതനായി എന്നു പത്രറിപ്പോർട്ടു്—ഒക്കെ ഒന്നുതന്നെ—നീന്തൽ അറിയാത്തതുകൊണ്ടു, മററുള്ള പാണ്ഡിത്യം കൂടി ഉപ്പിലിട്ടു. അത്ര തന്നെ.

അതാണു ഞാൻ പറഞ്ഞതു നീന്തൽ പഠിക്കാത്ത ഒരാൾപോലുമുണ്ടാകരുതെന്നു്. അരുണ ബാലമണ്ഡലം മെംബർമാരിൽ വല്ലവർക്കും നീന്തൽ അറിയില്ലെങ്കിൽ ഉടനെ പഠിപ്പിക്കാൻ അമ്മയെ നിർബന്ധിക്കുക. അടുത്ത വർഷം സ്കൂൾ തുറക്കുമ്പോഴേക്കും നീന്തൽ അറിയാത്ത ഒരൊററ കുട്ടിപോലുമുണ്ടാകരുതു്.

ഇപ്പോൾ മത്സരങ്ങളുടെ കാലമാണല്ലോ. തൊട്ടതിനൊക്കെ മൽസരമാണു്. സൌന്ദര്യമൽസരത്തിനു ഒന്നാംസമ്മാനം കിട്ടിയ 18 വയസ്സായ മിസ്സ് അർമി ക്രൂസലയുടെ ചിത്രം കഴിഞ്ഞ അരുണയിൽ നിങ്ങൾ കണ്ടു. ഇക്കഴിഞ്ഞ നീന്തൽമൽസരത്തിനു ഒന്നാം സമ്മാനം നേടിയതു മിസ്സ് ഡോളി നസീർ എന്ന യുവതിയാണു്. അങ്ങിനെ പല സമ്മാനങ്ങളും നിങ്ങൾക്കും നേടാം.

The Standard Tyre Retreading Resoling & Rubber CO.,

T. B. ROAD,

KOZHIKODE.

5000 മൈൽ ഓരോ ടയറിനും ഗാരൻറീ കൊടുക്കുന്നതാണ്.

ട്ടുന്നതു് എങ്ങനെയെന്നു ചോദിച്ചാൽ കുറെ മുതിർന്നവർക്കുപോലും അതിന്റെ സാങ്കേതികവശം മനസ്സിലാകുകയില്ല. പക്ഷികൾ ആകാശത്തിൽക്കൂടി പറന്നുപോകുന്നു. മനുഷ്യർക്കു പറക്കാൻസാദ്ധ്യമല്ല. മാവുകൾ തളിരിട്ടുനിൽക്കുന്നു. പുതിയ തളിരിലകൾ എവിടെനിന്നു സംഭവിക്കുന്നു? ഇങ്ങനെ കുട്ടികളുടെ നേരെ നിരവധി പ്രശ്നങ്ങൾ തുറിച്ചുനോക്കുന്നു. അതിനെല്ലാം ഉത്തരം പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ നമുക്കു സാധിച്ചെന്നു വരില്ല. അതോർത്തു തലവേദന പിടിക്കേണ്ട ആവശ്യവുമില്ല. ചെറിയ കുട്ടികൾ ഒരേ ഒരു കാര്യത്തെപ്പററി ദീർഘനേരം ചിന്തിച്ചുകൊണ്ടിരിക്കയില്ല. അഞ്ചു മിനിററിൽ കൂടുതൽ സമയം ഒരു കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ അവർക്കു സാധിക്കുമോ എന്നു സംശയമാണു്. ഒന്നിൽനിന്നു മറെറാന്നിലേക്കു് അവരുടെ ശ്രദ്ധ പതറിക്കൊണ്ടിരിക്കും. കുട്ടികൾ ഗ്രഹിക്കാൻ കഴിവുള്ളതിൽ കൂടുതൽ ലൈംഗികകാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കാൻ പുറപ്പെടുന്നതും അബദ്ധമാണു്. വികാരപരമായ പല മാനസികവൈകൃതങ്ങൾക്കും അതു കാരണമായേക്കാം. “പിന്നെയെന്തു ചെയ്യണമെന്നാണു നിങ്ങൾ പറയുന്നതു്?” എന്നു അക്ഷമയായി ഏതൊരു മാതാവും എന്നോടു ചോദിച്ചേക്കാം. പറയാവുന്നത്രയും കാര്യങ്ങൾ പറയുകയെന്നുള്ളതാണു ശരിയായ മാർഗ്ഗം. ഒരു കാരണവശാലും കള്ളം പറയരുതു്.

അമേരിക്കയിലെ ശിശുവിദ്യാഭ്യാസസംഘം (Child studv Association of America) ഈ വിഷയത്തെ പുരസ്കരിച്ചു് ഒരു ലഘുലേഖ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. കുട്ടികൾക്കു നൽകേണ്ട ഉത്തരം എന്താണെന്നു് ആ ലഘുലേഖയിൽ വിശദമായി എഴുതിയിട്ടുണ്ടു്. അമേരിക്കയിലെ പല മാസികകളിലും Reader's Dijest എന്ന പേരിൽ ഇവിടെ പ്രചാരമുള്ള അമേരിക്കൻമാസികയിലും ഈ ലഘുലേഖയുടെ ഭാഗങ്ങൾ ഞാൻ വായിച്ചിട്ടുള്ളതായി ഓർക്കുന്നു. ആ മാസികകൾ സമുദായത്തിലെ ഉന്നതനിലവാരത്തിലുള്ള പലരും വായിച്ചുവരുന്നു. അത്തരം നല്ല മാസികകളിൽ പ്രസിദ്ധപ്പെടുത്തിയതും ഉത്തരവാദിത്വമുള്ള ഒരു ശിശുവിദ്യാഭ്യാസസംഘടന എഴുതിയതും ആയ ലഘുലേഖയുടെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതിൽ ഒരു തെറ്റുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും മലയാളത്തിൽ തർജ്ജമ ചെയ്യുമ്പോഴേക്കു അതെല്ലാം അസഭ്യമായി മുദ്രയടിക്കപ്പെടും. അതിനാൽ പത്രാധിപരെ ഓർത്തു ഞാൻ ആ ഭാഗം ഇവിടെ ഉദ്ധരിക്കുന്നില്ല.(Reader's Dijest 1951 ഓഗസ്റ്റ് ലക്കത്തിൽ 112-ാമത്തെ പേജിൽ ഈ ലഘുലേഖയുടെ ഭാഗം ചേർത്തിട്ടുണ്ടു്.

സാധാരണ കുട്ടികൾ ചോദിക്കുമ്പോൾ “അതെനിക്കറിഞ്ഞുകൂടാ” “മിണ്ടാതിരിയെടാ” “തല്ലു കൊള്ളും” മുതലായ മറുപടികളാണു ലഭിക്കാറുള്ളതു്. കുട്ടികൾ ഭയം നിമിത്തം മാതാപിതാക്കളോടു പിന്നീടു് ഈ വിഷയത്തെപ്പററി ചോദിക്കാതിരുന്നേക്കാം. എന്നാൽ അവർ സംശയങ്ങളുമായി മററുപലരെയും സമീപിക്കും. അപ്രകാരം പുറമേനിന്നു കിട്ടുന്ന ലൈംഗികമായ അറിവു പിൽക്കാലത്തു കുട്ടികൾക്കു ദോഷകരമായിത്തീർന്നേക്കാം.

വികൃതിയുടെ വിളയാട്ടം

("വേദാന്തസൂത്രത്തിന്ന വിശദീകരണം നൽകി അതിനൊരുച്ച സ്ഥാനം തത്വശാസ്ത്രത്തിൽ സ്ഥാപിച്ച ആദിശങ്കരൻ മുതൽ മിസ്റ്റിസിസക്കാട്ടിൽ ചുററിത്തിരിഞ്ഞു് ഒന്നിന്ന പകരം മറെറാന്ന പറഞ്ഞു വായനക്കാരനെ ഇന്നും കറക്കുന്ന ജി. ശങ്കരക്കുറുപ്പു വരെ"യുള്ളവരുടെ ഫലിതത്തെപ്പററി ലേഖകന്റെ അഭിപ്രായമാണ് ഈ ലേഖനത്തിലെ ഉള്ളടക്കം. പഴയകാലത്തെപ്പററിയാണ പറയുന്നതു്. മലയാള മനോരമയിലും ഭാഷാപോഷിണിയിലും മററും മുൻ കാലത്തു് എഴുതി പ്രസിദ്ധി നേടിയ പരേതനായ ശ്രീ. മാടശ്ശേരിൽ മാധവവാര്യരുടെ ഭാഗിനേയനാണ് ഈ ലേഖനത്തിന്റെ കർത്താവായ ശ്രീ. മാടശ്ശേരിൽ മാധവവാര്യർ—അദ്ദേഹം എഴുതി വരുന്ന "ഒന്നേകാൽ നൂററാണ്ടിലെ നേട്ടം" എന്ന സാഹിത്യചരിത്രഗ്രന്ഥത്തിലെ ഒരു ഭാഗമാണ് ലേഖനം—പത്രാധിപർ)

മാടശ്ശേരിൽ മാധവവാര്യർ

സാമാന്യജനങ്ങൾക്ക് ഏറെ വിഷമം കൂടാതെ വായിച്ചു മനസ്സിലാക്കാവുന്നതും ഓർത്തു ചിന്തിക്കാവുന്നതും ആയ ഒരു വിഭാഗമാണ വിനോദസാഹിത്യം. പ്രകൃത്യാ തന്നെ മലയാളി സരസനാണ്. നോക്കിലും വാക്കിലും ചാക്കിലും ഈ ഗുണം എന്നും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഈ സ്വഭാവക്കാർ പോഷിപ്പിച്ച സാഹിത്യത്തിലും ലാളിത്യവും മാധുര്യവും ഏറെ ഉണ്ടു താനും. എന്നാൽ മലയാളിയുടെ വിനോദത്തിനും ചില പ്രത്യേകതകൾ ഉണ്ട്. കടുത്ത ശൃംഗാരവും മൂർച്ചയേറിയ ഫലിതവും കൊണ്ട് അയാൾ ആദ്യം മുതൽ പെരുമാറി. വേദാന്ത സൂത്രത്തിന്ന വിശദീകരണം നൽകി അതിനൊരു ഉച്ചസ്ഥാനം തത്വശാസ്ത്രത്തിൽ സ്ഥാപിച്ച ആദിശങ്കരൻ മുതൽ മിസ്റ്റിസിസക്കാട്ടിൽ ചുററിത്തിരിഞ്ഞ് ഒന്നിന്ന പകരം മറെറാന്ന പറഞ്ഞു വായനക്കാരനെ ഇന്നും കറക്കുന്ന ജി. ശങ്കരക്കുറുപ്പുവരെ, ഈ പാരമ്പര്യത്തിൽ വളർന്നവരാണ്. എപ്പോഴാണ സരസ്വതിയും വികടസരസ്വതിയും മാറിമാറി ഇവരെ ആലിംഗനം ചെയ്യുന്നതെന്ന വേർതിരിച്ചറിയുവാൻ പ്രയാസം. പ്രകൃതിയും വികൃതിയും ഒരുപോലെ സമ്മേളിച്ച ഒരു ശയ്യയിൽ നിന്ന ജനിച്ച സന്താനമാണ മലയാളിയുടെ സാഹിത്യം. അതിന്റെ പ്രത്യേക ഗുണമാണ മുൻ പറഞ്ഞതു രണ്ടും, ഒരു കാലത്തെ പുരോഗമന സാഹിത്യകാരന്മാർ ആവേശപൂർവ്വം വാഴ്ത്തിയ ഇഡിപ്പസ് കാമ്പ്ളക്സ് (മൃഗധർമ്മം, മകൻ പിതാവിനെ ഹനിച്ചിട്ട മാതാവിനെ സ്വീകരിക്കാൻ തയ്യാറാകുന്ന നടപടി) എന്ന വികൃതികൊണ്ടു ചെപ്പും പന്തും കളിച്ചാണ് ആദിശങ്കരാചാര്യർ സ്വപ്നവും, മായയും ബോധവും, ജാഗ്രത്തും സുഷുപ്തിയും തമ്മിലുള്ള ബന്ധം വ്യാഖ്യാനിക്കുന്നതു്. ബീടിക്കാരിയും, അതു ഏറെ ചിലവില്ലാതെ കത്തിക്കാൻ വേണ്ടി കടയിൽ കത്തിച്ചിട്ട കയറുകഷണവും, കൊണ്ടാണ് ഒരേ തീയെയന്ന മിസ്റ്റിക്ക്, അല്ലെങ്കിൽ സിംബോളിക്ക കവിതയ്ക്കു ജി. ശങ്കരക്കുറുപ്പു നീറാം കാച്ചുന്നതു്. രണ്ടുവേളി കഴിച്ചും ഒരു സംബന്ധം ചെയ്തും ഗൃഹസ്ഥാശ്രമത്തിൽ ഉള്ള വാരക്കി തീർത്ത ശിവന മൂന്നാംവേളിയായി തന്റെ കവിതയാകുന്ന ഉടുത്തൊരുങ്ങിയ സുന്ദരിക്കുട്ടിയെ അടിയറവെക്കുവാൻ കെല്പുള്ള ശങ്കരൻനമ്പൂരിക്ക് (ആദിശങ്കരാചാര്യർക്ക) മടിയില്ലെങ്കിൽ, ശിവാനന്ദലഹരിയിലെ ഈ പദ്യം ചൊല്ലി ശീലിച്ച ശങ്കരക്കുറുപ്പിന ജീവിതം ഒരു അന്തർജ്ജനമാണെന്നും മരണം ഏറെ വേളികഴിച്ചും പലയിടത്തും സംബന്ധം ചെയ്തും കഴിയുന്ന ഒരു ആഢ്യൻ നമ്പൂരിയാണെന്നും, ഭർത്താവിന്റെ ഇല്ലത്തേക്കുള്ള യാത്രയാണ് മരണമെന്നും സരസമായി 'എന്റെ വേളി'യിൽ ചിത്രീകരിക്കാൻ എന്തിന്ന മടിക്കുന്നു? ഇവരെ ഇങ്ങനെ ഗംഭീരകാര്യങ്ങൾ പറയുമ്പോൾ വികടസരസ്വതി അനുഗ്രഹിച്ചിട്ടുണ്ടെങ്കിൽ മാറുള്ളവരെ, പ്രത്യേകിച്ചു

വസ്ത്രങ്ങൾക്കു ശുഭ്രതയും ഉറപ്പും നിലനിർത്തുന്നതിനു

315 (Regd)

സ്പെഷ്യൽ സോപ്പ് ഉപയോഗിക്കുക.

അനുകരണനമ്പറുകൾ സൂക്ഷിക്കുക.

പുതിയാറ സോപ്പ് വർക്ക്സ്, പുതിയാറ

യാതൊരു നിയമത്തിനും കീഴ്‌വഴങ്ങാത്തതും, ഹ്‌ളാദൈകമയിയും, സ്വാതന്ത്ര്യവും ആയ കവിതാദേവിയെ ആരാധിച്ച മറ്റു കേരളീയരുടെ കഥ പറയണമോ? അദ്ദേഹത്തെ നല്ല മലയാളശ്ലോകങ്ങളെഴുതിയ തോലൻ പിൽക്കാലത്തു പടർന്നു പന്തലിച്ച പാരഡി (വികൃതി, പ്രകൃതി) എഴുത്തുകാരുടെ വല്യ വല്യ വല്യപ്പൂപ്പനായിരുന്നു. അദ്ദേഹം സംസ്കൃതനാടകങ്ങൾ അഭിനയയോഗ്യമാക്കിത്തീർക്കാൻ വേണ്ടി അതിലെ ശ്ലോകങ്ങൾക്കു മികതിനും മലയാളത്തിൽ പ്രതികൃതികൾ രചിച്ചു. അദ്ദേഹം ലാളിച്ച ചാക്കിയെ 'അനന്തപോക്കിയും, കയിലൊത്ത പാട്ടിയും, തേനൊത്ത വാക്കിയും' രസികത്തിയുമാക്കിത്തീർത്തു. കൂടിയാട്ടവും, യാത്രകളിയും, ഈ പ്രസ്ഥാനത്തെ ഏറെ വളർത്തി. യാത്രകളി കണ്ടിട്ടുള്ളവർക്കു അതിലെ ദുഷ്‌പ്രഭുവായി സങ്കല്പിക്കപ്പെടുന്ന ഇട്ടിക്കണ്ടപ്പന്റെ ഭരണപാടവവും, എം. ഗോവിന്ദന്റെ റാണിയുടെ പട്ടിയും, ഈ. വി. യുടെ കമലവേണിയുടെ കത്തും, കൂടി തട്ടിച്ചുനോക്കി, നാട്ടുമുടിച്ച മാടമ്പിയുടെ ചിത്രത്തിനാണ് കട്ടത്ത ചായം കൂടുതൽ ഉപയോഗിച്ചിട്ടുള്ളതെന്നു മനസ്സിലാക്കാൻ കഴിയും. ചാക്യാന്മാരുടെ വാക്കിന്റെ മാധുര്യംകൊണ്ടു, കൈചൂണ്ടി സദസ്യരായിരിക്കുന്ന മഹാബ്രാഹ്മണരെയും, മഹാരാജാക്കന്മാരെയും, എന്നുവേണ്ട സകലരെയും സകലത്തിനെയും തൊലിയുരിക്കുന്നവിധം പരിഹസിക്കുന്നതു മറുപടി പറയാതെ കേട്ടു രസിക്കുവാനും സഹിക്കുവാനും മലയാളിയ്ക്കു സാധിച്ചു. സരസനായ ചെറുശ്ശേരിയും ശംഭീരനായ എഴുത്തച്ഛനും ഈ വിധത്തിൽ ഏറെ പയറ്റിനോക്കിയവരാണ്. ഗർഭിണിയുടെ മുലയുടെ മുഖം കറുക്കുന്നതു അർഭകനുണ്ടായാൽ പിന്നെ ഭർത്താവിനു തങ്ങളോടു സ്നേഹം കുറയുമെന്നുള്ളതുകൊണ്ടാണെന്നു കണ്ടുപിടുത്തവും, ഭീമനും ദുര്യോധനനും തമ്മിൽ കൊന്നാലും ഒടുങ്ങാത്ത വൈരത്തോടെ ഗദകൊണ്ടു അങ്ങോട്ടും ഇങ്ങോട്ടും 'കൊണ്ടും കൊടുത്തും കളിച്ചു നരന്മാർക്കു ചാർച്ച ഉണ്ടായ്‌വരുന്നതു ചേർച്ചയാണെന്നും' പറയാനും കൃഷ്ണനെകൊണ്ടു പറയിയ്ക്കുവാനും കേരളത്തിൽ ജനിച്ച് ഈ പാരമ്പര്യത്തിൽ വളർന്ന കവികൾക്കേ സാധിക്കൂ.

ഈ ഗുണങ്ങളെല്ലാംകൂടി തട്ടിയുരുട്ടിയ തക്കിടിമുണ്ടനായിരുന്നു കുഞ്ചൻനമ്പിയാർ. അദ്ദേഹം വികടകവിയോ സുകവിയോ എന്ന തർക്കം തീർക്കാൻ പ്രയാസമാണെങ്കിലും പഞ്ചമഹാകവികളുടെ പരിചരണംകൊണ്ടു നെഞ്ചുതണുത്ത കേരളസാഹിത്യമാകുന്ന പാഞ്ചാലരാജതനയയുടെ പ്രാണനിൽപ്രാണനായ ജഗൽപ്രാണനന്ദനൻ (ഭീമസേനൻ) ആയിരുന്നു. വിനോദത്തിന്റെ പിരിവുകളായ നർമ്മം, ഫലിതം, ഹാസം, പരിഹാസം, വികൃതമായ വർണ്ണന, ഊതിവീർപ്പിച്ച ചിത്രീകരണം, ശോഷിപ്പിച്ച നിസ്സാരമായ ആക്ഷേപം ഇതെല്ലാം അദ്ദേഹത്തിനു ഏറെ വശവും ആയിരുന്നു. അതെല്ലാം എവിടെയും, തോട്ടിയുടെ വേദന സഹിക്കാത്ത ആ കാട്ടാന പ്രയോഗിക്കയും ചെയ്തു. മലയാളഭാഷയെ സ്വാതന്ത്ര്യമാക്കി മണിപ്രവാളക്കൂട്ടിൽനിന്നു കൂടു തല്ലിപ്പൊളിച്ചിറക്കിക്കൊണ്ടുവന്നു, തന്റെ കൂടെ തിരികെ മലയാളക്കാട്ടിൽ കൊണ്ടുപോയി ആ മദകരി മലയാളകരിണിയെ ഏറെ രസിപ്പിച്ചു. മലയാളഭാഷയാകുന്ന ഗന്ധദ്വിപപ്രൗഢമന്ദസഞ്ചാരിണിയെ കൈമെയ് മറന്നു പുണർന്ന ഗന്ധവാഹാത്മജനാണ് നമ്പിയാർ. അദ്ദേഹം അണിയിച്ച കല്യാണസൗഗന്ധികം സുകൃതിയായാലും വികൃതിയായാലും ഏറെ നന്ന്. അദ്ദേഹം നടത്തിയ 'ഘോഷയാത്ര' മലയാളത്തിന്റെ 'ഘോഷയാത്ര'യാണ്. അദ്ദേഹത്തിന്റെ 'സഭാപ്രവേശം' മലയാളകവിതയുടെ സഭാപ്രവേശമാണ്. ത്രിപുരദഹനം ദുഷ്കവികളുടെ ദഹനമാണ്. നമ്പിയാർ മലയാളത്തിന്റെ കവി മാത്രമല്ല വികടകവിത ഏറെ ആദ്യംമുതൽ താലോലിച്ച മലയാളത്തിന്റെ വികൃതിച്ചെക്കൻകൂടിയാണ്.

ചെറുകഥ

വെള്ളബ്ളൗസ്

"അമ്മേ വെള്ളയാഴ്ചയാണു സ്വാതന്ത്ര്യദിനത്തിന്റെ വാർഷികം. ഞങ്ങളോടെല്ലാവരോടും അന്നു വെള്ള ബ്ളൗസ്സ് ഇട്ടുചെല്ലുവാൻ ടീച്ചർ പറഞ്ഞിരിക്കുന്നു." സ്ക്കൂൾ വിട്ട ഉടനെ കമലം ഓടിവന്നു പറഞ്ഞു.

ദേവകിയമ്മ റേഷനരിയിലെ കല്ലു പെറുക്കുകയാണ്. അവർ മുറത്തിൽ നിന്നും കണ്ണെടുക്കാതെ ചോദിച്ചു. "നിനക്കു വെള്ള ബ്ളൗസ്സില്ലേ?" അതെന്താ, കഴിഞ്ഞ ഓണത്തിനു തുന്നിച്ചതു കീറിപ്പോയതു് അമ്മ കണ്ടിട്ടില്ലേ. കമലം ഓർമ്മപ്പെടുത്തി. ഉൽസവത്തിനു തുന്നിച്ചതോ? അമ്മ വിട്ടില്ല—അതു മഞ്ഞയല്ലേ അമ്മേ, ഈ അമ്മയ്ക്കൊന്നും ഓർമ്മയില്ല. കമലം മുഖം ചുളിച്ചു. ഓ. ശരി. എന്നാൽ പിന്നെ നീ ഏതാണ് ഇടുന്നതു്. ദേവകിയമ്മക്കുൽക്കണ്ഠയായി. "ഒന്നു തുന്നിച്ചു തരണമേ" കമലം ആവശ്യപ്പെട്ടു.

ദേവകിയമ്മ ഒരു വിധവയാണ്. 1931-ൽ ഡിസ്ട്രിക്ട്ബോർഡിൽ തനിക്കുണ്ടായിരുന്ന ഉദ്യോഗം രാജി വെച്ചു നിസ്സഹകരണസമരത്തിൽ പങ്കെടുത്ത ഭർത്താവ് പോലീസിന്റെ അടികൊണ്ടു ക്ഷയരോഗബാധിതനായി ജയിലിൽ നിന്നും പുറത്തു വന്നശേഷം വളരെ കഷ്ടപ്പെട്ടു മരിച്ചിട്ടു കൊല്ലം എട്ടായി. അങ്ങനെ കോൺഗ്രസ്സിന്റെ മററു സമരങ്ങളിൽ പങ്കുകൊള്ളാൻ ഗോവിന്ദനു സാധിച്ചില്ല. തന്റെ ദയനീയാവസ്ഥയിൽ കമ്മിററിയുടെ ധനസഹായം പ്രതീക്ഷിച്ചുകൊണ്ടിരിക്കെയാണ് അദ്ദേഹം മരിച്ചതു്. മരിക്കുമ്പോൾ മൂത്തമകൻ കൃഷ്ണനു 16 വയസ്സും മകൾ കമലക്കു ആറു വയസ്സും പ്രായമായിരുന്നു. ദേവകിയമ്മയേയും, മക്കളേയും സഹായിക്കാൻ വേറെ അടുത്ത കുടുംബക്കാരോ, അകന്ന കുടുംബക്കാരോ ആരും ഉണ്ടായിരുന്നില്ല. യുദ്ധമാണ് അവരെ സഹായിച്ചതു്. കൃഷ്ണൻ പട്ടാളത്തിൽ ചേർന്നു—അവൻ അയച്ചിരുന്ന പണംകൊണ്ടു് ആ കുടുംബം ഒരു വിധത്തിൽ ജീവിച്ചു. ഇന്നു കൃഷ്ണൻ കാശ്മീരിൽ ഇൻഡ്യൻ പട്ടാളത്തിൽ ഒരു ഓഫീസ്സറാണ്.

ജെ. ഹേമലത

കമലത്തിന്റെ ഒടുവിലത്തെ അപേക്ഷ അവളുടെ അമ്മയുടെ നയനങ്ങൾ മുറത്തിൽ നിന്നും തിരിപ്പിച്ചു് "എങ്ങനെ തുന്നിക്കാനാ മോളേ—ഞായറാഴ്ച അരി വാങ്ങാനുള്ള പണം മാത്രമല്ലേ അമ്മേടെ കയ്യിലുള്ളു. അതും നിന്റെ ബ്ളൗസ്സിനു തികയുമോ?" ദേവകിയമ്മ തന്റെ നിസ്സഹായത തുറന്നു കാട്ടി.

ഇതുകേട്ടു കമലം ഒന്നും മിണ്ടാതെ അകത്തേയ്ക്കു കടന്നു പോയി. ദേവകിയമ്മയുടെ കണ്ണിൽ നിന്നും ഒരു തുള്ളി അശ്രു മുറത്തിലേക്കു് അടർന്നു വീണതു കമലം കണ്ടില്ല. അവൾ നേരെ പോയി തനിക്കുള്ള മൂന്നു നാലു ബ്ളൗസ്സുകളിൽ ഏതാണ് ഏററവും മങ്ങിയനിറമുള്ളതെന്നു പരിശോധിക്കയാണ്. അവൾക്കു തൃപ്തി വന്നില്ലെങ്കിലും, ആ മഞ്ഞ ബ്ളൗസ്സു തിരിച്ചും, മറിച്ചും തന്റെ ശരീരത്തിൽ വെച്ചും നോക്കിയ ശേഷം ഇതു മതിയാകും എന്നവൾ തീരുമാനിച്ചു,

പക്ഷെ ദേവകിയമ്മയ്ക്കുണ്ടോ സമാധാനമാകുന്നു. ഉറങ്ങാൻ കിടന്നപ്പോഴും, കമലത്തിന്റെ അപേക്ഷ അവരുടെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. തന്റെ മകൾ മാത്രം, വെള്ള ബ്ളൗസ്സിടാതെ സ്ക്കൂളിൽ ചെന്നാൽ മററു കുട്ടികൾ അവളെ പരിഹസിക്കില്ലേ—ആ മാതൃഹൃദയത്തിൽ സൂചി കുത്തുമ്പോലുള്ള ഒരു വേദന—അവർ പല വഴികളും ചിന്തിച്ചു. പണയം വെക്കാമെന്നു വെച്ചാൽ പണ്ടങ്ങളൊന്നുമില്ല. മകന്റെ പണം വരാൻ ദിവസങ്ങൾ കുറെ ഇനിയും കഴിയണം: രാത്രിയുടെ മണിക്കൂറുകൾ ആ മാതൃഹൃദയത്തിൽ നിന്നുയർന്ന കടുംനിശ്വാസങ്ങളാൽ കുറിക്കപ്പെട്ടു. കമലം ഉറങ്ങുകയാണ്. സ്വാതന്ത്ര്യദിനത്തിൽ വെള്ള ബ്ളൗസ്സ് ധരിക്കുക എന്നതു, തനിക്കു പലപ്പോഴും സാധിക്കാതെ പോയ കാര്യങ്ങളുടെ പട്ടികയിൽ ഒരിനം കൂടി ആക്കിച്ചേർത്തു്, സുഖനിദ്ര കൊള്ളുകയാണാ കൊച്ചുഹൃദയം.

ദേവകിയമ്മക്കു പെട്ടെന്നൊരു യുക്തി തോന്നി. മെല്ലെ എഴുന്നേററു—പെട്ടി തുറന്നു അതിന്റെ ഏററവും അടിയിൽ വെച്ചിരുന്ന ഒരു വെള്ള പട്ടുസാരി എടുത്തു നിവർത്തി—തന്റെ വിവാഹദിവസം ഉടുത്ത സാരി—ഭർത്താവിന്റെ മരണശേഷം—എടുക്കാതെ വെച്ച ആ സാരി—അ

രെ തന്റെ മൃതദേഹത്തെ ഉടുപ്പിക്കേണമെന്നു മക്കളെ ശട്ടം ചെയ്തിരുന്ന ആ വെള്ള സാരി—പല വിധ ചിന്തകളും വന്നു മനസ്സിനെ തടയുന്നതിനു മുമ്പ് ആ വനിത എടുത്തു നിവർത്തി. ശവശരീരത്തിനുള്ള സാരി അളവിലല്പം കുറഞ്ഞാലെന്താ—അവളതു മുറിക്കാൻ തന്നെ തീരുമാനിച്ചു.

കൊല്ലങ്ങൾ കൊണ്ടു പഴയതാണെങ്കിലും ഉപയോഗം കൊണ്ടു പുതിയതു തന്നെയായിരുന്നു അതു്. ആ സാരിയിൽ നിന്നു മകൾക്ക് ഒരു ബ്ലൗസ്സിന്നു വേണ്ടുന്ന ഏകദേശം അളവിൽ മുറിക്കാൻ ഭാവിക്കുമ്പോഴേക്കും അമ്മേ! എന്നു വിളി കേട്ടു് ദേവകിയമ്മ തിരിഞ്ഞു നോക്കി—കമലം പിന്നിൽ നിൽക്കുകയാണു്. അമ്മ എന്താണു ചെയ്യുന്നതു്. കമലം ആവർത്തിച്ചു—ലജ്ജയോടു കൂടി ദേവകിയമ്മ പുഞ്ചിരിച്ചുകൊണ്ടു മകളോടു കാര്യം പറഞ്ഞു.

“അമ്മെ ആ സാരി എന്തിനാണു മുറിച്ചു ചീത്തയാക്കുന്നതു്? സ്വാതന്ത്ര്യദിനത്തിൽ ബ്ലൗസ്സും പാവാടയും തന്നെ വേണമെന്നില്ല. ചേലയായാലും മതി. എനിക്ക് അമ്മയുടെ മംഗലച്ചേല ഉടുത്തു കൂടെ?” കമലം കൊഞ്ചി—“ശരിയാണു് മോളെ—ഞാനതു് ഓർത്തില്ല”—സ്വാതന്ത്ര്യദിനാഘോഷത്തിൽ കമലം ഉടുത്ത ചേല കണ്ടു സഹപാഠികൾ അത്ഭുതപ്പെട്ടു. അഥവാ അസൂയപ്പെട്ടു. വെള്ളവസ്ത്രം ധരിക്കാതിരുന്ന പെൺകുട്ടികളെ കളിയാക്കുന്ന കൂട്ടത്തിൽ കമലം പങ്കുകൊണ്ടില്ല.

—

നമ്പീശൻസ്
ദ്രാക്ഷാമൃതം

നമ്പീശൻസ്
ദേശീയവൈദ്യശാല
ചാലപ്പുറം, കോഴിക്കോട്.

(മാങ്കാവിൽ ഒരു ബ്രാഞ്ച് ആരംഭിച്ചിട്ടുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.)

അടുക്കളയിൽ

ഇറച്ചി മിൻസ്

ഇറച്ചി —ഒരു റാത്തൽ
ബോംബേ ഉള്ളി കാൽ റാത്തൽ
നെയ്യ് ഒരു മേശക്കരണ്ടി.
ഇറച്ചി മസ്സാല ലേശം.
ഇഞ്ചി, പച്ചമുളകു് കറിവേപ്പില ഇവ കുറേശ്ശെ.

തക്കാളിസോസ് ഒരു മേശക്കരണ്ടി. ഇറച്ചി വെന്ത വെള്ളം (Stock) ഒരു കോപ്പ. പുഴുങ്ങിയ മുട്ട ഒന്നു്. ഉരുളക്കിഴങ്ങ് അരറാത്തൽ.

മാർഗ്ഗം—

ഇറച്ചി പച്ചയോടെ കൊത്തിയരിയുക. ഇഞ്ചി; പച്ചമുളകു്, സവാള ഇവ ചെറുതായരിഞ്ഞു് വയ്ക്കണം. ഉരുളക്കിഴങ്ങു പുഴുങ്ങി തൊലികളഞ്ഞു് പൊടിച്ചുവച്ചശേഷം അരിഞ്ഞുവച്ചിരിക്കുന്ന ഉള്ളിയിൽ ഒരു മേശക്കരണ്ടി എടുത്തു മൂപ്പിക്കുക. ഒരുവിധം ചുവന്നുതുടങ്ങുമ്പോൾ കൊത്തിയരിഞ്ഞുവച്ചിരിക്കുന്ന ഇറച്ചിയും ഇഞ്ചി പച്ചമുളകു് ബാക്കിയുള്ള ഉള്ളി ഇവയെല്ലാം കൂടെയിട്ടു് ഇളക്കണം. ഉപ്പും ഇറച്ചിമസ്സാലയും സോസ്സും ചേർത്തു് രണ്ടുമിനിററു നേരം കഴിഞ്ഞു് ഇറച്ചി വെന്ത വെള്ളവും ഒഴിച്ചു് കുറച്ചുനേരം അടച്ചു വേവിക്കുക. വെന്തുകഴിഞ്ഞു് പററാൻതാമസമുണ്ടെങ്കിൽ ലേശം പൊടികലക്കിചേർത്തു് കുറുക്കിയെടുക്കണം.

മേശപ്പുറത്തു വയ്ക്കേണ്ട പാത്രം തന്നെയെടുത്തു് അതിന്റെ ചുററും ഉരുളക്കിഴങ്ങു പുഴുങ്ങി പൊടിച്ചതും അരികിലായി ഒരേ വീതിയിൽ നിരത്തിയശേഷം അതിനുള്ളിൽ ഇറച്ചിമിൻസും നിരത്തി നിറച്ചശേഷം ഒത്ത നടുവിലായി പുഴുങ്ങിയ മുട്ട നടുവേ മുറിച്ചതിന്റെ ഒരു മുറി മലർത്തി (പൂവപ്പും കരു മുകളിലായി) വയ്ക്കുക. മറേറ മുറി നാലഞ്ചായി മുറിച്ചു് ഇറച്ചിമിൻസിൽ അങ്ങിങ്ങായി വിതറണം.

ററൊമാററൊ സോസ്സ്.

തക്കാളി അര റാത്തൽ നാരങ്ങാനീരു് ഒരു ചായക്കരണ്ടി. വിനാഗിരി (ചൊറുക്കാ) ഒരു മേശക്കരണ്ടി. ഉപ്പ്.

മാർഗ്ഗം.—

തക്കാളിക്കായുടെ പുറംതൊലികളഞ്ഞു് മൂന്നായി കഷണിച്ചു് ലേശം വെള്ളമൊഴിച്ചു തിളപ്പിച്ചു് വേവിക്കുക. വിനാഗിരിയും ഉപ്പും നാരങ്ങാനീരും ചേർത്തു് നല്ലതുപോലെ ഇളക്കി വാങ്ങുക. സോസ്സ് അധികം കുറുകിയാണിരിക്കുന്നതെങ്കിൽ ലേശം വിനാഗിരിയും കൂടെ ചേർത്തു നീട്ടുക.

പുതുവൽസരത്തിന്റെ പൊൻപുലരിയിൽ കേരളക്കരയിലെ പ്രമുഖ
കേന്ദ്രങ്ങളിൽ പ്രദർശനമാരംഭിക്കുന്നു.

1128 ചിങ്ങം 2 ാംനു- (ആഗസ്റ്റ് 17) മുതൽ

കോട്ടയം	—	സ്റ്റാർ	പാലക്കാട്	—	ന്യൂതീയററർ
കൊല്ലം	—	എസ്.എം.പി.	കണ്ണൂർ	—	ജവഹർ
തിരുവനന്തപുരം	—	ശ്രീകുമാർ	കോഴിക്കോട്	—	ക്രൌൺ
നാഗർകോവിൽ	—	പയനിയർ	ആലപ്പുഴ	—	?
എറണാകുളം	—	ലക്ഷ്മൺ	കടയ്ക്കാവൂർ	—	ലക്ഷ്മി
തൃശ്ശൂർ	—	ജോസ്	കാരേട്	—	ആർ. കെ. വി.

നീലാപ്രൊഡക്ഷൻസ്

★ ആത്മസഖി ★

[മലയാളം & തമിഴ്]

ബി. എസ്. സരോജ, കുമാരി തങ്കം, പങ്കജവല്ലി, കുമാരി, ലക്ഷ്മി, സത്യൻ, വീരൻ, കെ. പി. കൊട്ടാരക്കര, എം. എൻ. നമ്പ്യാർ, മുതുകുളം മുത്തയ്യാ, നാണുക്കുട്ടൻ മുതലായവർ അഭിനയിച്ചതു്.

ഗാനരചന:
തിരുനയിനാർകുറിച്ചി
(മലയാളം)
കമ്പദാസൻ
(തമിഴ്)

പിന്നണിസംഗീതം:
ട്രിച്ചി ലോകനാഥൻ, ഘണ്ഡശാല, പി. ലീല, ജിക്കി, മോത്തി.

ഡയറക്ഷൻ:
ജി. ആർ. റാവു

ജീവിതസുഖം നിറഞ്ഞ മണിമാളിക — ജീവിതവേദനകൾ നിറഞ്ഞ ചെറ്റക്കുടിൽ — ഇതുകൾ തമ്മിൽ എന്തൊരന്തരം? അകന്നുനില്ക്കുന്ന അഭിന്നിപ്പിലാണ് അലിഞ്ഞുചേർന്ന ഒന്നിപ്പു നാം കാണുന്നതു്. എന്തൊരാശ്ചര്യം? അതിൽനിന്നാണ് ആദർശസമ്പന്നമായ **ആത്മസഖി** ഉടലെടുത്തിരിക്കുന്നതു്.

TRIVANDRUM CINE FILM DISTRIBUTORS RELEASE.

Regd. No. M. 55

ARUNA

Monthly Home Journal in Malayalam.

മാവേലിത്തമ്പുരാൻ മലനാട്ടിലേക്കെഴുന്നെള്ളുന്ന തിരുവോണത്തിരുനാളുകളിൽ
മലയാളക്കരയിലെ ചലച്ചിത്രമണ്ഡലത്തിലേക്ക്

കെ. & കെ. തിരുമുൽക്കാഴ്ചവയ്ക്കുന്ന കമനീയ കലാസൃഷ്ടി

വിശപ്പിന്റെ വിളി

(മലയാളം)

നടീനടന്മാർ

തിക്കുറിശ്ശി, പ്രേംനസ്സീർ,
തങ്കം, പങ്കജവല്ലി,
എസ്സ്. പി., നാണുക്കുട്ടൻ,
മാത്തപ്പൻ, വാണക്കുററി,
പങ്കജം, കാലായ്ക്കൽ,
ഗിരിജ,
അംബികാതങ്കച്ചി.

ഡയറക്ഷൻ:- മോഹൻറാവു
ഗാനങ്ങൾ:- അഭയദേവ്

സംഗീതസംവിധാനം:-
പി. എസ്സ്. ദിവാകർ

ഡാൻസ് ഡയറക്ഷൻ
ഗോപിനാഥ് & രാമുണ്ണി

പിന്നണിഗാനങ്ങൾ: ലീല, ജിക്കി, രേവമ്മ, രാജാ, പ്രസാദറാവു

നർത്തകികൾ: സി. ആർ. രാജകുമാരി, മാധുരിദേവി, രമണി ഗോപാൽ

സ്റ്റുഡിയോ: ഉദയാ. കഥ: കെ. & കെ

നാട്യനാടകങ്ങൾ:- ചങ്ങമ്പുഴയുടെ മാഹാത്മ്യത്തിനു മകുടംചാർത്തിയ "രമണൻ"
കവികല്പനയിൽ കണ്ട ഓരോ കഥാപാത്രങ്ങളും സജീവ ചൈതന്യത്തോടെ പ്രത്യക്ഷപ്പെടുന്നു.
ഓരോ ഈരടികളും നിങ്ങളുടെ കർണ്ണങ്ങളിൽ അമൃതവർഷം പെയ്യും.

"സ്വർഗ്ഗവാതിൽ" സാങ്കല്പികമായ സ്വർഗ്ഗസാമ്രാജ്യം എന്ന അന്തർ നാടകം
ഈ ചിത്രത്തിന്റെ ഒരു പ്രത്യേകതയാണ്.

വരുന്നു! അടുത്ത ഡിസംബറിൽ

കെ. & കെ. യുടെ

★ അച്ഛനും മകനും ★

(മലയാളം, തമിഴ്, തെലുങ്ക്)

Distributors for Kerala:-

The Film Distributing Co., Ernakulam & Thiruvalla.

Published by Verghese Kalathil M. A., Kottayam, and Printed at The M. M. Press, Kottayam.